# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



നവംബർ 21 – അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ ഓർമദിനം

Vol. LXXIV November 2024 No. 11



പൗരോഹിത്യസ്വീകരണത്തിന്റെ സിൽവർ ജൂബിലി
ആഘോഷിക്കുന്ന ഗ്രേറ്റ് ബ്രിട്ടൺ രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്
പ്രാർത്ഥനാശംസകൾ



**നിയുക്ത കർദ്ദിനാൾ**
**അഭിവന്ദ്യ മാർ ജോർജ് കൂവക്കാട് പിതാവിന്**
**പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ**

# Golden Jubilee Greetings



**Rev. Fr. POOVATHINKAL JOSEPH**
18-12-1974



**Rev. Fr. EDAYODIYIL GEORGE**
19-12-1974



**Rev. Fr. PUTHIYAPARAMPIL GEORGE**
19-12-1974



**Rev. Fr. VARICKAMAKAL EMMANUAL**
24-12-1974



**Rev. Fr. OLICKAL THOMAS**
09-04-1975



**Rev.Fr. SAURIAMKUZHY GEORGE**
10-04-1975

# Silver Jubilee Greetings



**Rev.Fr. KACHIRAMATTAM AUGUSTINE**
01-01-2000



**Rev. Fr. KANIAMPADICKAL SEBASTIAN**
01-01-2000



**Rev. Fr. MUNDACKAL JOSEPH**
01-01-2000



**Rev. Fr. PEEDIKAYIL MATHEW**
01-01-2000



**Fr. THONDAMKULAM ZACHARIAS**
01-01-2000

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**NOVEMBER 2024**
**Vol. LXXIV No. 11**

# CONTENTS

സർക്കുലർ 330 .......... 815

ലേഖനം .......... 822

ലേഖനം .......... 828

ലേഖനം .......... 832

അറിയിപ്പ് .......... 839

Wayanad Relief Fund .......... 841

വാർത്തകൾ .......... 848

ആദരാഞ്ജലികൾ .......... 880

അഭിവന്ദ്യപിതാവിന്റെ ഡയറി .......... 885

ഇടയലേഖനം - 81

# വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ദളിത് വിമോചനത്തിനു വഴികാട്ടി

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

നമ്മുടെ രാജ്യത്തു നിലനിന്നിരുന്ന ചാതുർവർണ്യ സമൂഹവ്യവസ്ഥയുടെ കൊടിയ പീഡനങ്ങൾ കാലങ്ങളായി അനുഭവിക്കുന്നവരാണ് ദളിത്സഹോദരങ്ങൾ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവർ പാർശ്വവത്കരിക്കപ്പെടുകയും സാമൂഹികമായി തഴയപ്പെടുകയും രാഷ്ട്രീയമായി കീഴടക്കപ്പെടുകയും സാമ്പത്തികമായി ചൂഷണം ചെയ്യപ്പെടുകയും ചെയ്തു. പ്രബലജാതികളും വർഗങ്ങളും ദളിത്വിഭാഗത്തിനു വിദ്യാഭ്യാസാവകാശങ്ങൾപോലും നിഷേധിച്ചു. പരമ്പരാഗത സാമൂഹികപശ്ചാത്തലത്തിൽ ദളിത്പദവി പലപ്പോഴും തൊഴിലുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവർ മുഖ്യമായും കൈവേലക്കാരായി ജോലി ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ സമൂഹജീവിതത്തിന്റെ മുഖ്യധാരകളിൽനിന്ന് അവർ തഴയപ്പെട്ടു. രണ്ടാംതരം പൗരന്മാരായി പരിഗണിക്കപ്പെട്ടു. തത്ഫലമായി എല്ലാ മേഖലകളിലും അവരുടെ ജീവിതം പരിതാപകരമാവുകയും കൊടിയ യാതനകൾക്കും വിവേചനങ്ങൾക്കും അവർ വിധേയരാവുകയും ചെയ്തു.

അധഃസ്ഥിതജനങ്ങളുടെ നിസ്സഹായാവസ്ഥയിൽ മനം നൊന്ത് ദളിത് വംശത്തിന്റെ സമുന്നതനായ നേതാവ് ബാബാ സാഹിബ് അംബേദ്കർ നൽകിയ നിവേദനങ്ങളുടെ ഫലമായി ബ്രിട്ടീഷ് രാജ്ഞിയുടെ നിർദേശത്താൽ ചിതറിക്കിടക്കുന്ന ജനസമൂഹങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും അവരുടെ ജീവിതപുരോഗതി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അവകാശങ്ങളും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചുകൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യ ആക്ട് പ്രകാരം 1935-ൽ പട്ടികജാതി-പട്ടിക വർഗം എന്ന വിഭാഗം രൂപീകൃതമായി. എന്നാൽ, ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ 1950 മുതൽ ദളിത് ക്രൈസ്തവർക്കു പട്ടികജാതിസംവരണം നിഷേധിക്കപ്പെട്ടു. ഇന്ത്യയുടെ പ്രഥമ പ്രസിഡന്റായിരുന്ന ഡോ. രാജേന്ദ്രപ്രസാദിന്റെ പ്രത്യേക ഉത്തരവുപ്രകാരം ഹിന്ദുമതവിശ്വാസികളല്ലാത്ത പട്ടികജാതിക്കാർക്കു സംവരണം നഷ്ടമായി. പിന്നീട് ശക്തമായ സമരമാർഗങ്ങളിലൂടെ 1956-ൽ സിക്കുകാർക്കും 1990-ൽ നിയോബുദ്ധിസ്റ്റുകൾക്കും സംവരണം തിരിച്ചുകിട്ടി. നിർഭാഗ്യമെന്നു പറയട്ടെ, ക്രിസ്തുമതവിശ്വാസികളായ ദളിത് ജനത്തിനുമാത്രം പട്ടികജാതിപദവി തിരിച്ചുകിട്ടിയില്ല.

പ്രസിഡൻഷ്യൽ ഓർഡർ എന്നറിയപ്പെടുന്ന 1950-ലെ ഭരണഘടനാ ഉത്തരവിന്റെ മൂന്നാം ഖണ്ഡിക ഹിന്ദുമതത്തിൽ നിന്നു വ്യത്യസ്തമായ ഒരു മതം ഏറ്റുപറയുന്ന ഒരു വ്യക്തിയെയും പട്ടികജാതിയിലെ അംഗമായി കണക്കാക്കരുതെന്നു വ്യവസ്ഥ ചെയ്യുന്നു. ഒരു പ്രത്യേക മതത്തിന് ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തി സംവരണം മുഴുവൻ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ചു. മതം, വംശം, ജാതി, ലിംഗം, ജന്മസ്ഥലം ഇവയുടെ അടിസ്ഥാനത്തിൽ ഒരു പൗരനോടും വിവേചനം കാണിക്കരുതെന്ന് ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 15-ൽ പറയുന്നു. അതുകൊണ്ട് ക്രിസ്തുമതവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ദളിത് സഹോദരങ്ങൾക്കു സംവരണം നിഷേധിക്കുന്നത് ഭരണഘടനാവിരുദ്ധമാണ്; നീതി നിഷേധമാണ്.

ഇതിനെതിരേ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. നീതി നിഷേധിക്കപ്പെട്ട ദളിത് കത്തോലിക്കരുടെ വിവിധങ്ങളായ അവകാശസമരങ്ങൾക്കു നേതൃത്വം നൽകിക്കൊണ്ട് സമുദായത്തിന്റെ സമഗ്രമായ ശക്തീകരണവും പുരോഗതിയും ലക്ഷ്യംവച്ച് 1955 ൽ സ്ഥാപിതമായ ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) സപ്തതിവർഷത്തിലൂടെ കടന്നുപോവുകയാണ്.

1950 ൽ സ്ഥാപിതമായ നമ്മുടെ രൂപത പ്ലാറ്റിനം ജൂബിലിവർഷത്തിലായിരിക്കുമ്പോൾ രൂപതയിലെ വിശ്വാസിസമൂഹത്തിന്റെ ആറിലൊന്നോളം വരുന്ന ദളിത് സഹോദരങ്ങളുടെ ന്യായമായ അവകാശസമരങ്ങളോടു പക്ഷംചേരേണ്ടതും അവരുടെ സർവതോമുഖമായ പുരോഗതിക്കുവേണ്ടി യത്നിക്കേണ്ടതും നാമെല്ലാവരുടെയും കടമയും ഉത്തരവാദിത്വവുമാണ്. ദളിത് കത്തോലിക്കാക്കൂട്ടായ്മ ശക്തിപ്പെടുത്തുന്നതോടൊപ്പം അവരെ വിദ്യാഭ്യാസപരമായും ആത്മീയമായും ഉയർത്തുന്നതിനും സാമൂഹികമായും സാമ്പത്തികമായും കരുത്തുറ്റവരാക്കുന്നതിനുമായി രൂപത ശ്രദ്ധ നൽകുന്നുണ്ട്. നമ്മുടെ സ്കൂളുകളിൽ ജോലിനിയമനത്തിൽ പത്തുശതമാനത്തിലധികം പരിഗണന ദളിത് സഹോദരങ്ങൾക്കു നൽകിയിട്ടുണ്ട്. വിവിധങ്ങളായ സ്കോളർഷിപ്പുകളിലൂടെ പഠിച്ചുമിടുക്കരായി വിദ്യാഭ്യാസരംഗത്തു മുൻനിരയിലെത്താൻ കുട്ടികൾക്കും യുവതികൾക്കും സാധിക്കുന്നുണ്ട്. രൂപതയുടെ ഹോം പാലാ പ്രോജക്ടിലൂടെയും മറ്റ് സാമൂഹികപ്രവർത്തനങ്ങളിലൂടെയും ദളിത് സഹോദരങ്ങൾക്കു വാസയോഗ്യമായ വീട് നൽകുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ഇനിയും ഈ മേഖലകളിൽ നാം മുന്നേറേണ്ടതായിട്ടുണ്ട്.

ദളിത് ശക്തീകരണത്തിനും ഉന്നമനത്തിനും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനാണ് നമ്മുടെ മാതൃകയും പ്രചോദനവും. കുഞ്ഞച്ചൻ തുടങ്ങിവച്ച ദളിത് നവോത്ഥാനം അഭംഗുരം തുടരാൻ നാമെല്ലാവരും, പ്രത്യേകിച്ച് അജപാലകർ

മുന്നിട്ടിറങ്ങണം. ഈശോയെ അനുകരിച്ച് ആടുകളെ തേടി യാത്ര ചെയ്തിരുന്ന നല്ല ഇടയനായിരുന്നു കുഞ്ഞച്ചൻ. വിസ്തൃതമായ രാമപുരം ഇടവകയുടെ അതിർത്തിക്കുള്ളിൽ മാത്രമല്ല, ദളിതർ വസിച്ചിരുന്ന സമീപപ്രദേശങ്ങളിലേക്കും അദ്ദേഹം തന്റെ പ്രേഷിതപ്രവർത്തനം വ്യാപിപ്പിച്ചു. ചില ആളുകളെ പല തവണ കണ്ടു സംസാരിക്കുമ്പോൾമാത്രമേ സത്യ വിശ്വാസത്തെപ്പറ്റി അല്പമെങ്കിലും അവർ ഗ്രഹിച്ചിരുന്നുള്ളൂ. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ പാവപ്പെട്ടവരുടെ ഭവനങ്ങളിൽ കടന്നുചെന്നാണ് സുവിശേഷം അറിയിച്ചിരുന്നത്. അതിന്റെ ഓർമപുതുക്കലുംകൂടിയായിട്ടാണ്, ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ നമ്മുടെ രൂപതയിൽ ദളിത് ഭവനസന്ദർശനം നടത്തുന്നത്. കുഞ്ഞച്ചന്റെ അജഗണങ്ങളെല്ലാം സാധുക്കളായിരുന്നു. എന്റെ മക്കൾ എന്നാണ് അദ്ദേഹം അവരെ വിളിച്ചിരുന്നത്. വിശന്നും ദാഹിച്ചും തന്റെ പക്കൽ വരുന്ന മക്കളെ ഒരിക്കലും നിരാശപ്പെടുത്തി വിട്ടിരുന്നില്ല.

സാമ്പത്തികശേഷിയുള്ള ചില ആളുകളുടെ കുടികിടപ്പുകാരായി ഒട്ടേറെ ദളിതർ രാമപുരത്തും ചുറ്റുപാടും ഉണ്ടായിരുന്നു. തങ്ങളുടെ ആശ്രിതരുടെ വീടുകളിൽ അച്ചൻ ചെല്ലുന്നത്, അവർ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ, അവിടെയും തോറ്റുപിന്മാറാൻ കുഞ്ഞച്ചൻ തയ്യാറല്ലായിരുന്നു. സമീപമുള്ള ക്രൈസ്തവരുടെ പുരയിടത്തിൽ അച്ചൻ കാത്തുനിൽക്കും. അവിടെനിന്ന് ഉപദേശിയെയോ മറ്റു സഹായികളെയോ പറഞ്ഞയച്ച് പാവപ്പെട്ട ആളുകളെ കൂട്ടിക്കൊണ്ടു വരാൻ പറയും. ഒരു കുടുംബത്തിനുവേണ്ടി എത്ര തവണ നടക്കുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല. ആത്മാക്കളെ നേടുന്നതിനുവേണ്ടി എന്തു ത്യാഗം സഹിക്കാനും അദ്ദേഹം സന്നദ്ധനായിരുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാനാണല്ലോ താനും വൈദികനായത്,

എന്ന ചിന്തയിലൂടെയാണ് കുഞ്ഞച്ചൻ, പാവപ്പെട്ട ആളുകളുടെ ഇടയിൽ പ്രേഷിതപ്രവർത്തനത്തിനു തുടക്കം കുറിച്ചത്.

തന്റെ ചുറ്റുപാടും വസിക്കുന്ന നൂറുകണക്കിനു പാവപ്പെട്ട ദളിത് കുടുംബങ്ങളെ കുഞ്ഞച്ചൻ അനുകമ്പയോടെ കണ്ടു. സ്വന്തമായി ഒരുതുണ്ടു ഭൂമിപോലും അവരിലാർക്കും ഉണ്ടായിരുന്നില്ല. മറ്റുള്ളവരുടെ സ്ഥലത്ത് ആയിരുന്നു അവരുടെ താമസം. വിദ്യാഭ്യാസം ലഭിച്ചിട്ടില്ല, എന്നുതന്നെയല്ല, വിദ്യാഭ്യാസം എന്തിനുവേണ്ടിയാണ് എന്നുപോലും അറിഞ്ഞുകൂടാത്തവരായിരുന്നു അവർ. പകലന്തിയോളം പണിയെടുത്താൽ കിട്ടുന്നത് കുറച്ചു നെല്ലുമാത്രം. അത് വീട്ടിൽ കൊണ്ടുപോയി കുത്തി അരിയാക്കി രാത്രിയിൽ കഞ്ഞിവച്ചു കുഞ്ഞുങ്ങൾക്കു നൽകും. പിറ്റേദിവസം രാവിലെ പണിസ്ഥലത്തേക്കു പോകുന്നു. കൂലികൂടുതലിനുവേണ്ടി നാവനക്കാൻ അവർക്കു ധൈര്യമില്ലായിരുന്നു. സംഘടിക്കാനോ പണിമുടക്കാനോ അവർ അശക്തരായിരുന്നു. ഈ സാധുജനതയുടെ സമഗ്ര വിമോചനത്തിനുവേണ്ടി യത്നിക്കുകയാണ് തന്റെ ദൈവവിളിയെന്ന് കുഞ്ഞച്ചനു മനസ്സിലായി.

വളരെ ക്ലേശം നിറഞ്ഞ പ്രവർത്തനമണ്ഡലമാണ് കുഞ്ഞച്ചൻ തിരഞ്ഞെടുത്തത്. ആദ്യം മാമ്മോദീസ സ്വീകരിച്ച ദളിതർ വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾമാത്രമേ വശമാക്കിയിരുന്നുള്ളൂ. അവരെ ക്രൈസ്തവജീവിതത്തിൽ ഉറപ്പിച്ചുനിർത്തുന്നതിന് തുടർന്നും ഒട്ടേറെ കാര്യങ്ങൾ പഠിപ്പിക്കേണ്ടിയിരുന്നു. അതോടൊപ്പംതന്നെ, അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും അവരെ മോചിപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു. അതിനായി ജീവിതം സമർപ്പിക്കാൻ കുഞ്ഞച്ചൻ തയ്യാറായി. അങ്ങനെ, കഷ്ടതയനുഭവിക്കുന്ന ആയിരങ്ങളുടെ നേതാവും വിമോചകനുമായി അദ്ദേഹത്തെ ദൈവം ഉയർത്തി. തന്റെ ശുശ്രൂഷയ്ക്കായി ഭരമേല്പിക്കപ്പെട്ട ജനത്തിന്റെ ക്ഷേമത്തിനുവേണ്ടി അവസാനശ്വാസംവരെ ക്ഷമയോടും അത്യന്തം കരുണയോടുംകൂടി അദ്ദേഹം ജോലി ചെയ്തു.

തീക്ഷ്ണമായ ദൈവസ്നേഹവും പാവപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയും സേവിക്കാൻ കാണിച്ച അർപ്പണബോധവും ദളിതരുടെ ഉന്നമനത്തിനായുള്ള കഠിനപ്രയത്നങ്ങളും നിമിത്തം ജീവിച്ചിരിക്കുമ്പോൾത്തന്നെ ഒരു വിശുദ്ധനെന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

അനുകരിക്കപ്പെടേണ്ട ഒരു ജീവിതമാതൃകയാണ് വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. കുഞ്ഞച്ചന്റെ ജീവിതത്തെക്കുറിച്ച് അറിയാനും ആഴത്തിൽ പഠിക്കാനും നാം ഉത്സുകരാകണം. 'വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ദളിത് വിമോചനത്തിനു വഴികാട്ടി' എന്ന വിഷയത്തെ അടിസ്ഥാനമാക്കി 2024 നവംബർ 17 ഞായറാഴ്ച രാവിലെ 9 മണിമുതൽ നടക്കുന്ന ദേശീയ സിമ്പോസിയവും ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് രാമപുരത്ത് വച്ച് നടത്തപ്പെടുന്ന ക്രൈസ്തവമഹാസമ്മേളനവും പ്ലാറ്റിനം ജൂബിലിവർഷത്തിൽ രൂപതാകുടുംബം ഒരുമിച്ച് കുഞ്ഞച്ചന്റെ വ്യക്തിത്വത്തെ മനസ്സിലാക്കാൻ പരിശ്രമിക്കുന്ന അവസരമാണ്. നമ്മുടെ രൂപതയിലെ ദളിത് കത്തോലിക്കാസമൂഹത്തിന്റെ ശക്തീകരണത്തോടൊപ്പം ഇതര രൂപതകളിലെയും ഇന്ത്യയിലെ മുഴുവൻ ദളിത് വിഭാഗത്തിന്റെയും നവോത്ഥാനത്തിന് ഈ സിമ്പോസിയവും മഹാസമ്മേളനവും പ്രചോദനം നൽകുമെന്നു പ്രത്യാശിക്കുന്നു. ദേശീയസിമ്പോസിയത്തിൽ 500 പേരും മഹാസമ്മേളനത്തിൽ 25000 ആളുകളും പങ്കെടുക്കുന്നവിധത്തിലുള്ള ക്രമീകരണങ്ങളാണ് നടക്കുന്നത്. ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം നടത്തുന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ, കേന്ദ്രസംസ്ഥാന മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, സംഘടനാപ്രതിനിധികൾ തുടങ്ങിയവർ അഭിസംബോധന ചെയ്യുന്നതായിരിക്കും.

നവംബർ 17-ാം തീയതിയിലെ മഹാസമ്മേളനത്തിൽ ഓരോ ഇടവകയിൽനിന്നും പങ്കെടുക്കേണ്ട ആളുകളുടെ എണ്ണം എല്ലാ വികാരിയച്ചന്മാരെയും അറിയിച്ചിട്ടുണ്ട്.

അതനുസരിച്ച് ഇടവകയിലെ DCMS സഹോദരങ്ങൾക്കു പുറമേ കൈക്കാരന്മാർ, യോഗപ്രതിനിധികൾ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, വിവിധ സംഘടനാംഗങ്ങൾ, സൺഡേ സ്കൂളിലെ മുതിർന്ന ക്ലാസിലെ കുട്ടികൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മകളിലെ അംഗങ്ങൾ എന്നിവരെയെല്ലാം മഹാസമ്മേളനത്തിൽ പങ്കെടുപ്പിക്കാൻ വേണ്ട സത്വരനടപടികൾ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും നടത്തേണ്ടതാണ്. ഓരോ ഇടവകയിൽനിന്നും സമ്മേളനത്തിൽ എത്തിച്ചേരുന്ന ആളുകളുടെയും വാഹനങ്ങളുടെയും കൃത്യമായ വിവരം രൂപതാകേന്ദ്രത്തിൽ നവംബർ 13 ബുധനാഴ്ചയ്ക്കകം അറിയിക്കേണ്ടതാണ്.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെ ദളിത് വിമോചനത്തിന്റെ മാതൃകയായി ഉയർത്തിക്കാണിക്കുന്നതോടൊപ്പം കുഞ്ഞച്ചനെ വിശുദ്ധനായി പ്രഖ്യാപിച്ചുകാണാനുള്ള ദൈവജനത്തിന്റെ ആഗ്രഹത്തിന്റെയും പ്രാർഥനയുടെയും ഭാഗമായും ഈ സമ്മേളനത്തെ എല്ലാവരും ഏറ്റെടുക്കണം. ഒപ്പം, നമ്മുടെ സമുദായത്തിന്റെ ശക്തി വെളിപ്പെടുത്തുന്ന അവസരംകൂടിയാണിത്. ആയതിനാൽ, മഹാസമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും ആത്മാർഥമായ സഹായസഹകരണങ്ങൾ അഭ്യർഥിക്കുന്നു.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മധ്യസ്ഥതയിലൂടെ ദൈവം നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം **ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 26.10.2024 പാലാ രൂപതാമെത്രാൻ

NB: ഈ ഇടയലേഖനം നവംബർ 3-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

ലേഖനം

# പാഠത്തിൽനിന്നു പാടത്തേക്കു ചുവടുവയ്ക്കുന്ന പുതുതലമുറ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

കാർഷികവിളകൾകൊണ്ടു സമ്പന്നമാണ് കേരളം. സമീപകാലംവരെ കേരളത്തിന്റെ സാമ്പത്തികഭദ്രതയും വികസനവും പ്രധാനമായും കൃഷിയെ ആശ്രയിച്ചാണു നിലനിന്നിരുന്നത്. ശാസ്ത്രവും വിവരസാങ്കേതികവിദ്യയും കൃത്രിമബുദ്ധിയും സമസ്തമേഖലകളിലേക്കും വ്യാപിച്ചപ്പോഴും ഭക്ഷണമെന്ന പ്രാഥമികാവശ്യത്തിനു മനുഷ്യൻ മണ്ണിലേക്കുതന്നെ തിരിയണം. അതുകൊണ്ടുതന്നെ സമൂഹം കൃഷിയെയും കൃഷിഭൂമിയെയും കർഷകനെയും പൊതുതാത്പര്യത്തിന്റെയും സുസ്ഥിരവികസനത്തിന്റെയും ആസൂത്രണത്തിന്റെയും ഭാഗമാക്കണം.

കേരളത്തിൽ കൃഷിക്ക് അനുയോജ്യമായ എല്ലാ സാഹചര്യങ്ങളുമുണ്ട്: ഫലഭൂയിഷ്ഠമായ മണ്ണും സമൃദ്ധമായ മഴയും (ഇടവപ്പാതിയും തുലാവർഷവും) സൂര്യപ്രകാശവും. ഇനി വേണ്ടതു മനസ്സാണ്. അധ്വാനിക്കാതെ പരാശ്രയംകൊണ്ടു ഭക്ഷിക്കാൻ കഴിയില്ലെന്ന സത്യം നാലാം ക്ലാസ്സിലെ മലയാളം പാഠാവലി കുട്ടികളെ പഠിപ്പിക്കുന്നുണ്ട്: നെൽക്കൃഷി അന്യംനിന്നുപോയപ്പോൾ പത്തായങ്ങൾ പൊടിപിടിച്ചുപോയി. അമ്മവയ്ക്കുന്നതും ഉണ്ണികൾ ഉണ്ണുന്നതും ആന്ധ്രയിലെയും പഞ്ചാബിലെയും ഹരിയാനയിലെയും നെൽപ്പാടങ്ങളിലെ അരിമണികളാണെന്നു പാഠപുസ്തകം തുറന്നുപറയുമ്പോൾ, അതിന്റെ വിവക്ഷ കുട്ടികൾക്കു പൂർണമായി ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിലും മുതിർന്നവർക്കു കഴിയും.

ഒരുകാലത്ത് കേരളീയന്റെ യശ്ശസ്സുയർത്തിയത് കൃഷിയായിരുന്നു. നെല്ല്, തെങ്ങ് തുടങ്ങിയ പരമ്പരാഗതകൃഷികളും വാണിജ്യവിളകളായ റബ്ബറും കരിമ്പും സുഗന്ധവ്യഞ്ജനങ്ങളായ ഏലം, ഗ്രാമ്പൂ, കുരുമുളക് തുടങ്ങിയവയുംകൊണ്ട് മലയാളികൾ ഈ നാടിനെ അടിമുടി അണിയിച്ചൊരുക്കി നിറു

ത്തിയിരുന്നു. തൊടിയിലേക്കിറങ്ങിയാൽ ഒരു വീട്ടിലേക്കു വേണ്ടുന്നതെല്ലാം കിട്ടിയിരുന്ന ഒരു കാലമുണ്ടായിരുന്നു.

സജീവമായിരുന്ന കൃഷിയായിരുന്നു കേരളത്തിലെ സാമുദായികമൈത്രിയുടെ യഥാർത്ഥകാരണം. കാരണം, കൃഷിയുടെ മുൻവ്യവസ്ഥ അതിരില്ലാത്ത സൗഹൃദമാണ്. കൃഷിയിടങ്ങളിൽ വിളകൾക്കൊപ്പം നമ്മൾ നട്ടുപിടിപ്പിച്ചത് പരസ്പര സ്നേഹവും ആദരവുമായിരുന്നു. സാമുദായികബന്ധങ്ങൾ യാഥാർത്ഥ്യമായി. ഒറ്റച്ചങ്ങലയുടെ ബലമായിരുന്നു അന്ന് നമ്മൾ അനുഭവിച്ചത്. വിളവെടുപ്പിനുശേഷം ഒഴിഞ്ഞുകിടക്കുന്ന പാടത്താണ് നാട്ടിൻപുറത്തെ ഉത്സവങ്ങൾ കൊട്ടിക്കയറിയത്.

പരിശ്രമശാലികളും അധ്വാനശീലരുമായിരുന്നു നമ്മുടെ പൂർവികർ. കായൽ നികത്തി നെല്ലു വിളയിച്ചവരും മലയിടുക്കുകളിൽ റബ്ബർത്തോട്ടങ്ങൾ പാകിപ്പിടിപ്പിച്ചവരുമാണവർ. അധ്വാനത്തിന്റെ പാരമ്പര്യമുള്ള നാടാണു നമ്മുടേത്. കഠിനാധ്വാനത്തിന്റെ പൈതൃകം നമുക്കു തിരിച്ചുപിടിക്കേണ്ടതുണ്ട്.

തൊഴിൽതേടിയുള്ള രാജ്യാന്തരകുടിയേറ്റത്തെത്തുടർന്ന് കേരളത്തിലെ കൃഷിയിടങ്ങൾ പലതും ഒഴിഞ്ഞുകിടക്കുന്നുണ്ട്. സ്വന്തം പുരയിടത്തിൽ അധ്വാനിക്കുന്നത് അഭിമാനമായി മാറണം. കൃഷി മാന്യതയുള്ള ഒരു തൊഴിലായി തിരിച്ചറിയണം. കോവിഡ് ലോക്ഡൗൺ പശ്ചാത്തലത്തിൽ തങ്ങളുടെ വീടുകളിൽ കൃഷി ആരംഭിച്ച പലരും പിന്നീടത് നിറുത്തിക്കളഞ്ഞു. മറ്റുചിലർ അതിപ്പോഴും തുടരുന്നുണ്ട്. കൃഷി ശീലമാക്കുകയാണു വേണ്ടത്.

അന്യരാജ്യങ്ങളിലേക്കു കുടിയേറിയവരിൽ പലരും ഈ നാട് എന്നെന്നേക്കുമായി ഉപേക്ഷിച്ചുവെന്നത് ഏറ്റവും ദുഃഖകരമാണ്. എന്നാൽ, കേരളത്തിനുള്ളിൽത്തന്നെ നടന്ന ആദ്യകാലകുടിയേറ്റം നമ്മുടെ സംസ്കൃതിയെ ബലപ്പെടുത്തുകയാണ് ഉണ്ടായത്. മലബാറിലേക്കും ഹൈറേഞ്ചിലേക്കുമുള്ള കുടിയേറ്റങ്ങൾ കൃഷിയെ ശക്തിപ്പെടുത്തി. ഇന്നത്തെ സ്ഥിതി നേർവിപരീതമാണ്. ഇന്ന് പണം കൂടി. പക്ഷേ, പറമ്പ് തരിശ്ശായി; നാട് മുന്നോട്ടുപോയി. എന്നാൽ, നാട്ടിൻപുറം അന്യാധീനമായി. പക്ഷേ, അടിസ്ഥാനമൂല്യമായ കാർഷികസംസ്കാ

രത്തെ കൈവിടാൻ നമ്മളാരും ഒരുക്കമല്ല. എട്ടാംക്ലാസ്സ് അടിസ്ഥാനശാസ്ത്രപുസ്തകത്തിന്റെ മൂന്നാം അധ്യായത്തിന്റെ തലക്കെട്ട് 'വീണ്ടെടുക്കാം വിളനിലങ്ങൾ' എന്നാണ്. പുതുതലമുറ കൃഷിസംസ്കാരത്തെ പരിചയപ്പെടേണ്ടത് അസ്തിത്വപരമായ ഒരു ആവശ്യമാണെന്നു വൈകിയെങ്കിലും നാം തിരിച്ചറിഞ്ഞു.

ഗുണനിലവാരമുള്ള വിദ്യാഭ്യാസമേഖല കേരളത്തിലുണ്ട്. വിദ്യാർത്ഥികൾക്കു കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് സ്കൂളുകളിലും കോളജുകളിലും അവബോധം നൽകുന്ന പാഠ്യപദ്ധതി നമുക്ക് ഇന്നുണ്ട്. ഏഴാം ക്ലാസ്സിലെ അടിസ്ഥാനശാസ്ത്രപുസ്തകം ആദ്യ അധ്യായത്തിന്റെ തലക്കെട്ട് 'മണ്ണിൽ പൊന്നു വിളയിക്കാം' എന്നാണ്. പാകി മുളപ്പിക്കലും തണ്ടുമുറിച്ചു നടലും പതിവയ്ക്കലും ബഡ്ഡിങ്ങും ഗ്രാഫ്റ്റിങ്ങുമൊക്കെ ഈ പാഠം കുട്ടികൾക്കു പരിചയപ്പെടുത്തി നൽകുകയാണ്. കൃഷിക്കാരല്ലാത്ത മാതാപിതാക്കളുടെ മക്കൾക്കും കൃഷി പരിചയപ്പെടുത്തിക്കൊടുക്കാൻ ഈ പാഠത്തിനു കഴിവുണ്ട്.

വാമൊഴികളായിമാത്രം അവശേഷിക്കുന്ന നാട്ടറിവുകളും ആരോഗ്യശീലങ്ങളും ഇളംതലമുറകൾക്കു പകർന്നുകൊടുക്കണം. ഈ കൈമാറ്റപ്രക്രിയ പരമ്പരാഗതവിദ്യാഭ്യാസ നടപടികളിലൂടെ നടക്കുന്നില്ല. നാട്ടറിവ് സ്കൂളിലും കോളജുകളിലും എത്തിക്കണം. അപൂർവമായ നെൽവിത്തുകൾ പരിരക്ഷിക്കുന്ന കർഷകരെ നമ്മുടെ കുട്ടികൾക്കു പരിചയപ്പെടുത്തണം. അനൗപചാരികമായുള്ള അവരുടെ സംസാരം വിദ്യാർത്ഥികളെ ഉറപ്പായും ആകർഷിക്കും. അതിനുശേഷം അവരുമായി ആശയവിനിമയത്തിനുള്ള സമയംകൂടി വിദ്യാർത്ഥികൾക്ക് അനുവദിച്ചാൽ അത് വലിയ ഫലം പുറപ്പെടുവിക്കും. കൃഷിമേഖലയിലെ പ്രഗല്ഭരായ വ്യക്തികളെ വിദ്യാലയങ്ങളിൽവച്ച് അവർ പരിചയപ്പെടട്ടെ.

കൃഷിവിളകളുടെ എക്സിബിഷനുകൾ വിദ്യാലയങ്ങളിൽ ഒരുക്കണം. അവയിൽനിന്നുള്ള മൂല്യവർധിതോത്പന്നങ്ങളുടെ സ്റ്റാളുകൾ ഉറപ്പായും അവരുടെ മനം കവരും. കപ്പ, ചക്ക, ചേന, കാച്ചിൽ, മാങ്ങ, ചേമ്പ് തുടങ്ങിയവ ഉപയോഗിച്ച്

മധുരപലഹാരങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് വിദ്യാർത്ഥികൾ മനസ്സിലാക്കട്ടെ. അതുപോലെ, ഇഞ്ചി, കൂവ, കരിമ്പ്, മഞ്ഞൾ, വാഴ, പേര, ചാമ്പ, പപ്പായ, പ്ലാവ്, പുളി, സപ്പോട്ട, ആത്ത, ഇലുമ്പി, ആനിക്കാവിള, കശുമാവ്, കടപ്ലാവ്, റമ്പൂട്ടാൻ തുടങ്ങിയവയൊന്നും നേരിട്ടുകണ്ടിട്ടില്ലാത്ത കുട്ടികൾ ഇപ്പോളുണ്ട്. നമ്മുടെ വീടുകളുടെ മുറ്റത്തും പരിസരത്തും ഉണ്ടായിരുന്ന ആയുർവേദച്ചെടികളായ തുളസിച്ചെടി, ചെമ്പരത്തി, ചുമക്കൂർക്ക, പനിക്കൂർക്ക, ആടലോടകം, തഴുതാമ തുടങ്ങിയവയും കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കണം. പ്രകൃതി വിശപ്പുമാറ്റുകയും സുഖപ്പെടുത്തുകയും ചെയ്യുമെന്ന അറിവ് പ്രകൃതിയെ സ്നേഹിക്കാൻ അവരെ പ്രേരിപ്പിക്കും. പ്രകൃതിസംരക്ഷണമെന്ന മൂല്യം സ്വാഭാവികമായി കുട്ടികളിൽ ജനിക്കും.

വിദ്യാർത്ഥികളെ കൃഷി ചെയ്യാൻ പഠിപ്പിക്കണം. വിവിധതരം കാർഷികവിഭവങ്ങൾ നേരിട്ടു പരിചയപ്പെടുന്നതോടെ തങ്ങൾ എന്താണു ഭക്ഷിക്കുന്നതെന്ന് അവർക്കു തിരിച്ചറിവു കിട്ടും. പയർ, വഴുതന, തക്കാളി, മുളകുകൾ, പാവൽ, പടവലം, വെള്ളരി, കുമ്പളം, മത്തൻ, ചുരയ്ക്ക, വെണ്ട, കാബേജ്, കോളിഫ്ളവർ, കറിവേപ്പില തുടങ്ങി സ്വന്തം കൃഷിഭൂമിയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറിവിഭവങ്ങൾ പല സ്കൂളിലും ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നുണ്ട്. പാക്കറ്റ് ഭക്ഷണം സുലഭമായ കാലത്ത് ആരോഗ്യമുള്ള ഭക്ഷണക്രമം കുട്ടികൾ വിദ്യാലയങ്ങളിൽ പരിചയപ്പെടുകയാണ്. നല്ല ഭക്ഷണക്രമം ആത്മീയതയുടെ ഭാഗമാണ്. ഇത്തരം കാർഷികപദ്ധതികൾ വിദ്യാർത്ഥികൾ അലസരായിപ്പോകാതിരിക്കാൻ ഏറെ സഹായിക്കും. നാട്ടിൻപുറങ്ങളിലെ കൃഷിഭൂമിയിൽനിന്നുള്ള വിളകൾ നേരിട്ടുവാങ്ങാൻ പലരും താത്പര്യപ്പെടാറുണ്ട്. കൃഷിയുത്പന്നങ്ങൾ വിറ്റുകിട്ടുന്ന ചെറുനിക്ഷേപം കുട്ടികൾക്കിടയിൽ കാർഷികസംസ്കാരം പ്രചരിക്കുന്നതിനു പ്രചോദനമായിത്തീരും. പരിപാലനം സ്വീകരിക്കുന്ന ചെറുപ്രായത്തിൽ പരിപാലനം തിരികെ നൽകാനുള്ള ചോദന സ്കൂളിലെ കൃഷിയിടങ്ങൾ കുട്ടികളിൽ ഉണർത്തും. അങ്ങനെ മണ്ണിനോടുള്ള വൈകാരികബന്ധം ബാല്യത്തിൽത്തന്നെ സ്ഥാപിച്ചെടുക്കാൻ കഴിയും.

കാർഷികാവബോധം വളർത്തുന്നതിനും കൃഷിരീതികൾ പഠിപ്പിക്കുന്നതിനുമായി അധ്യാപകരുടെ നേതൃത്വത്തിൽ കർഷകക്ലബ്ബുകൾ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിയാഭിമുഖ്യമുള്ള അധ്യാപകർക്കു കൃഷിരീതികളെക്കുറിച്ചും വിളപരിപാലനത്തെക്കുറിച്ചുമുള്ള ക്ലാസുകൾ കൃഷിഭവനുകൾ നടത്തുന്നുണ്ട്. സ്കൂൾ പി.റ്റി.എകളും സോഷ്യൽ സർവീസ് സൊസൈറ്റികളും സ്കൂൾ-കോളജുതല കൃഷിമേഖലയെ പിന്തുണയ്ക്കുന്നുണ്ട്. ഓരോ സീസണിലും നടേണ്ട വിത്തുകൾ, തൈകൾ എന്നിവയെക്കുറിച്ച് കൃഷി ഓഫീസർമാർ ആദ്യം അധ്യാപകർക്കു ക്ലാസുകൾ നൽകും. തുടർന്ന്, കുട്ടികൾക്കും ഈ അറിവ് നൽകുന്നു. പിന്നീട് അധ്യാപകരും വിദ്യാർത്ഥികളും ഒത്തൊരുമിച്ചു കൃഷി ചെയ്യുന്നു. കാർഷികമേഖലയെ പരിചയപ്പെടുത്താൻമാത്രമാണ് വിദ്യാലയങ്ങളിലെ കൃഷിത്തോട്ടംകൊണ്ട് ഉദ്ദേശിച്ചതെങ്കിലും കൃഷി ഓഫീസർമാരുടെ പിന്തുണ അതിനെ കുറെയേറെ ശാസ്ത്രീയമായി സമീപിക്കാനും ഇടയാക്കുന്നുണ്ട്. അധ്യാപക - വിദ്യാർത്ഥിബന്ധത്തിനു ക്ലാസ്സ് മുറികളിലെ ഔപചാരികതയും കൃഷിയിടത്തിലെ അനൗപചാരികതയും പുതിയ നിറം നൽകും.

പല വിദ്യാർത്ഥികളും തങ്ങളുടെ വീടുകളിലും കൃഷിത്തോട്ടം ആരംഭിച്ചിട്ടുണ്ട്. പരസ്നേഹം, പരസ്പരസഹകരണം തുടങ്ങിയ ഒട്ടേറെ മൂല്യങ്ങൾ കുട്ടികൾക്ക് നമ്മൾ ഇതുവഴി കൈമാറ്റം ചെയ്യുന്നുണ്ട്. വിളനാശംപോലും അവർക്കു പാഠമാകുകയാണ്. തിരിച്ചടികൾ അതിജീവനമെന്ന കല അവരെ അഭ്യസിപ്പിക്കും. ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ വിശദമാക്കുന്നു: കർഷകൻ വിശ്വാസത്തെയും യുക്തിയെയും സമതുലിതമായ രീതിയിൽ ഒന്നിപ്പിക്കുന്ന ഒരു മാനസികാവസ്ഥയുടെ മാതൃകയാണ്. ഒരു വശത്ത് അവൻ പ്രകൃതിയുടെ നിയമങ്ങൾ അറിയുകയും തന്റെ ജോലി നന്നായി ചെയ്യുകയും ചെയ്യുന്നു, മറുവശത്ത്, അവൻ ദൈവപരിപാലനത്തിൽ വിശ്വസിക്കുന്നു, കാരണം, ചില അടിസ്ഥാനകാര്യങ്ങൾ അവന്റെ കൈയിലല്ല; മറിച്ച്, ദൈവകരങ്ങളിലാണ് (12 ഡിസംബർ 2010).

സ്കൂൾ ടൈംടേബിളിനുള്ളിൽത്തന്നെ ശാരീരികപരിശീലനത്തിനു സമയം അനുവദിച്ചിട്ടുള്ളതുപോലെ കൃഷിക്കും

സമയം അനുവദിക്കേണ്ട സമയമായില്ലേ എന്നു നമ്മൾ ചിന്തിക്കണം. സ്പോർട്സ്മാൻ സ്പിരിറ്റ് എന്ന പദം സുപരിചതമാക്കിയതുപോലെ ഫാമിങ്സ്പിരിറ്റും വ്യാപകമാക്കേണ്ടതല്ലേ? മൊബൈൽ ഫോൺ അമിതോപയോഗം, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തുടങ്ങിയവയിൽനിന്ന് കുട്ടികളെ മാറ്റിനിർത്തൻ ഫാമിങ്സ്പിരിറ്റിനു കഴിയും.

നമ്മുടെ ഒട്ടുമിക്ക സ്കൂളുകളിലും വിദ്യാർത്ഥികളുടെ കൃഷിത്തോട്ടങ്ങൾ തലയുയർത്തി നിൽക്കുന്നുണ്ട്. ഭൂമിയൊരുക്കുക, വിത്തുപാകുക, തണ്ട് നട്ടുപിടിപ്പിക്കുക, ജലസേചനവും വളപ്രയോഗവും നടത്തുക, വിളവെടുപ്പു നടത്തുക തുടങ്ങിയവയെല്ലാം അധ്യയനത്തിന്റെ ഭാഗമായിക്കഴിഞ്ഞു. അധ്യാപകരുടെ അകമഴിഞ്ഞ സഹകരണമാണ് സ്കൂൾതല കൃഷി വിജയമാക്കിയത്. മികച്ച അധ്യാപക-കർഷകൻ, മികച്ച സ്കൂൾ കൃഷിത്തോട്ടം, മികച്ച കർഷക-വിദ്യാർത്ഥി തുടങ്ങിയ വലിയനിര സമ്മാനങ്ങൾ പാലാ രൂപത കോർപ്പറേറ്റ് ഏജൻസി കൃഷി പ്രോത്സാഹനമായി ഇപ്പോൾ നൽകുന്നുണ്ട്. ഉന്നതവിദ്യാഭ്യാസമേഖലയിൽ പാലാ സെന്റ് തോമസ് കോളജ് (ബി-വോക്ക് സസ്റ്റെയ്നബിൾ അഗ്രികൾച്ചർ), കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജ് (അഗ്രികൾച്ചർ ടെക്നോളജി), മാള കാർമ്മൽ കോളജ് (ബി-വോക്ക് അഗ്രികൾച്ചർ), പുൽപ്പള്ളി പഴശ്ശിരാജാ കോളജ് (ബി-വോക്ക് അഗ്രികൾച്ചർ) തുടങ്ങിയ സ്ഥാപനങ്ങൾ കൃഷിമേഖലയിലേക്കു വിദ്യാർത്ഥികൾളുടെ നേരിട്ടുള്ള പ്രവേശനം ഉറപ്പാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ട്. കൃഷിയിടങ്ങൾ കാണാൻ ദൂരെയാത്ര ചെയ്യേണ്ട അവസ്ഥ നമുക്കുണ്ടാകരുത്. തത്തയെയും പ്രാവിനെയും ഇരട്ടവാലൻപക്ഷിയെയും അണ്ണാനെയും തങ്ങളുടെ പുരയിടത്തിൽത്തന്നെ കുട്ടികൾക്കു കാണാൻ കഴിയണം. നമ്മുടെ എല്ലാ കലാലയങ്ങളും കാർഷികവിപ്ലവവേദികളാകട്ടെ.

---

NB: ഈ ലേഖനം 2024 ഒക്ടോബർ 28-ാം തീയതി ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്.

ലേഖനം

# കൃഷിമേഖലയുടെ സംരക്ഷണം രാജ്യനിർമിതിയിൽ

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

കൃഷിക്കാർ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയുടെ നെടും തൂണാണെന്ന് ഓഗസ്റ്റ് മാസം ആദ്യവാരം ന്യൂ ഡെൽഹിയിൽ നടന്ന 32-ാമത് ഇന്റർനാഷണൽ കോൺഫറൻസ് ഓഫ് അഗ്രികൾച്ചറൽ ഇക്കോണമിസ്റ്റ്സ് (ICAE) ഉദ്ഘാടനവേദിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആവർത്തിക്കുകയുണ്ടായി. കൃഷിഭൂമിയുടെയും ജലസ്രോതസ്സുകളുടെയും ലഭ്യത കുറയുകയും കാലാവസ്ഥാവ്യതിയാനം വർധിതമാകുകയും ചെയ്തിട്ടും രാജ്യത്തെ കാർഷികമേഖല മുന്നോട്ടുള്ള കുതിപ്പ് തുടരുകയാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസേർച്ച് (ICAR) 2014-2023 കാലത്തെ റിപ്പോർട്ടും സാക്ഷ്യപ്പെടുത്തുന്നു. രാജ്യം കർഷകരെ മാനിക്കുന്നുവെന്നത് പ്രചോദനാത്മകമായ വസ്തുതയാണ്. പ്രതികൂലസാഹചര്യങ്ങളിലും മണ്ണിൽനിന്ന് അവർ പൊന്നുവിളയിക്കുന്നത് കർഷകരുടെ ആർജവം കെട്ടുപോയിട്ടില്ല എന്നതിന്റെ തെളിവാണ്. വയലും വീടും (കൃഷിയും രാജ്യവും) പരസ്പരം ആശ്രയിച്ചുനിൽക്കുന്നവയാണ്.

കർഷകർ ഒരേസമയം ഉത്പാദകരും ഉപഭോക്താക്കളുമാണ്. ഉത്പാദനമേഖലയിലെ വിലയിടിവും അവശ്യവസ്തുക്കളുടെ വിലക്കയറ്റവും ഒരേസമയം അവർ അഭിമുഖീകരിക്കുന്നു. ഈ ഇരട്ടപ്രശ്നം (പ്രഹരം) അനുഭവിക്കുന്നത് മുഴുവൻസമയവും കാർഷികവൃത്തിയിലേർപ്പെടുന്നവർമാത്രമാണ്. കേരളത്തിൽ നാണ്യവിളകളുടെ വിലത്തകർച്ചയാണ് കൃഷിമേഖലയെ പതിവുപോലെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്.

വളരെ നാളുകൾക്കുശേഷം ലോകസഭാതിരഞ്ഞെടുപ്പു സമയത്ത് റബ്ബറിനു വില കൂടിയെങ്കിലും അത് നിലനിന്നതായി കണ്ടില്ല. പതിവ് തിരഞ്ഞെടുപ്പ് രംഗസജ്ജീകരണത്തിന്റെ ഭാഗമായിട്ടുമാത്രമാണ് റബ്ബർകർഷകരും അതിനെ കണ്ടത്. എന്നാൽ, അന്താരാഷ്ട്രതലത്തിൽ റബ്ബറിന് അനുകൂലാന്തരീക്ഷം രൂപപ്പെട്ടിട്ടുണ്ട്. സെർബിയയിലും കമ്പോഡിയയിലും പുതിയ ടയർ ഫാക്ടറികൾക്ക് ചൈനീസ് കമ്പനികൾ വൻനിക്ഷേപം നടത്തിയിട്ടുണ്ട്. സ്വാഭാവികറബ്ബറിന്റെ ഇറക്കുമതിക്ക് അനുകൂലസാഹചര്യം ജപ്പാൻ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ വന്നിട്ടുണ്ട്. റബ്ബർ ബോർഡിന്റെ സ്ഥിതിവിവരക്കണക്കുകൾപ്രകാരം സ്വാഭാവികറബ്ബറിന്റെ ഉപഭോഗം ഓരോ വർഷവും വർധിക്കുന്നുണ്ട്. ഈ അനുകൂലസാഹചര്യങ്ങൾ മുതലെടുത്ത് രാജ്യത്തെ റബ്ബർ ഉത്പാദനം വർധിപ്പിച്ച് അന്താരഷ്ട്രവിപണിയിൽ റബർ കയറ്റുമതി വർധിപ്പിക്കാൻ വാണിജ്യമന്ത്രാലയം മുൻകൈയെടുത്താൽ കേരളത്തിലെ റബ്ബർകർഷകർക്ക് വലിയ ആശ്വാസമാകും.

സെപ്റ്റംബർ മാസത്തിൽ നാളികേരവിപണിയിൽ അനുകൂലചലനങ്ങളുണ്ടായെങ്കിലും ഓണവിപണി തണുപ്പൻ പ്രതികരണമാണ് കൃഷിക്കാർക്കു നൽകിയത്. കഴിഞ്ഞവർഷം ഓണക്കാലത്തുമാത്രം 600 ടണ്ണിനുമുകളിൽ നാളികേരക്കച്ചവടം നടന്നപ്പോൾ ഈ വർഷമത് 300 ടണ്ണിനു താഴെയായത് കർഷകർക്കു വലിയ തിരിച്ചടിയായി. എന്നാൽ, ഈ നാളുകളിൽ നാളികേരവില വീണ്ടും ഉയിർത്തെഴുന്നേൽപ്പ് നടത്തിയിട്ടുണ്ട്.

കാലാവസ്ഥാവ്യതിയാനത്തിന്റെ പരിണതഫലമായി അന്തരീക്ഷതാപനില മുൻകാലങ്ങളിലേക്കാൾ ഉയർന്നപ്പോൾ കേരളത്തിലെ ഏലം ഉത്പാദനം ഗണ്യമായി കുറഞ്ഞു. പകൽതാപനിലയിൽ ഉണ്ടായ വർധന മറ്റ് സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനത്തെയും ബാധിച്ചിട്ടുണ്ട്. കുരുമുളക്, കൊക്കോ തുടങ്ങിയവയുടെ സ്ഥിതിയും വിഭിന്നമല്ല.

വിളനഷ്ടവും വറുതിയും പ്രതിരോധിക്കാൻ കർഷകർക്ക് ഇന്ന് നൽകുന്ന ഇൻഷുറൻസ് പരിരക്ഷ മതിയാകാതെ വരുന്നുണ്ട്. മറ്റു തൊഴിൽമേഖലകൾക്ക് തുല്യമായി കൃഷിയെ തൊഴിലായും കൃഷിഭൂമിയെ തൊഴിലിടമായും സർക്കാരുകൾ കണക്കാക്കാത്തത് കർഷകർ അസംഘടിതരായി തുടരുന്നതുകൊണ്ടാണ്. കൃഷിക്കാരുടെ സംഘടനകൾ സർക്കാർതലത്തിൽ സമ്മർദ്ദം ചെലുത്തുന്ന ശക്തിയായി ഇനിയും പരിണമിച്ചിട്ടില്ല.

അന്താരാഷ്ട്രസാഹചര്യങ്ങൾ കൃഷിമേഖലയെ ഏറ്റവും വേഗത്തിൽ നേരിട്ടു ബാധിക്കാറുണ്ട്. യുദ്ധഭീതിയും ഇന്ധനവിലവർധനയുമൊക്കെ കൃഷിമേഖലയെ ദോഷമായി ബാധിക്കുന്നു. സ്വന്തം ഉത്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അവകാശമോ അധികാരമോ ഇല്ലാത്ത അപൂർവസ്ഥിതിയാണ് കൃഷിമേഖലയുള്ളത്. വിപണിശൃംഖലയിലെ ഏറ്റവും അവസാനമാണ് കർഷകർക്ക് സ്ഥാനമുള്ളത്. അവർക്ക് അവിടെ ശബ്ദമില്ല; അധികാരവുമില്ല. പലപ്പോഴും മറ്റു രാജ്യങ്ങളിലെ കാർഷികോത്പന്നങ്ങൾ ഇവിടുത്തെ വിപണിയെ നിയന്ത്രിക്കുന്നുണ്ട്. എന്നാൽ, സമാനരീതിയിൽ നമ്മുടെ കർഷകോത്പന്നങ്ങൾക്കു വിദേശവിപണി കണ്ടെത്തിക്കൊടുക്കാൻ സർക്കാരുകൾക്കു കഴിയുന്നില്ല.

കാർഷികവൃത്തികൊണ്ടു ജീവിക്കുന്നവർക്ക് സംസ്ഥാന സർക്കാർ കേരള കാർഷികക്ഷേമനിധി ആക്ട് രൂപീകരിച്ചിരിക്കുന്നത് അഭിനന്ദനാർഹമാണ്. അതുപോലെ, പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ കർഷകരിൽ കാലവിളംബം കൂടാതെ എത്തുന്നതിന് സർക്കാരിന്റെ ഗൗരവമായ ശ്രദ്ധ വേണം. സെപ്റ്റംബർ മാസം മുതൽ കർഷകർക്ക് ഔദ്യോഗിക തിരിച്ചറിയൽ കാർഡ് സംസ്ഥാന കൃഷിവകുപ്പ് ഏർപ്പെടുത്തിയതും സ്വാഗതർഹമാണ്.

കാർഷികോത്പന്നങ്ങളുടെ വിലയിത്തകർച്ചയ്ക്കു തടയിടാൻ ഏറ്റവും ഫലപ്രദമായ മാർഗം മൂല്യവർധിതോത്പന്ന

ങ്ങളുടെ ഉത്പാദനമാണെന്ന തിരിച്ചറിവിലേക്കെങ്കിലും കർഷകർ കടന്നുവരണം. വ്യക്തിപരമായ കൃഷിയിറക്കലിനു പകരമായി സംഘടിതകൃഷിയിൽ കർഷകർ ശ്രദ്ധയൂന്നണം. അസംഘടിതരായിത്തുടരുന്നതിനെക്കാൾ സംഘടിതരായിത്തീരുന്നതാണ് ബലമെന്ന തിരിച്ചറിവ് സംഘടിതകൃഷിരീതി കർഷകർക്കു നൽകും. കർഷകർ സംഘടിതരായിത്തീരാനുള്ള ആദ്യപടിയും ഇതുതന്നെയാണ്.

ജയ് കിസാൻ

---

NB: ഈ ലേഖനം 2024 ഒക്ടോബർ 18-ാം തീയതി ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്.

ലേഖനം

# പരിസ്ഥിതിലോലപ്രദേശനിർണ്ണയം: അവസാനിക്കാത്ത ആശങ്കകൾ

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

കാൽ നിലത്തുറപ്പിച്ചേ ചുവടുവയ്ക്കാൻ കഴിയൂ എന്നത് സാമാന്യയുക്തിയാണ്. അപ്പോൾ നിൽക്കുന്നിടത്തെ മണ്ണൊലിച്ചുപോകുന്ന സ്ഥിതി വന്നാലോ? പരിസ്ഥിതിലോല പ്രദേശം (ESA) എന്ന പാരിസ്ഥിതികാവസ്ഥയും അതിനോട നുബന്ധിച്ചുള്ള കേന്ദ്രസർക്കാർ നയരൂപീകരണ കരടുരേഖ കളും കേരളത്തിലെ മലയോരപ്രദേശവാസികൾ ആശങ്കയോ ടെയാണു വീക്ഷിക്കുന്നത്. ഈ വിഷയത്തിന്റെ സാങ്കേതിക തയെക്കുറിച്ചും അപഗ്രഥനമാനദണ്ഡങ്ങളെക്കുറിച്ചും യാതൊരറിവുമില്ലാത്ത വെറും സാധാരണക്കാരാണ് അവരിൽ മഹാഭൂരിപക്ഷവും. അപ്പോഴും അവർക്കിടയിൽ ഒരു സാമാന്യ ധാരണയുണ്ട്: ഏതാനും വർഷങ്ങൾക്കുള്ളിൽ ഇന്ന് തങ്ങ ളുടേതെന്നു രേഖകൾ പ്രകാരം കരുതുന്ന മണ്ണിൽനിന്ന് സ്വാഭാ വികമായി തങ്ങൾ കുടിയിറങ്ങേണ്ടിവരും. ഈ ആശങ്ക ദൂരീ കരിക്കാൻ സംസ്ഥാന ഗവൺമെന്റ് ഓഫീസുകൾക്കോ രാഷ്ട്രീയപാർട്ടികൾക്കോ കഴിഞ്ഞിട്ടില്ല.

പശ്ചിമഘട്ടപ്രദേശം മുഴുവനെയും പരിസ്ഥിതിലോല പ്രദേശം എന്ന ഒറ്റ തലക്കെട്ടിൽ കൊണ്ടുവരുമ്പോൾ അത് നോ-മാൻസ് ലാന്റ് സങ്കല്പംപോലെ പരിണമിക്കുകയാണ്. രാജ്യങ്ങൾ തമ്മിലുള്ള തർക്കഭൂമിയെ യുദ്ധരഹിതമാക്കാനാണ് നോ-മാൻസ് ലാൻഡ് പ്രഖ്യാപനം നടത്തുന്നത്. പരിസ്ഥിതി സംരക്ഷണം ഇന്ന് എക്കാലത്തേക്കാളും പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി പരിസ്ഥി തിലോലപ്രദേശങ്ങളിൽനിന്ന് മനുഷ്യൻ ക്രമേണ പിൻവാ ങ്ങണം എന്നു പറയുമ്പോൾ തങ്ങളെ ആരു സംരക്ഷിക്കുമെന്ന

ചോദ്യമാണ് പ്രദേശവാസികൾ ഉയർത്തുന്നത്. ഈ ജനങ്ങൾക്കും മറ്റുള്ളവരെപ്പോലെ സ്ഥലം, പാർപ്പിടം, വിദ്യാഭ്യാസം, ഉപരിപഠനം, കുടുംബം തുടങ്ങിയ എല്ലാ അവകാശങ്ങളുമുണ്ടെന്ന് കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങൾ വിസ്മരിക്കരുത്.

കരടുപ്രഖ്യാപനത്തിൽ പരിസ്ഥിതിലോലപ്രദേശങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ താമസിക്കുന്ന എല്ലാവരും നമ്മുടെ സഹോദരങ്ങളാണ്. പരിഷ്കൃതസമൂഹം എല്ലാവരുടെയും താത്പര്യങ്ങളെ പരിഗണിക്കുന്നതാണ്. പരിസ്ഥിതിലോലപ്രദേശസംരക്ഷണം ഒരുകൂട്ടം ആളുകളുടെമാത്രം കടമയാണെന്നു പറഞ്ഞ് നമുക്ക് ഒഴിവായിനിൽക്കാനാവില്ല. ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾ സർക്കാർതലത്തിൽ ശ്രദ്ധയിൽപ്പെടുത്താനും അവർക്കു സഹായവും സംരക്ഷണവും നൽകാനും ഐക്യദാർഢ്യം വാഗ്ദാനം ചെയ്യാനും നമുക്കു കഴിയണം.

നമ്മുടെ ഭരണസമ്പ്രദായത്തിന്റെ പ്രത്യേകത അത് നിരവധി വകുപ്പുകളുടെ ഏകോപനം ആവശ്യപ്പെടുന്നു എന്നതാണ്. ജനജീവിതത്തെ നേരിട്ടു ബാധിക്കുന്ന വിഷയമായ പരിസ്ഥിതിലോലമേഖലാനിർണ്ണയത്തിൽ കേരളത്തിലെ വിവിധ ഭരണവകുപ്പുകളിൽനിന്ന് നടപടികൾ ഉണ്ടായിട്ടുണ്ട്. പരിസ്ഥിതിലോലമേഖലയിൽ ഉൾപ്പെട്ട മറ്റു സംസ്ഥാനങ്ങളിലൊന്നും തന്നെ സമാനനടപടികൾ ഉണ്ടായിട്ടില്ല. അതിനാൽത്തന്നെ കേരളസർക്കാരിന്റെ ഈ മണ്ഡലത്തിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയംതന്നെയാണ്. എന്നാൽ, ഉന്നതതല ഏകോപനം കൂടി ഈ വിഷയത്തിൽ ആവശ്യമാണ്. കേരളാഗവൺമെന്റ് നിയോഗിച്ച കമ്മറ്റികളുടെ ശുപാർശ കേന്ദ്രഗവൺമെന്റ് പുറത്തിറക്കിയ കരടുരേഖയിൽ ഇടംപിടിക്കാത്തത് എന്തുകൊണ്ടാണെന്നു പഠിക്കാനും അതിന്റെ പോരായ്മകൾ പരിഹരിക്കാനും പ്രവർത്തനങ്ങളുടെ ഉന്നതതല ഏകോപനം ആവശ്യമാണ്.

ജനവാസമേഖലയിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നതും മനുഷ്യജീവൻ അപഹരിക്കുന്നതും ഗൗരവമുള്ള വിഷയമാണ്. എല്ലാം കാടായിരുന്നു; കാട് മൃഗങ്ങളുടേതായിരുന്നു; മനുഷ്യനത് അപഹരിച്ചതാണ്; ഇപ്പോൾ മൃഗങ്ങളത് തിരിച്ചുചോദിക്കുന്നുവെന്നൊക്കെ എഴുതിവിടുന്ന കാല്പനികചിന്തകരോട് ഭൂമിയിൽ മനുഷ്യനുമില്ലായിരുന്നോ എന്ന മറുവാദം ഉന്നയിക്കേണ്ടിവരുന്നുണ്ട്. വനമധ്യത്തിൽ ജലവും ഭക്ഷണവും കിട്ടാതെ വരുന്നതുകൊണ്ട് മൃഗങ്ങൾ കാടിറങ്ങുന്നുവെന്നു പറയുമ്പോൾ വനത്തിൽ മൃഗങ്ങൾ പെരുകി എന്നാണർത്ഥം. കേരളത്തിലെ വനം-വന്യജീവിസംരക്ഷണവകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന്റെ തെളിവാണിത്. കൂടാതെ, വന്യജീവിസംരക്ഷണനിയമങ്ങളെക്കുറിച്ച് പൊതു അവബോധം സൃഷ്ടിക്കാനും നമുക്കായി. ഇനി സംരക്ഷണം ഉറപ്പുവരുത്തേണ്ടത് കൃഷിഭൂമിക്കും വിളവുകൾക്കുമാണ്. സമഗ്രതയാണ് ജനാധിപത്യം ലക്ഷ്യം വയ്ക്കേണ്ടത്. ഒന്നു ശ്രദ്ധിക്കുമ്പോൾ മറ്റൊന്നു സർക്കാരിന്റെ ശ്രദ്ധയിൽനിന്ന് ഒഴിവാകാൻ പാടില്ല. കാടും മനുഷ്യനും കൃഷിഭൂമിയും വിളകളും മെതിയും കൊയ്ത്തും കൂടുമ്പോഴാണ് ഒരു നാട് പൂർണമാകുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നു വിഷലിപ്തമായ പച്ചക്കറി വരുന്നുവെന്ന പത്രവാർത്ത വരുന്ന ആഴ്ചയിൽമാത്രം സ്വന്തം നാട്ടിൽ കൃഷി ചെയ്തു വിളവെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചാൽ പോരാ. യഥാർത്ഥപരിഹാരങ്ങൾക്കുവേണ്ടി ജനം വാതിലുകൾ മുട്ടുകയാണ്. കർഷകർ അസംഘടിതരായതിനാൽ അവരുടെ വിലാപങ്ങൾ പലപ്പോഴും ബധിരകർണങ്ങളിലാണു പതിക്കുന്നത്. അവരുടെ ലോകത്ത് ശമ്പളക്കമ്മീഷനുകൾക്കു പ്രസക്തിയില്ല; കുടുംബാരോഗ്യ ഇൻഷുറൻസുകളുടെ പ്രീമിയം സ്ഥിരവരുമാനമില്ലാത്ത ഈ അസംഘടിതജനതയ്ക്കു പലപ്പോഴും അചിന്തനീയമാണ്. നഷ്ടസ്വർഗങ്ങളുടെ കഥയാണ് കർഷകർക്കു പറയാനുള്ളത്. രാഷ്ട്രീയകക്ഷികളും എൻജിഒകളും പ്രശ്നപരിഹാരങ്ങൾക്കായി മുന്നിട്ടിറങ്ങണം. ജനങ്ങളെ

ക്ഷമയോടെ കേൾക്കാനും ആശങ്കകൾ മനസ്സിലാക്കാനും വസ്തുതകൾ അംഗീകരിക്കാനും അവർ മനസ്സുകാണിക്കണം. ഭരണാധികാരികൾ പ്രയോജനമുള്ള കാവൽക്കാരായിത്തീരണം.

ഒരു പ്രദേശത്തെ ESA ആയി പ്രഖ്യാപിക്കുമ്പോൾ അവിടെ അധിവസിക്കുന്ന ജനതയ്ക്ക് ആ പ്രഖ്യാപനം ഒരു ബാധ്യതയായി മാറുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. പരിസ്ഥിതിലോലമേഖലകളിൽനിന്ന് സ്ഥലം വിറ്റ് മറ്റിടങ്ങളിലേക്കു മാറാൻ ആഗ്രഹിക്കുന്നവർക്ക് നഷ്ടം വരാത്ത വില നൽകി അവരുടെ ഭൂമി വാങ്ങാൻ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സംയുക്തപദ്ധതികൾ തയ്യാറാക്കിയാൽ വലിയൊരുപരിധിവരെ ആശങ്കൾക്കു പരിഹാരമാകും. ഇത് ജനങ്ങളുടെ തീർത്തും യുക്തിഭദ്രവും ന്യായവുമായ ആവശ്യമായി കാണാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്കു കഴിയണം. റോഡ് വികസനത്തിനും ഐ.റ്റി. പാർക്കുകൾക്കും വിമാനത്താവളങ്ങൾക്കും സ്ഥലമേറ്റെടുക്കുന്ന നടപടികൾ നമുക്ക് പരിചിതമാണല്ലോ. പരിസ്ഥിതിലോലപ്രദേശങ്ങളിൽ താമസം തുടരുന്നവരെ ആ പ്രദേശത്തിന്റെ സംരക്ഷകരായി മാറ്റുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം. കാടിന്റെ സംരക്ഷകരായി പ്രദേശവാസികളെ ഇൻസെന്റീവുകളോടെ വിജയകരമായി ഇപ്പോൾത്തന്നെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. സംരക്ഷണച്ചുമതല ഒരു വരുമാനമാർഗംകൂടിയാകുമ്പോൾ പ്രദേശവാസികളുടെ സഹകരണം ന്യായമായും വർധിക്കും. ഇങ്ങനെ ഭരണകൂടത്തിന്റെ ഇച്ഛാശക്തിവഴി പരിസ്ഥിതിലോലപ്രദേശങ്ങളിലെ ജനജീവിതത്തിനു സംരക്ഷണവും ആ പ്രദേശങ്ങളിലെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനു വേതനവും ഉറപ്പുനല്കാമെങ്കിൽ ഗ്രാമസഭകൾതന്നെ തങ്ങളെ ESAയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടേക്കാം. എന്നാൽ, ഇപ്പോൾ നടക്കുന്ന പരിസ്ഥിതിലോലമേഖലാനിർണയയജ്ഞങ്ങളെ ജനങ്ങൾ സംശയത്തോടെയാണു കാണുന്നത്: യാതൊരു നഷ്ട

പരിഹാരവും അനുവദിക്കാതെ വാസമേഖലകളിൽനിന്ന് തങ്ങളെ ക്രമേണ പുകച്ചുപുറത്തുചാടിക്കുന്ന പദ്ധതിയായി ട്ടാണ് ജനങ്ങൾ ഇതിനെ വ്യാഖ്യാനിക്കുന്നത്. അതുകൊണ്ടാണ് ESA ഒരു വിവാദവിഷയമായി തുടരുന്നത്.

2024 ജൂലൈ 31-ന് കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ആറാം കരടുവിജ്ഞാപനം കേരള ത്തിലെ മലയോരമേഖലയിലെ ജനജീവിതത്തെ കൂടുതൽ ആശങ്കയിലാഴ്ത്തി. കാരണം, ജനവാസപ്രദേശങ്ങളും ജലാശ യങ്ങളും തോട്ടങ്ങളും പാറപ്രദേശങ്ങളും ഒറ്റപ്പെട്ട വനപ്രദേശ ങ്ങളും ഒഴിവാക്കി സംരക്ഷിതവനപ്രദേശങ്ങളും റിസർവ് വന ങ്ങളും അണക്കെട്ടുകളും ഉൾപ്പെടുന്ന 92 വില്ലേജുകളിലെ (വില്ലേജുകളുടെ അതിർത്തി പുനർനിർണയവും വിഭജനവും വഴി ഇപ്പോളത് 98 വില്ലേജുകളായി) 8656.46 ച.കി.മീ പരിസ്ഥി തിലോലപ്രദേശമായി (ESA) പ്രഖ്യാപിക്കണമെന്ന കേരള സർക്കാരിന്റെ ശുപാർശ ഈ കരടുവിജ്ഞാപനത്തിൽ ഇടം പിടിച്ചിട്ടില്ല. പകരം 131 വില്ലേജുകളുകളായി (123 വില്ലേജു കളാണ് കേന്ദ്രഗസർക്കാരിന്റെ പ്രാരംഭകണക്കിലുള്ളത്; മുക ളിൽപ്പറഞ്ഞിട്ടുള്ള വില്ലേജുകളുടെ വിഭജനം വഴി 123 എന്നത് 131 ആയി ഇപ്പോൾ രേഖപ്പെടുത്തിയിരിക്കുന്നു) 9993.7 ച.കി.മീ കേരളത്തിൽ പരിസ്ഥിതിലോലപ്രദേശമാണെന്ന (ESA) നില പാടിൽ കേന്ദ്രപരിസ്ഥിതിമന്ത്രാലയം അവസാനം പ്രസിദ്ധീക രിച്ച കരടുവിജ്ഞാപനത്തിലും ഉറച്ചുനിൽക്കുകയാണ്.

കരടുവിജ്ഞാപനത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളു ടെയും പ്രൊപ്പോസൽ ജിയോ കോർഡിനേറ്റ് മാപ്പുകളടക്കം കേന്ദ്രസർക്കാരിന്റെ പരിസ്ഥിതിമന്ത്രാലയ വെബ്സൈറ്റ് പ്രസിദ്ധപ്പെടുത്തിയപ്പോൾ കേരളത്തിന്റെ മാപ്പ് നൽകിയില്ല. പകരമായി കേരളത്തിന്റെ മാപ്പ്പ്രൊപ്പോസൽ കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ നിന്നു ലഭിക്കുന്നതിനുള്ള ലിങ്കാണ് നൽകിയിരിക്കുന്നത്. അതിനു കാരണം ഈ വിഷയം ഗൗരവത്തിലെടുത്തു പഠിച്ച് പുതിയ

മാപ്പ് പ്രൊപ്പോസൽ നല്കിയ ഏകസംസ്ഥാനം കേരളമാണ്. എന്നാൽ, ഈ മാപ്പ് പ്രൊപ്പോസൽ കേന്ദ്രവെബ്സൈറ്റിലേക്കു പരിഗണിച്ച് അതിൽത്തന്നെ ഉൾപ്പെടുത്തിയാലേ അതിന് പൂർണമായ അംഗീകാരമാകുന്നുള്ളൂവെന്നു ന്യായമായും കരുതാം. കൂടാതെ, കേരളം സമർപ്പിച്ച മാപ്പ് പ്രൊപ്പോസലിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനം ആവശ്യപ്പെട്ട സ്ഥലങ്ങൾ ഇപ്പോഴും കേന്ദ്രസർക്കാരിറക്കിയ കരടുവിജ്ഞാപനത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. അതിനാലാണ് ഈ വിഷയത്തിന്റെ ഏകോപനച്ചുമതല സംസ്ഥാനസർക്കാർ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കണമെന്ന് ഇവിടെ നിർദ്ദേശിക്കുന്നത്. കരടുവിജ്ഞാപനത്തിൽ പരിസ്ഥിതിലോലമേഖലയിൽനിന്ന് ഒഴിവാക്കേണ്ടിയിരുന്ന കോട്ടയം ജില്ലയിലെ കൂട്ടിക്കൽ, മേലുകാവ്, തീക്കോയി, പൂഞ്ഞാർ തെക്കേക്കര പ്രദേശങ്ങളിലെ ജനങ്ങൾ തങ്ങൾ ഇതുവരെയും ഉയർത്തിയ ഉത്കണ്ഠകളും പരാതികളും തമസ്കരിക്കപ്പെട്ടതിൽ തീർത്തും നിരാശരാണ്. വനഭൂമിയുടെ അംശംപോലുമില്ലാത്ത ഈ പ്രദേശങ്ങളും മറ്റു ജില്ലകളിലെ ഏതാനും പ്രദേശങ്ങളും ഒഴിവാക്കാനുള്ള കേരളത്തിന്റെ നിർദ്ദേശം റവന്യു-ഫോറസ്റ്റ് വകുപ്പുകളെ ഉൾപ്പെടുത്തിയുള്ള ഫിസിക്കൽ വേരിഫിക്കേഷനുശേഷമുള്ളതാണ്. എന്നാൽ, കേന്ദ്രകരടുവിജ്ഞാപനത്തിന്റെ ആധാരം ഉപഗ്രഹമാപ്പിങ്വഴി ലഭ്യമായ രേഖകൾമാത്രമാണെന്നതാണ് ഏറ്റവും ദൗർഭാഗ്യകരം. ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനസർക്കാർ മുന്നിട്ടുനടത്തിയ വിശദമായ പഠനത്തെ ഗൗരവമായി കണക്കിലെടുത്ത് കേന്ദ്രസർക്കാർ അംഗീകരിക്കേണ്ടതായിരുന്നു.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുക എന്ന സദുദ്ദേശ്യത്തെ എല്ലാവരും പിൻതാങ്ങുന്നുണ്ട്. പരിസ്ഥിതിയെ തകർത്തുകൊണ്ടുള്ള വ്യാപാര നിക്ഷേപങ്ങൾ പരിസ്ഥിതിലോലമേഖലകളിൽ നടത്തിയത് റിയൽ എസ്റ്റേറ്റ്-ക്വാറി മാഫിയകളാണ്. ഇവർക്ക് മൂക്കുകയറി

ടാനുള്ള ഇച്ഛാശക്തി സർക്കാർ ആദ്യം കാണിക്കണം. വനമേഖല അല്പംപോലുമില്ലാത്ത തീർത്തും ജനവാസമേഖലയായിട്ടുള്ള പ്രദേശങ്ങളെ പരിസ്ഥിതിലോലപ്രദേശമായി കണക്കാക്കരുതെന്ന് കേന്ദ്രപരിസ്ഥിതിമന്ത്രാലയത്തെ വസ്തുതകളുടെ വെളിച്ചത്തിൽ ബോധ്യപ്പെടുത്താൻ ചീഫ് സെക്രട്ടറിതലത്തിൽ കേരളസർക്കാർ ഇടപെടണം. കൃഷിയും കർഷകരും പരിസ്ഥിതിയുടെയും പ്രകൃതിയുടെയും യഥാർത്ഥസംരക്ഷകരാണെന്ന യുക്തിസഹവും പ്രഥമവുമായ അനുമാനത്തിലായിരിക്കണം കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ പദ്ധതികൾ തുടർന്നും വിഭാവനം ചെയ്യേണ്ടത്. പ്രകൃതിയുടെ താളമാണ് കൃഷിയുടെ താളം. കർഷകൻ അന്നദാതാവാണ്. ബൈബിളിൽ ദൈവം ഏദൻതോട്ടത്തിൽ നിൽക്കുന്ന ആദ്യമനുഷനായ ആദത്തോടു സംസാരിക്കുന്നു. ഏദൻതോട്ടത്തിന്റെ സംരക്ഷകനായിരുന്നു ആദം. പരിസ്ഥിതിയുടെ സംരക്ഷണം മനുഷ്യനിയോഗമാണ്. യാഥാർത്ഥ്യബോധമുള്ള പദ്ധതികൾ ആ സംരക്ഷണോദ്യമത്തെ ഏറ്റവും ഫലപ്രദമാക്കും.

---

NB: ഈ ലേഖനം 2024 ഒക്ടോബർ 10-ാം തീയതി ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്.



# മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 38–ാം ചരമവാർഷികം

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് **2024 നവംബർ 21–ാം തീയതി 38 വർഷം** പൂർത്തിയാവുകയാണ്. **നവംബർ 21–ാം തീയതി വ്യാഴാഴ്ച രാവിലെ 6.45 ന് പാലാ സെന്റ് തോമസ് കത്തീഡ്രലിൽ** വിശുദ്ധ കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

# അറിയിപ്പ്

ഈ വർഷത്തെ സബർമതിമിഷൻദിനം നവംബർ 24 ഞായറാഴ്ചയാണല്ലോ. അന്നത്തെ സംഭാവനശേഖരണം സബർമതിമിഷനെ സഹായിക്കാൻവേണ്ടിയാണ്. അന്നേ ദിവസം പിരിഞ്ഞുകിട്ടുന്ന തുക ഡിസംബർ മാസം പതിനഞ്ചാം തീയതിക്കകം 'Thoma Marg Religious Trust' എന്ന വിലാസത്തിൽ ചെക്ക് എഴുതി നമ്മുടെ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ.

## വൈദികസമ്മേളനം & ADCP ജനറൽ ബോഡി മീറ്റിംഗ്

നമ്മുടെ രൂപതയിലെ വൈദികരുടെ സമ്മേളനം (പ്രസ്ബിത്തേരിയം) ഡിസംബർ 18-ാം തീയതി ബുധൻ രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നു. തുടർന്ന് ADCP ജനറൽ ബോഡി മീറ്റിങ്ങും ഉണ്ടായിരിക്കും.

## പാലാ രൂപത
## നസ്രാണി കലണ്ടർ

2025 വർഷത്തെ കലണ്ടർ മംഗളവാർത്തക്കാലം (2024 ഡിസംബർ) മുതൽ ഉപയോഗം തുടങ്ങാവുന്ന വിധത്തിൽ തയ്യാറാക്കുന്നു.

വീടുകളിൽ നൽകാൻ ആഗ്രഹം ഉള്ളവർ ഇടവകകളിൽ ആവശ്യമുള്ള എണ്ണം ഈ മാസം (നവംബർ) 15 ന് മുമ്പ് ഓർഡർ ചെയ്യുക. വില 30 രൂപയാണ്. ഉചിതമായ പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്.

(വിവരങ്ങൾക്ക് ബന്ധപ്പെടുക : 9496542361

- ഫാ. സിറിൽ തോമസ് തയ്യിൽ)

# WAYANAD RELIEF FUND

| | | | PARISHES | |
|---|---|---|---|---|
| **ARUVUTHURA** | 4977 | 1 | Aruvithura | 224310 |
| | 5014 | 2 | Chemmalamattom | 137010 |
| | 4886 | 3 | Chennad | 25000 |
| | 4941 | 4 | Chettuthodu | 30000 |
| | 4936 | 5 | Edamaruk | 86900 |
| | 5029 | 6 | Kalathookadavu | 103800 |
| | 5007 | 7 | Moonnilav | 158850 |
| | 4896 | 8 | Maniyamkulam | 51800 |
| | 4856 | 9 | Nellappara | 21000 |
| | 4925 | 10 | Piusmount | 121000 |
| | 4975 | 11 | Thidanad | 50500 |
| | 4969 | 12 | Vakakkadu | 60100 |
| | 5036 | 13 | Varianikkadu | 9000 |
| **BHARANANGANAM** | 4859 | 1 | Ambaranirappel | 54000 |
| | 4892 | 2 | Bharananganam | 465970 |
| | 4867<br>4988 | 3 | Choondacherry | 76700 |
| | 4943 | 4 | Edappady | 134680 |
| | 4845 | 5 | Idamattom | 65000 |
| | 5045 | 6 | Kizhaparayar | 129700 |
| | 4928 | 7 | Mallikasserry | 30000 |
| | 5048 | 8 | Paika | 51460 |
| | 4903 | 9 | Plassanal | 111111 |
| | | 10 | Poovathodu | |
| | 4939 | 11 | Vilakkumadom | 243750 |
| **CHERPUMKAL** | 4990<br>4991 | 1 | Alphonsagiri | 108120 |
| | 4932 | 2 | Chempilavu | 104001 |
| | 5003 | 3 | Cherpumkal | 160000 |

| | | | | |
|---|---|---|---|---|
| | 5022<br>5058 | 4 | Kadaplamattom | 68750 |
| | 4898 | 5 | Kanjiramattom | 230000 |
| | 4933 | 6 | Karimpani | 21280 |
| | 4983 | 7 | Kozhuvanal | 237600 |
| | 4876 | 8 | Kuruvinal | 61610 |
| | 4995 | 9 | Manalumkal | 114170 |
| | 4885 | 10 | Mangalaram | 43000 |
| | 4869<br>5050 | 11 | Manjamattom | 64350 |
| | 4855 | 12 | Mattakara | 174000 |
| | 4961 | 13 | Moozhoor | 300000 |
| | 5043<br>5044 | 14 | Paduva | 15000 |
| | 4938 | 15 | Palayam | 20000 |
| **ELANJI** | 4921 | 1 | Elanji | 250000 |
| | 5026 | 2 | Josegiri | 102555 |
| | 5046 | 3 | Kakkoor | 60000 |
| | 5034 | 4 | Koothattukulam | 110000 |
| | 4895 | 5 | Marangoly | 53600 |
| | 5039 | 6 | Mulakkulam | 75000 |
| | 4880 | 7 | Mutholapuram | 235400 |
| | 5051 | 8 | Periyappuram | 30000 |
| | 4946 | 9 | Piravam | 140310 |
| | 4832 | 10 | Santhipuram | 62710 |
| | 4994 | 11 | Thirumaradi | 95700 |
| | 4891 | 12 | Vadakara | 101000 |
| | 4956 | 13 | Xavierpuram | 88141 |
| **KADANAD** | 4934 | 1 | Anthinad | 425614 |
| | | 2 | Aimcombu | |
| | 4974 | 3 | Geovalley | 20300 |
| | 4922 | 4 | Kadanad | 267110 |
| | 4923 | 5 | Kavumkandam | 58380 |

| | | | | |
|---|---|---|---|---|
| | 4881<br>5030 | 6 | Kurumannu | 173690 |
| | 4873 | 7 | Manathoor | 82939 |
| | 4836<br>4837<br>4838<br>4839<br>4840 | 8 | Pizhaku (Urumbukavu) | 75710 |
| **KADUTHURUTHY** | 4963 | 1 | Arunnoottimangalam | 249500 |
| | 5000 | 2 | Kaduthuruthy | 138900 |
| | 4816<br>4916 | 3 | Keezhoor | 70000 |
| | 4962 | 4 | Mannar | 232300 |
| | 4914 | 5 | Poozhikol | 26360 |
| | 4952 | 6 | Thuruthypally | 240000 |
| **KOOTTICKAL** | 5016 | 1 | Cholathadam | 16650 |
| | 4982 | 2 | Kavaly | 39000 |
| | 5041 | 3 | Koottickal | 136200 |
| | 5049 | 4 | Malayinchipara | 96510 |
| | 4830 | 5 | Parathanam | 206041 |
| | 4918 | 6 | Velanilam | 52870 |
| | 4989 | 7 | Yendayar | 138348 |
| **KOTHANALLOOR** | 5027 | 1 | Kalathoor | 40000 |
| | 4864 | 2 | Kothanallor | 146000 |
| | 4949 | 3 | Mannarappara | 501131 |
| | 4901 | 4 | Manvettom | 94300 |
| | 5042 | 5 | Nambiakulam | 166250 |
| | 4888 | 6 | Perumthuruth | 67000 |
| | 4884 | 7 | Sleevapuram | 30000 |
| | 4889 | 8 | Vedagiri | 115000 |
| | 4972 | 9 | Eravimangalam | 44500 |
| **KURAVILANGAD** | 4902 | 1 | Kalikavu | 172101 |
| | 4883 | 2 | Kattampak | 76550 |

| | | | | |
|---|---|---|---|---|
| | 4803 | 3 | Koodaloor | 100000 |
| | 4985<br>4986<br>4987<br>5032 | 4 | Kuravilangad | 1493600 |
| | 4976 | 5 | Kuruchithanam | 140250 |
| | 4951 | 6 | Mannackanad | 182320 |
| | 4868<br>4960 | 7 | Marangattupally | 279110 |
| | 4846<br>4973 | 8 | Monipally (Cheenkallel) | 312851 |
| | 4929 | 9 | Palakkattumala | 85800 |
| | 4887 | 10 | Retnagiri | 121912 |
| | 4981 | 11 | Udayagiri | 144810 |
| | 4984 | 12 | Vakkad | 72500 |
| | 4966 | 13 | Vayala | 184360 |
| **MOOLAMATTOM** | 5031 | 1 | Arakkulam New | 46730 |
| | 4958 | 2 | Arakkulam Old | 26270 |
| | 4870 | 3 | Edadu | 9500 |
| | 4999 | 4 | Elappally | 19660 |
| | 4865 | 5 | Kudayathoor | 128620 |
| | 4957 | 6 | Kulamaavu | 25550 |
| | 4997 | 7 | Lourdes Mount | 14500 |
| | 4874 | 8 | Moolamattom | 163950 |
| | 4992 | 9 | Velliamattom | 43750 |
| | 4842 | 10 | Vimalagiri (Chakkikavu) | 24055 |
| **MUTTUCHIRA** | 4968 | 1 | Alphonsapuram | 39100 |
| | 5010 | 2 | Fathimapuram | 138780 |
| | 4915 | 3 | Kanjirathanam | 60000 |
| | 4882 | 4 | Jaigiri | 83000 |
| | 4964 | 5 | Malapuram | 72101 |
| | 5024 | 6 | Muttuchira | 717171 |
| | 4942 | 7 | Valachira | 50000 |

| | | | | |
|---|---|---|---|---|
| **POONJAR** | | 1 | **Adivaram** | |
| | 4998 | 2 | Kaippally | 43130 |
| | 4866 | 3 | Kunnonni | 104790 |
| | 4967 | 4 | Maniankunnu | 46000 |
| | 5017 | 5 | Payyanithottam | 23000 |
| | 4879 | 6 | Perigulam | 125370 |
| | 4930<br>5009 | 7 | Poonjar | 336421 |
| | 4857<br>4858 | 8 | Thakadi | 11000 |
| **PRAVITHANAM** | 5008 | 1 | Elamthottam | 126320 |
| | 4852 | 2 | Kaveekunnu | 105501 |
| | 5033 | 3 | Kayoor | 75730 |
| | 4843 | 4 | Mundankal | 127100 |
| | 4844 | 5 | Narianganam | 66000 |
| | 4897 | 6 | Pravithanam | 113400 |
| | 4978 | 7 | Ullanad | 40300 |
| | 4937 | 8 | Vezhanganam | 79050 |
| **RAMAPURAM** | 5025 | 1 | Anthialam | 59630 |
| | 4893 | 2 | Chakkampuzha | 122475 |
| | 4899 | 3 | Chittar | 40000 |
| | 4926 | 4 | Ezhacherry | 9000 |
| | 4872 | 5 | Karoor | 25000 |
| | 4877 | 6 | Kondad | 54600 |
| | 4944 | 7 | Kurinji | 33600 |
| | 4980 | 8 | Neeramthanam | 57000 |
| | 4917 | 9 | Poovakulam | 2100 |
| | 4959 | 10 | Ramapuram | 472160 |
| **TEEKOY** | 4948 | 1 | Ayyampara | 20330 |
| | 5002 | 2 | Adukkam | 78240 |
| | 5023 | 3 | Mangalagiri | 12830 |
| | 4945 | 4 | Mavadi (Velathusserry) | 64490 |

| | | | | |
|---|---|---|---|---|
| | 4971 | 5 | Santhigiri | 14700 |
| | 4841<br>5053-55 | 6 | Teekoy | 119875 |
| | 4894 | 7 | Vagamon | 95000 |
| | 4996 | 8 | Vellikulam | 40000 |
| **THUDANGANAD** | 4833 | 1 | Galgultha (Mattathippara) | 27000 |
| | 4913 | 2 | Jose Mount (illiary) | 20070 |
| | 5018 | 3 | Kakombu | 49910 |
| | 5019 | 4 | Maryland | 40000 |
| | 4871 | 5 | Melukavumattom | 66000 |
| | 4875 | 6 | Neeloor | 45000 |
| | 5001 | 7 | Sibigiri | 102900 |
| | 4924 | 8 | Thudanganad | 32000 |
| **PALA CATHEDRAL** | 4806<br>4970 | 1 | Arunapuram | 180000 |
| | 4954 | 2 | Kizhathadiyoor | 160690 |
| | 5028 | 3 | Kudakkachira | 142970 |
| | 4931 | 4 | Lalam New | 45678 |
| | 4820<br>5004<br>5005<br>5006<br>5056 | 5 | Lalam Old | 348593 |
| | 4860<br>4861<br>4862 | 6 | Meenachil | 65050 |
| | 4919<br>4965 | 7 | Mevada | 204282 |
| | 4940<br>5057 | 8 | Moonnani | 128150 |
| | 4835<br>4920 | 9 | Mutholy | 141550 |
| | 5038 | 10 | Nelliani | 30000 |
| | 4953 | 11 | Paigalam | 66300 |

| | | | | |
|---|---|---|---|---|
| | 4904- 4911<br>4979 | 12 | Palai Cathedral | 270467 |
| | 4863 | 13 | Palakkad | 19500 |
| | 4955 | 14 | Poovarani | 136550 |
| | 4947 | 15 | Thodanal | 100000 |
| | 5015,<br>5052 | 16 | Urulikunnam | 18550 |
| | 4850 | 17 | Valavoor | 70000 |

NB : ആദ്യ ഗഡു 1 കോടി 10 ലക്ഷം രൂപ കെ.സി.ബി.സിക്കു കൈമാറി.




## മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**60 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി മാർ സ്ലീവാ മെഡിസിറ്റി**

മാർ സ്ലീവാ മെഡിസിറ്റിയിൽ 60 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയതോടനുബന്ധിച്ചു ശസ്ത്രക്രിയയ്ക്കു വിധേയരായവരെ ഉൾപ്പെടുത്തി നടത്തിയ സംഗമം കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് ആൻഡ് റിസർച്ചിന്റെ സ്കോളർഷിപ്പ് പ്രഖ്യാപനം മാണി സി. കാപ്പൻ എം.എൽ.എ. നിർവ്വഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മഞ്ജുള രാമചന്ദ്രൻ, യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. വിജയ് രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

സംഗമത്തിൽ പങ്കെടുത്തവർക്കുവേണ്ടി ആരോഗ്യബോധവത്കരണ ചർച്ചയും നടന്നു. നെഫ്രോളജി വിഭാഗം കൺസൾട്ടന്റുമാരായ ഡോ. തോമസ്

മാത്യു, ഡോ. തരുൺ ലോറൻസ്, യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ആൽവിൻ ജോസ്. പി, ചീഫ് ഡയറ്റീഷ്യൻ ജിജിനു. ജെ. എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അത്യാഹിതവിഭാഗം**

മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിലെ അത്യാഹിതവിഭാഗത്തിന്റെ സേവനങ്ങൾ മാർ സ്ലീവാ മെഡിസിറ്റി പാലായുടെ നേതൃത്വത്തിൽ വിപുലീകരിച്ചു പ്രവർത്തനം ആരംഭിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിലെ എമർജൻസി ഫിസിഷ്യൻമാരുടെ മേൽനോട്ടത്തിൽ അന്താരാഷ്ട്രനിലവാരമുള്ള അടിയന്തര ചികിത്സ 24 മണിക്കൂറും മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിലെ അത്യാഹിതവിഭാഗത്തിൽ ലഭ്യമാക്കുന്ന സംവിധാനമാണ് നിലവിൽ വന്നത്. ആധുനികചികിത്സാസൗകര്യങ്ങളോടെ നവീകരിച്ച അത്യാഹിതവിഭാഗത്തിന്റെ ആശീർവാദകർമ്മം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. തുടർന്നുനടന്ന സമ്മേളനത്തിൽ ഫ്രാൻസിസ് ജോർജ് എംപി ഉദ്ഘാടനം നിർവ്വഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു.

ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റ് ചെയർമാനും, മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടറുമായ മോൺ. ഡോ.ജോസഫ് കണിയോടിക്കൽ, മുട്ടുചിറ ഹോളി ഗോസ്റ്റ് ഫൊറോന ചർച്ച് വികാരി വെരി റവ. ഫാ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ, ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ റവ.ഡോ. അലക്സ് പണ്ടാരക്കാപ്പിൽ, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. എബിസൺ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

**സ്വകാര്യബസിനുള്ളിൽ കുഴഞ്ഞുവീണ യുവാവിന്<br>ജീവനക്കാർ ചികിത്സ ഉറപ്പാക്കി**

സ്വകാര്യബസിനുള്ളിൽ കുഴഞ്ഞുവീണ യുവാവിനെ ബസ് ജീവനക്കാർ ഉടൻ മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചു അടിയന്തരചികിത്സ ഉറപ്പാക്കി. പാലാ - ഗാന്ധിനഗർ റൂട്ടിൽ സർവീസ് നടത്തുന്ന എം.& എം. ബസിലായിരുന്നു സംഭവം. ആർപ്പൂക്കര സ്വദേശിയായ യുവാവാണ് കുമ്മണ്ണൂർ ഭാഗത്ത് വച്ച് അപസ്മാര ബാധിതനായി സീറ്റിൽനിന്നു കുഴഞ്ഞുവീണത്. കണ്ടക്ടർ ഉണ്ണി യുവാവിനെ മടിയിലേക്ക് എടുത്തുകിടത്തിയശേഷം ബസ് നേരേ മാർ സ്ലീവാ മെഡിസിറ്റിയിലേക്കു തിരിക്കുകയായിരുന്നു. ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ച യുവാവ് സുഖം പ്രാപിക്കുകയും ചെയ്തു. ഡ്രൈവർ കുറവിലങ്ങാട് സ്വദേശി ഷാനിന്റെയും കണ്ടക്ടർ കിടങ്ങൂർ സ്വദേശി ഉണ്ണിയുടേയും നന്മ നിറഞ്ഞ പ്രവൃത്തിയെ ആശുപത്രി അധികൃതരും അനുമോദിച്ചു.

**ബോധവത്കരണ ക്ലാസ്സ് - അയർക്കുന്നത്തും പാലായിലും**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ, പാലാ ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ, 'മാനസികാരോഗ്യം' എന്ന വിഷയത്തിൽ ബോധവത്ക

രണ്ട ക്ലാസ്സ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ രക്തദാനക്യാമ്പ് – അറക്കുളത്ത്**

അറക്കുളം സെന്റ് മേരീസ് പുത്തൻപള്ളിയുടെ നേതൃത്വത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് സൗജന്യ രക്തദാനക്യാമ്പ് നടത്തി.

**വനിതകൾക്കായി മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കങ്ങഴ മുസ്ലീം പള്ളി, കങ്ങഴ മുസ്ലീം ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുമായി സഹകരിച്ച് വനിതകൾക്കായി മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. മാർ സ്ലീവാ മെഡിസിറ്റിയിലെ വിവിധ വിഭാഗങ്ങളിലെ വിദഗ്ധ വനിതാ ഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ രക്തദാന ക്യാമ്പ് – പാലാ, ചേർപ്പുങ്കൽ, കിടങ്ങൂർ**

പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ, ചേർപ്പുങ്കൽ ഹോളി ക്രോസ് എച്ച്.എസ്.എസ്, കിടങ്ങൂർ എൻഎസ്എസ് എച്ച്.എസ്.എസ്. എന്നിവയുടെ നേതൃത്വത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് സൗജന്യ രക്തദാനക്യാമ്പ് നടത്തി.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – രാമപുരത്ത്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ രാമപുരം മാർ ആഗസ്തിനോസ് കോളജിൽ ബോധവത്കരണ ക്ലാസ്സ് നടത്തി. ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. സിസ്റ്റർ ബെറ്റി വർഗീസ് ക്ലാസ്സ് നയിച്ചു.

**സൗജന്യവൈദ്യസഹായം നൽകി.**

രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിൽ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യവൈദ്യസഹായം ഒരുക്കി.

**സൗജന്യ ബി.എൽ.എസ്. പരിശീലനപരിപാടി – മണർകാട്, കുറവിലങ്ങാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മണർകാട് ഐ.ജെ.ബി.സി ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്കും, കുറവിലങ്ങാട് ദേവമാതാകോളജിലെ വിദ്യാർഥികൾക്കുംവേണ്ടി സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – കൂട്ടിക്കൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ സെന്റ് ജോർജ് ഫൊറോന പള്ളിയുമായി സഹകരിച്ചു സൗജന്യമെഡിക്കൽക്യാമ്പ് കൂട്ടിക്കൽ വെട്ടിക്കൽ കെ.സി.എം. സ്കൂളിൽ നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**ഡോ. ജോൺസ് ടി. ജോൺസൺ ചുമതലയേറ്റു.**

മാർ സ്ലീവാ മെഡിസിറ്റി എൻഡോക്രൈനോളജി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. ജോൺസ് ടി. ജോൺസൺ ചുമതലയേറ്റു.

**ഡോ. സ്റ്റിൻസൺ എ. തോമസ്, ഡോ. അജിത് ഫിലിപ്പ് അലക്സ് എന്നിവർ ചുമതലയേറ്റു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിംഗ് വിഭാഗത്തിൽ റേഡിയോളജിസ്റ്റുമാരായി ഡോ. സ്റ്റിൻസൺ എ. തോമസ്, ഡോ. അജിത് ഫിലിപ്പ് അലക്സ് എന്നിവർ ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജയിംസ് അത്തിക്കളം (സാഗർ രൂപത)

മാർ ജോർജ് വലിയമറ്റം (തലശ്ശേരി രൂപത മുൻ ആർച്ചുബിഷപ്)

**വിശുദ്ധപദവി പ്രഖ്യാപനവാർഷികം**

വിശുദ്ധ അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ പതിനാറാം വാർഷികം ആഘോഷിച്ചു. അന്ന് വൈകുന്നേരം അഞ്ചിന് കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറൽ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കലിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന്, മെഴുകുതിരിയുമേന്തി ആയിരങ്ങൾ പങ്കെടുത്ത ആഘോഷമായ ജപമാലപ്രദക്ഷിണവും നടന്നു. തുടർന്ന് നേർച്ചവെഞ്ചരിപ്പും വിതരണവും നടത്തി.

**'പ്രേമോത്സർഗ്ഗ്"– ഹിന്ദിദേശീയ സെമിനാർ**

"സ്ലീവാ" ആത്മീയവർഷത്തിന്റെ ഭാഗമായി അൽഫോൻസാമ്മയുടെ വിശുദ്ധപദവിപ്രഖ്യാപനത്തിന്റെ വാർഷികം പ്രമാണിച്ച് സെന്റ് അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽവച്ച് 'പ്രേമോത്സർഗ്ഗ്' എന്ന പേരിൽ ഹിന്ദി ദേശീയ സെമിനാർ നടത്തി. അൽഫോൻസാമ്മയുടെ ജീവിതവും ആധ്യാത്മികതയും സംബന്ധിച്ച് ആഴത്തിൽ പഠിക്കുന്നതിനായാണ് സെമിനാർ സംഘടിപ്പിച്ചത്.

എം.എസ്.ടി. ഡയറക്ടർ ജനറൽ ഡോക്ടർ വിൻസന്റ് കദളിക്കാട്ടിൽ പുത്തൻപുര സെമിനാർ ഉദ്ഘാടനം ചെയ്തു. തീർത്ഥാടനകേന്ദ്രം റെക്ടർ ഫാദർ ആഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. എഫ്.സി.സി. ഭരണങ്ങാനം പ്രൊവിൻഷ്യൽ സിസ്റ്റർ ജെസിമരിയ, എം.എസ്.ടി. വൈസ് ഡയറക്ടർ ജനറൽ ഡോ. ജോസഫ് തെക്കേക്കരോട്ട് എന്നിവർ പ്രസംഗിച്ചു. ഡോ.പി.ജെ. ഹെർമൻ, റവ.ഡോ. ജോർജ് കാരാംവേലി, ഡോ. സി. കൊച്ചുറാണി ജോസഫ് എസ്.എ.ബി.എസ്. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഡോക്ടർ നീരദ മരിയ കുര്യൻ, ഫാ. ബാബു കാക്കാനിയിൽ SVD, ഡോ. ബ്രിജിത് പോൾ, ഡോ. കെ.എം. മാത്യു എന്നിവർ വിവിധ സെഷനുകൾക്ക് മോഡറേറ്റർമാർ ആയിരുന്നു. ഫാ. ബിജു താന്നിനിൽക്കുംതടത്തിൽ, ഡോ. ജസ്റ്റി ഇമ്മാനുവൽ, ഡോ. ശോഭിത സെബാസ്റ്റ്യൻ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

**ഡീക്കൻ മിനിസ്ട്രി**

സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ കഴിഞ്ഞ ആറുമാസക്കാലം ഡീക്കൻ മിനിസ്ട്രി ചെയ്തുവന്നിരുന്ന സി.എം.ഐ. സഭാംഗമായ ഡീക്കൻ അമൽ ഇടത്തിൽ, തന്റെ ഡീക്കൻ മിനിസ്ട്രി പൂർത്തിയാക്കി മൈസൂറിലേക്കു തിരികെപ്പോയി. ബഹുമാനപ്പെട്ട ഡീക്കന് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2024 ഒക്ടോബർ 6 ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം 26-ാം തീയതി രാത്രി ആരാധന നടത്തപ്പെട്ടു. വൈകുന്നേരം 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന ഞായറാഴ്ച രാവിലെ 4 മണിക്കുള്ള വി. കുർബാനയോടെ സമാപിച്ചു. ഫാ. ബിനോയി മാരിപ്പാട്ട് സി.എം.ഐ. ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**വിദേശത്തുനിന്നുള്ള തീർത്ഥാടകരുടെ സന്ദർശനം**

ഒക്ടോബർ മാസത്തിൽ വിവിധ വിദേശരാജ്യങ്ങളിൽനിന്നുള്ള തീർത്ഥാടകസംഘങ്ങൾ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുകയുണ്ടായി.

**രാത്രിയാരാധന**

വിശുദ്ധ അൽഫോൻസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ പതിനാറാം വാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 11 വെള്ളിയാഴ്ച ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ രാത്രിയാരാധന നടത്തി. റവ.ഫാ. തോമസ് കാഞ്ഞിരക്കോണം OFM Cap. ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**തീർത്ഥാടനപദയാത്ര**

ഒക്ടോബർ മാസം 13 ഞായറാഴ്ച പാലാ രൂപതയിലെ ചൂണ്ടച്ചേരി ഇടവകാംഗങ്ങൾ ബഹുമാനപ്പെട്ട വികാരി ഫാദർ തോമസ് കാലാച്ചിറയുടെ നേതൃത്വത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിലേക്ക് തീർത്ഥാടനപദയാത്ര നടത്തി.

**ഒക്ടോബർ മാസത്തിൽ ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകിയവർ**

ഒക്ടോബർ 5 - പൂഴിക്കോൽ

ഒക്ടോബർ 19 - കടുത്തുരുത്തി

ഒക്ടോബർ 26 - ഇരവിമംഗലം

**നവംബർ മാസത്തിൽ ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകുന്നവർ**

നവംബർ 2 - ചക്കിക്കാവ്
നവംബർ 9 - ലൂർദ്മൗണ്ട്
നവംബർ 23 - ഇലപ്പള്ളി

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ്**

2024-2025 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ്സുകൾ ഒക്ടോബർ 02,31 എന്നീ തീയതികളിൽ നടന്നു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ക്ലാസ്സുകൾ നയിച്ചു.

നവംബർ മാസത്തിലെ ക്ലാസ്സുകൾ :

നവംബർ 9 - Liturgy : Rev. Dr. George Varghese Njarakunnel

**2. പാലാ രൂപത കലോത്സവം**

ഈ വർഷത്തെ രൂപതാതല വിശ്വാസപ്രേഷിതപരിശീലനകലോത്സവം 2024 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ ളാലം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ളാലം ഓൾഡ് പാരിഷ് ഹാൾ, ളാലം ന്യൂ പാരിഷ് ഹാൾ ഉൾപ്പെടെ 16 വേദികളിലായാണ് മത്സരങ്ങൾ നടന്നത്. ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയ സൺഡേസ്കൂളുകൾ:

| | **A വിഭാഗം** | **B വിഭാഗം** | **C വിഭാഗം** |
|---|---|---|---|
| Ist | പറത്താനം | മൂലമറ്റം | രാമപുരം |
| IInd | മാവടി | മേലുകാവുമറ്റം | ചേർപ്പുങ്കൽ |
| IIIrd | അറുനൂറ്റിമംഗലം | കാഞ്ഞിരത്താനം | തീക്കോയി |

**ഏറ്റവും കൂടുതൽ പോയിന്റ് നേടിയ മേഖലകൾ**

| | |
|---|---|
| Ist | രാമപുരം |
| IInd | ചേർപ്പുങ്കൽ |
| IIIrd | അരുവിത്തുറ |

**3. സംസ്ഥാനകലോത്സവം**

ഈ വർഷത്തെ സംസ്ഥാനകലോത്സവം 2024 നവംബർ 9 ശനിയാഴ്ച പാലക്കാട് ജില്ലയിലെ മുണ്ടൂർ (ഏഴക്കാട്) ഉള്ള യുവക്ഷേത്ര കോളേജിൽ (YIMS) വച്ച് നടക്കും. രൂപതാമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടി വിജയികളായവർ സംസ്ഥാനകലോത്സവത്തിൽ പങ്കെടുക്കും.

**4. ഒന്നാം ടേം പരീക്ഷ**

വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2024 ഒക്ടോബർ 27 ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യപ്പേപ്പറുകൾ ഒക്ടോബർ 26 ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു വിതരണം ചെയ്തു.

**5. അധ്യാപകസംഗമം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2024 ഒക്ടോബർ 20 -ാം തീയതി ആറാം ക്ലാസിലെ അധ്യാപകർക്കായി പ്രത്യേക സംഗമം നടത്തി. പാഠപുസ്തകത്തെ സംബന്ധിച്ചുള്ള ഉൾക്കാഴ്ചകളും നിർദേശങ്ങളും ഈ സംഗമത്തിൽ പങ്കുവച്ചു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സംഗമത്തിൽ സിനോബി വട്ടോത്ത് ക്ലാസുകൾ നയിച്ചു. ഉപപാഠപുസ്തകത്തെ ആസ്പദമാക്കി ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത് ക്ലാസ് നയിച്ചു.

**6. Mission Quest**

സീറോ മലബാർ സഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധന കമ്മീഷനും സംയുക്തമായി സംഘടിപ്പിക്കുന്ന Mission Quest എന്ന പേരിലുള്ള ഓൺലൈൻ ക്വിസ് മത്സരത്തിന്റെ രൂപതാതലമത്സരം 2024 ഡിസംബർ 14 നു നടക്കും.

**7. പാലാ രൂപത പ്രതിഭാസംഗമം**

ഈ വർഷം 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി 2024 ഡിസംബർ മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെടുന്ന പ്രതിഭാസംഗമം ഈ വർഷവും നടത്തപ്പെടുന്നു. സഭാതലപ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിക്കാനുള്ളവരെ തിരഞ്ഞെടുക്കാനായി രൂപതാതലത്തിലുള്ള പ്രതിഭാസംഗമം 2024 നവംബർ 10 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടും.

**8. 20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ**

വിശ്വാസപരിശീലനരംഗത്ത് 20,40,50 വർഷങ്ങൾ സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപത വിശ്വാസപരിശീലനകേന്ദ്രം ആദരിക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവ് പൂർത്തിയാക്കുന്ന വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിതഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2024 ഡിസംബർ 16 നുമുമ്പായി രൂപത വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ നൽകേണ്ടതാണ്.

**9. വിശ്വാസപരിശീലകപുരസ്കാരം**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക പുരസ്കാരത്തിനായി അർഹരായവരുടെ പേരുകൾ ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേരും ഫോട്ടോയും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന നിശ്ചിതഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2024 ഡിസംബർ 16 ന് മുമ്പായി രൂപത വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ നൽകേണ്ടതാണ്. ഇതിനുമുമ്പ് ഈ അവാർഡ് ലഭിക്കാത്തവരും, CTPയും ചുരുങ്ങിയത് പത്തുവർഷത്തെ സർവ്വീസുമുള്ള അധ്യാപകരെമാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ.

### 10. തിരുബാലസഖ്യം - എന്റെ ഡയറി

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറിമത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതാതലമത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2024 ഡിസംബർ 10 ന് മുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

### 11. തിരുബാലസഖ്യം ക്വിസ് മത്സരം

'വിശുദ്ധപുഷ്പങ്ങൾ' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി ക്വിസ് മത്സരം നടക്കുന്നു. മേഖലാമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേരുവിവരം 2025 ജനുവരി 01 നു മുമ്പായി രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏൽപ്പിക്കണം. 2025 ജനുവരി 5, 2 pm ന് രൂപതാതലമത്സരം ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടും

### 12. യാത്രയയപ്പും സ്വീകരണവും

വിശ്വാസപരിശീലനകേന്ദ്രത്തിലെ തന്റെ ആറുമാസത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ബ്രദർ നടൂപ്പറമ്പിൽ ദേവസ്യ സെന്റ് തോമസ് പ്രസ്സിലേക്കു സ്ഥലം മാറുകയും, ബ്രദർ തുരുത്തേൽ ജോസഫ് പുതിയ റീജന്റായി ചാർജ്ജെടുക്കുകയും ചെയ്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

### 1. മാതൃവേദി മഹാസംഗമം

മരിയൻ മാതൃവേദി ഗുജറാത്ത് റീജണിന്റെ ആഭിമുഖ്യത്തിൽ മാതൃവേദി മഹാസംഗമം ഒക്ടോബർ 10-ാം തീയതി ബറോഡയിൽ വച്ച് നടത്തപ്പെട്ടു. ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളിൽനിന്നുമുള്ള അമ്മമാർ സംഗമത്തിൽ പങ്കുചേർന്നു. ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു. മാതൃവേദി ഗുജറാത്ത് റീജൺ ഡയറക്ടർ ഫാ. റോയി കണീറ്റുകണ്ടത്തിൽ CMI, ബറോഡ സെന്റ് മേരീസ് ഇടവക വികാരി ഫാ. ജോബി പാലയ്ക്കാത്തടത്തിൽ MST എന്നിവർ സംഗമത്തിനു നേതൃത്വം നൽകി.

### 2. ജപമാലപ്രദക്ഷിണം

ബറൂച്ച് സെന്റ് തോമസ് കുർബാന സെന്ററിൽ ജപമാലമാസാചരണത്തിന്റെ ഭാഗമായി ആഘോഷപൂർവകമായ ജപമാല പ്രദക്ഷിണം നടത്തപ്പെട്ടു. ഇടവകാംഗങ്ങളല്ലൊവരും ഭക്ത്യാദരപൂർവ്വം അതിൽ പങ്കുചേർന്നു.

### 3. ഇടയനടുത്ത സന്ദർശനം

ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ ബാപ്പു നഗർ മദർ മേരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. ഇടവക വികരി ഫാ. ജോസഫ് ആറ്റുചാലിലും ഇടവകാംഗങ്ങളും ചേർന്ന് അഭിവന്ദ്യ പിതാ

വിനെ സ്വീകരിച്ചു. അഭിവന്ദ്യ പിതാവ് പരിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്ന് ഇടവകാംഗങ്ങളുമായി സംവദിക്കുകയും ചെയ്തു.

**4. ഇടയനടുത്ത സന്ദർശനം**

ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ ഗോർവ്വ സെന്റ് മേരീസ് കുർബാന സെന്ററിൽ ഇടയനടുത്ത സന്ദർശനം നടത്തി. ഇടവക വികരി ഇടവക വികാരി ഫാ. ജോബി പാലയ്ക്കാതടത്തിൽ MST യും ഇടവകാംഗങ്ങളും ചേർന്ന് അഭിവന്ദ്യപിതാവിനെ സ്വീകരിച്ചു. അഭിവന്ദ്യപിതാവ് പരി കുർബാനയർപ്പിക്കുകയും തുടർന്ന് ഇടവകാംഗങ്ങളുമായി സംവദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**5. യൂത്ത് ക്യാമ്പ്**

മണിനഗർ ഇടവകയിലെ യുവജനങ്ങൾക്കായി യൂത്ത് ക്യാമ്പ് നടത്തപ്പെട്ടു. റവ. ഫാ. മാത്യു ചേന്നാട്ട് ക്ലാസുകൾ നയിച്ചു. വികാരി ഫാ. മാത്യു വെങ്ങാലൂർ ക്യാമ്പിനു നേതൃത്വം നൽകി.

**6. Night Vigil**

അഹമ്മദാബാദ് സോളാ സെന്റ് തോമസ് ഇടവകയിൽ night vigil നടത്തപ്പെട്ടു. റവ. ഫാ. മൈക്കിൾ കുമ്മിണിയിൽ MST ആരാധനയ്ക്കു സന്ദേശം നൽകി.

ഫാ. **ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ് യോഗം**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ഒക്ടോബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ 6 ഞായറാഴ്ച വൈകുന്നേരം 4:30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നല്കി. യോഗം സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഒക്ടോബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**സെക്രട്ടറിയേറ്റ് യോഗം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ സെപ്റ്റംബർ മാസത്തെ സെക്രട്ടറിയേറ്റ് യോഗം സെപ്റ്റംബർ മാസം ഒന്നാം തീയതി ഞായറാഴ്ച 1:30 ന് ഭരണങ്ങാനം മാതൃഭവനിൽ ചേർന്നു. എക്സിക്യൂട്ടീവിന്റെ അജണ്ടകളെ സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

**രൂപത കലോത്സവം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത കലോത്സവം ഒക്ടോബർ 12 ശനിയാഴ്ച പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസിൽ വെച്ച് നടന്നു. 'എ' വിഭാഗ

ത്തിൽ പറത്താനം, മാവടി, അറുനൂറ്റിമംഗലം എന്നീ ശാഖകളും 'ബി' വിഭാഗത്തിൽ മൂലമറ്റം, മേലുകാവുമറ്റം, കാഞ്ഞിരത്താനം എന്നീ ശാഖകളും 'സി' വിഭാഗത്തിൽ രാമപുരം, ചേർപ്പുങ്കൽ, തീക്കോയി എന്നീ ശാഖകളും യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി. ഏറ്റവുമധികം പോയിന്റുകൾ കരസ്ഥമാക്കിയ മേഖലകളുടെ ഗണത്തിൽ രാമപുരം, ചേർപ്പുങ്കൽ, അരുവിത്തുറ എന്നീ മേഖലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി.

**മേഖലാ സന്ദർശനങ്ങൾ**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ വിവിധ മേഖലകൾ ഒക്ടോബർ മാസത്തിൽ സന്ദർശിച്ചു. മുട്ടുചിറ, ചേർപ്പുങ്കൽ, കൂട്ടിക്കൽ, കുറവിലങ്ങാട് മേഖലകളാണ് ഒക്ടോബർ മാസത്തിൽ സന്ദർശിച്ചത്.

**മിഷൻവാരാചരണം**

ചെറുപുഷ്പമിഷൻലീഗ് കേരള സംസ്ഥാനസമിതിയുടെ നിർദ്ദേശ പ്രകാരം രൂപതയിലെ എല്ലാ ശാഖകളിലും മിഷൻ വാരാചരണം സംഘടിപ്പിച്ചു. മികച്ച രീതിയിൽ മിഷൻ വാരാചരണം സംഘടിപ്പിച്ച ശാഖകളെ കണ്ടെത്തുന്ന തിനായി ശാഖാതല പ്രവർത്തനറിപ്പോർട്ട് ഒക്ടോബർ 31 ന് മുമ്പായി രൂപത സമിതിക്ക് നൽകുവാൻ നിർദേശം നൽകി.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**മേഖലാ കലോത്സവം**

ചെറുപുഷ്പമിഷൻലീഗ് അരുവിത്തുറ മേഖല വിശ്വാസപ്രേഷിത പരിശീലനകലോത്സവം ഒക്ടോബർ 2-ന് അരുവിത്തുറ സെന്റ് ജോർജ് കോളേ ജിൽ വച്ച് നടത്തപ്പെട്ടു. വിവിധ മത്സരയിനങ്ങളിലായി അഞ്ഞൂറോളം കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു. A വിഭാഗത്തിൽ വാരിയാനിക്കാടും, B വിഭാഗത്തിൽ മൂന്നിലവും, C വിഭാഗത്തിൽ തിടനാടും ഏറ്റവും അധികം പോയിന്റുകൾ നേടി.

**ഭരണങ്ങാനം മേഖല**

**മേഖലാകലോത്സവം**

ചെറുപുഷ്പ മിഷൻലീഗ് ഭരണങ്ങാനം മേഖലയുടെ നേതൃത്വത്തിൽ ഒക്ടോബർ 2 ന് ഭരണങ്ങാനം SH ഗേൾസ് ഹൈസ്കൂളിൽ വച്ച് ഈ വർഷത്തെ മേഖലാകലോത്സവം നടത്തപ്പെട്ടു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

## കെ.സി.എസ്.എൽ.

**സ്റ്റേറ്റ് സാഹിത്യോത്സവം**

ഈ വർഷത്തെ സ്റ്റേറ്റ് സാഹിത്യരചനാമത്സരങ്ങൾ ഒക്ടോബർ 12 ശനിയാഴ്ച തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിൽ വച്ചു നടത്തപ്പെട്ടു. പാലാരൂപതയിൽനിന്ന് 56 കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്തു.

**സ്വഭാവരൂപവത്കരണ ക്യാമ്പ് - 'Yuva'**

ഒക്ടോബർ 19 ശനിയാഴ്ച പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി സ്വഭാവരൂപീകരണക്യാമ്പ് ('Yuva') നടത്തപ്പെട്ടു. പാലാ രൂപത ചാൻസലർ ഫാ. ജോസഫ് കുറ്റിയാങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 131 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. രാവിലെ 9.30 ന് ആരംഭിച്ച ക്യാമ്പ് ഉച്ചകഴിഞ്ഞ് നാലുമണിക്ക് അവസാനിച്ചു. ശ്രീ സാബു വല്ലയിൽ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.

**സാഹിത്യോത്സവം - സമ്മാനങ്ങൾ വിതരണം ചെയ്തു**

ഈ വർഷത്തെ രൂപതാതല സാഹിത്യരചനാമത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്തു.

**കളരി ബംബർ പ്രൈസ്**

കളരി രണ്ടാം ലക്കം ബംബർ പ്രൈസ് പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിലെ 7-ാം ക്ലാസ്സ് വിദ്യാർത്ഥി ജോസഫ് കെ. ജോർജിനു ലഭിച്ചു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1.** കെസിവൈഎം സംസ്ഥാനസമിതിയുടെ തീരദേശ പഠനക്യാമ്പിൽ പാലാ രൂപത യുവജനങ്ങൾ പങ്കെടുത്തു.

**2. The Arena സ്പോർട്സ് മീറ്റ്**

പാലാ രൂപത 2024 പ്രവർത്തനവർഷത്തെ സ്പോർട്സ് മീറ്റ് രാമപുരം ഫൊറോനയിൽ രാമപുരം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം സമ്മാനദാനം നിർവഹിച്ചു.

**3. ഡിബേറ്റ് കോമ്പറ്റീഷൻ**

2024 പ്രവർത്തനവർഷത്തെ സംവാദമത്സരം കുറവിലങ്ങാട് ഫൊറോനയിൽ കുറവിലങ്ങാട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു.

**4.** എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ ബ്രദർ റീജന്റായി നിയമിതനായ ബ്രദർ അഖിൽ ദേവ് മാത്യു പൊതീട്ടേയിലിന് എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതാ കുടുംബത്തിലേക്കു ഹൃദ്യമായ സ്വാഗതം.

**5.** സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി സ്പോർട്സിൽ ഇൻസ്പെക്ടറായി യോഗ്യത നേടിയ എസ്.എം.വൈ.എം. കട്ടമ്പാക്ക് യൂണിറ്റ് അംഗം ബ്ലെയ്സ് കെ. ബാബുവിന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ നേരുന്നു.

6. എസ്.എം.വൈ.എം. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രഥമ നാഷണൽ മീറ്റിൽ പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ഡയറക്ടർ ഫാ. മാണി

കൊഴുപ്പൻകുറ്റി, പ്രസിഡന്റ് എഡ്വിൻ ജോസി, വൈസ് പ്രസിഡന്റ് ടിൻസി ബാബു, ജനറൽ സെക്രട്ടറി മിജോ ജോയി, ട്രഷറർ അൻവിൻ സോണി, കെസി വൈഎം സിൻഡിക്കേറ്റ് റിയാ ജോർജ് എന്നിവർ പങ്കെടുത്തു.

**7.** എസ്.എം.വൈ.എം. സംസ്ഥാനസമിതിയുടെ പ്രവർത്തനവർഷ ഉദ്ഘാടന ത്തിനും നസ്രാണിസംഗമത്തിനും ബാംഗ്ലൂർ നാഷണൽ മീറ്റിൽ വച്ച് പാലാ രൂപതാ കുടുംബം ആശംസകൾ നേർന്നു.

**8.** 2024 പ്രവർത്തനവർഷത്തെ യൂണിറ്റ് ഫൊറോന പ്രസിഡന്റ് ജനറൽ സെക്ര ട്ടറിമാരുടെ സംയുക്തമീറ്റിംഗ് ഷാലോം പാസ്റ്റർ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**9.** The Arena ക്രിക്കറ്റ് ടൂർണ്ണമെന്റ് 2024 പ്രവർത്തനവർഷത്തെ ക്രിക്കറ്റ് ടൂർണമെന്റ് കടനാട് ഫൊറോനയുടെ സഹകരണത്തോടെ നടത്തപ്പെട്ടു.

**10. അമ്മയോടൊപ്പം**

ജപമാലമാസാചരണം കെസിവൈഎം സംസ്ഥാനസമിതിയുടെ ആഭിമുഖ്യ ത്തിൽ നടത്തപ്പെട്ട ജപമാല മാസാചരണത്തിന്റെ ഭാഗമായി പാലാ രൂപത യുവജനപ്രസ്ഥാനം അമ്മയോടൊപ്പം എന്ന പ്രവർത്തനം ഏറ്റെടുത്ത് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**11. The Arena വോളിബോൾ ടൂർണ്ണമെന്റ്**

2024 പ്രവർത്തനവർഷത്തെ മാർ സെബാസ്റ്റ്യൻ വയലിൽ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് ചേർപ്പുങ്കൽ ഫൊറോനയിൽ കാഞ്ഞിരമറ്റം യൂണി റ്റിന്റെ സഹകരണത്തോടെ നടത്തപ്പെട്ടു.

**12. Ecclesia നൈറ്റ് ക്യാമ്പ് & യുവജനദിനാഘോഷം**

യുവജനപ്രസ്ഥാനത്തിന്റെ സ്വർഗീയമധ്യസ്ഥനായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുനാൾ അനുസ്മരണത്തിന്റെ ഭാഗമായി യുവജനദിനാഘോ ഷവും നൈറ്റ് ക്യാമ്പും കടുത്തുരുത്തി ഫൊറോനയിൽ കീഴൂർ യൂണിറ്റിന്റെ സഹ കരണത്തോടെ നടത്തപ്പെട്ടു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം നിർവഹിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**13.** നിലയ്ക്കൽ എക്യുമെനിസ്റ്റിക് സെന്ററിൽ വച്ച് നടന്ന മാർത്തോമാ നസ്രാണി പ്രതിനിധികളുടെ സമ്മേളനത്തിൽ രൂപത അംഗങ്ങൾ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**ലിസണിങ്ങ് ഫേസ്**

ജീസസ് യൂത്ത് ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ മൂവ്മെന്റിലുള്ള എല്ലാവരെയും കേൾക്കാനായി ലിസണിങ് ഫേസ് എന്ന പേരിൽ പുതിയൊരു പ്രോജക്റ്റിന്റെ പാലാ സോണിലെ തുടക്കം പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ഒക്ടോബർ 13 ഞായറാഴ്ച വൈകുന്നേരം 2 മണിമുതൽ

5 മണിവരെ നടത്തപ്പെട്ടു. പാലാ ജീസസ് യൂത്ത് മുൻ ഡയറക്ടർ ഫാ. കുര്യൻ മറ്റത്തിൽ, നിലവിലുള്ള ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ തുടങ്ങിയവരും വിവിധ സന്ന്യസ്തരും കുടുംബങ്ങളും യുവജനങ്ങളും ഉൾപ്പെടെ 155 അധികം അംഗങ്ങൾ ഒന്നുചേർന്നു. കഴിഞ്ഞ 40 വർഷങ്ങളായി ലോകമെമ്പാടും ജീസസ് യൂത്ത് മൂവ്മെന്റ് വളർന്നത് പരിശുദ്ധാത്മാവിന്റെ കൃപയാലാണ്. മൂവ്മെന്റിലുള്ള ഓരോ വ്യക്തികളെയും പ്രാർഥനാപൂർവം കേൾക്കുന്നതിലൂടെ പരിശുദ്ധാത്മാവിനെത്തന്നെയാണ് ശ്രവിക്കുന്നത് എന്ന ഉത്തമബോധ്യത്തിൽനിന്നാണ് ഈ പുതിയ പ്രോജക്റ്റിന്റെ തുടക്കംകുറിച്ചത്. മൂന്നു ഘട്ടങ്ങളിലായി പ്രാർത്ഥനയിലൂടെയും സ്തുതിപ്പിലൂടെയും നിശ്ശബ്ദതയിലൂടെയും കേൾക്കുന്നതിലൂടെയും സംസാരിക്കുന്നതിലൂടെയും പരിശുദ്ധാത്മാവിന്റെ ശബ്ദവും ഈ കാലഘട്ടത്തിൽ ജീസസ് യൂത്ത് മൂവ്മെന്റിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ചിന്തിക്കാൻ സഹായിക്കുന്നതാണ് ലിസണിങ് ഫേസ്. ലിസണിങ് ഫേസിന്റെ അടുത്തഘട്ടം വിവിധ റീജിയണുകളായി തിരിച്ച് നടത്തപ്പെടുന്നു.

**കാർലോസ് കാരവൻ**

കെ.സി.ബി.സി. യുവജനകമ്മിഷന്റെയും ജീസസ് യൂത്തിന്റെയും നേതൃത്വത്തിൽ സഭയ്ക്കുവേണ്ടിയും യുവജനങ്ങൾക്കുവേണ്ടിയും ഓരോ മാസവും ഒന്നിച്ചു കൂടി പ്രാർത്ഥിക്കുന്ന കാർലോസ് കാരാവന് ഈ മാസം നേതൃത്വം നൽകിയത് പാലാ സോൺ ആയിരുന്നു. ഒക്ടോബർ 05-ാം തീയതി എറണാകുളം, കെ.സി.ബി.സി സെക്രട്ടറിയേറ്റ് പി.ഒ.സി ചാപ്പലിൽ വച്ചു നടന്നു. എല്ലാ യുവജനങ്ങൾക്കുവേണ്ടിയും, സഭയുടെ എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രത്യേകം മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടന്നു.

**ജീസസ് യൂത്ത് പാലാ സോൺ ആരാധന നയിച്ചു.**

പാലാ സോൺ ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ എന്നിവരുടെ കാർമികത്വത്തിൽ വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

**ആരാധന**

എല്ലാമാസവും ആദ്യത്തെ തിങ്കളാഴ്ചയും മൂന്നാം തിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽ വെച്ച് അരുവിത്തുറ ഇടവകയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി വരുന്നു.

**വേരിത്താസ് പോസ്റ്റ് ഗാതറിങ്ങ്**

2024 ഒക്ടോബർ 12-ാം തീയതി രണ്ടാം ശനിയാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എല്ലാ കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി വേരിത്താസ് പോസ്റ്റ് ഗാതറിങ്ങ് നടത്തപ്പെട്ടു. വേരിത്താസിലൂടെ തങ്ങൾ അറിഞ്ഞ ക്രിസ്തുവിന്റെ സ്നേഹം പങ്കുവെക്കാനും കൂടുതൽ ആഴത്തിൽ അറിയുവാനും സഹായിക്കുന്ന കൂട്ടായ്മയായിരുന്നു കഴിഞ്ഞത്. ഫാ. ടോണി ചൊവ്വേലിക്കുടിലിൽ ആരാധനയ്ക്ക് നേതൃത്വം നൽകി.

**ടീൻസ് ഡേ സെലിബ്രേഷൻ**

2024 വർഷത്തെ ടീൻസ് ഡേ സെലിബ്രേഷൻ പാലാ കിഴതടിയൂർ പള്ളിയുടെ പാരിഷ് ഹാളിൽ വെച്ച് ഒക്ടോബർ 12-ാം തീയതി രണ്ടാം ശനിയാഴ്ച നടത്തപ്പെട്ടു. പാലായിലെ വിവിധ സ്കൂളുകളിൽനിന്നായി നാല്പതിലധികം വിദ്യാർത്ഥികൾ വന്നു. ശുദ്ധത എന്ന പുണ്യത്തെ ആസ്പദമാക്കിയാണ് അന്നത്തെ പരിപാടികൾ എല്ലാം ക്രമീകരിച്ചത്. ജീസസ് യൂത്ത് പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ 'സേറ' എന്ന ഷോർട്ട് ഫിലിമും ഇവിടെ പ്രദർശിപ്പിച്ചു. വിദ്യാർത്ഥികൾക്ക് വിശുദ്ധിയുടെ പ്രധാന്യം വ്യക്തമാക്കുന്ന വിധത്തിൽ ഉള്ളതായിരുന്നു ഈ പ്രോഗ്രാം.

**ഷോർട്ട് ഫിലിം – Sera age of 17**

ജീസസ് യൂത്ത് പാലാ ടിൻസ് ടീമിന്റെ നേതൃത്വത്തിൽ ശുദ്ധത എന്ന പുണ്യവുമായി ബന്ധപ്പെട്ട് ടീൻസ് മാസം ആഘോഷിച്ചതിന്റെകൂടെ Sera age of 17 എന്ന പേരിൽ ഷോർട്ട് ഫിലിം പുറത്തിറക്കി. പാലാ ജീസസ് യൂത്ത് ടീൻസ് ടീം കോർഡിനേറ്റർ ആൽഫിൻ ബെന്നിയാണ് തിരക്കഥയും സംവിധാനവും നിർവഹിച്ചത്. കൗമാരക്കാരെ വിശുദ്ധിയിലേക്കു ചേർത്തുനിർത്തുന്നവിധത്തിലുള്ള ഷോർട്ട് ഫിലിം ആയിരുന്നു. ജീസസ് യൂത്ത് പാലായുടെ യുടൂബ് ചാനലിലൂടെയാണ് ഈ ഷോർട്ട് ഫിലിം എല്ലാവരിലേക്കും എത്തിയത്.

**നൈറ്റ് വിജിൽ**

2024 ഒക്ടോബർ 4 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽ വച്ച് വൈകുന്നേരം ഏഴര മുതൽ ഒക്ടോബർ 5 രാവിലെ 6 മണിവരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്നു പ്രാർത്ഥിച്ചു. ഈ കൂട്ടായ്മയിലൂടെ വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ജീവിതാനുഭവങ്ങൾ കർത്താവിന്റെകൂടെ ആയിരുന്നുകൊണ്ട് മറ്റുള്ളവർക്കു പകർന്നുനൽകുകയും ചെയ്തു.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാദിവസവും വൈകുന്നേരം 8:30 ന് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ച് നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന് ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്. 30 പേരോളം എല്ലാ ആഴ്ചകളിലും ഈ ഗാതറിങ്ങിന് എത്തിച്ചേരുന്നുണ്ട്.

**ഓൺലൈൻ പ്രയർ മീറ്റിംഗ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 10.30 വരെ സൂം പ്ലാറ്റ്ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു. ഈശോയുടെ ഒപ്പം, അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാനും കഴിഞ്ഞ മണിക്കൂറുകളായിരുന്നു കടന്നുപോയത്.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** 6/10/2024 ഞായറാഴ്ച 4.30 pm മറ്റക്കര ഹോളി ഫാമിലി ഇടവകയിലെ കുടുംബക്കൂട്ടായ്മ ക്ലാസുകൾ റവ. ഫാ. ജോസഫ് പരിയാത്തിന്റെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു. ഇടവകയിലെ 15 വാർഡുകളിലും രൂപത റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**2.** 13/10/2024 ഞായറാഴ്ച 4.30 pm ന് കാവുംകണ്ടം സെന്റ് മരിയ ഗൊരേത്തി ഇടവകയിൽ കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീം അംഗങ്ങൾ വാർഡുതല ക്ലാസുകൾ നടത്തി. വികാരി റവ. ഫാ. സ്കറിയാ വേകത്താനത്തിന്റെ പ്രാർത്ഥനാശീർവാദത്തോടെ ക്ലാസ്സുകൾ ആരംഭിച്ചു.

**3.** 14/10/2024 രാവിലെ 10 ന് കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു.

4. രാവിലെ 11 ന് രൂപത കൗൺസിൽ യോഗം നടന്നു. ഫൊറോനാ കൗൺസിൽ യോഗങ്ങളിലെ അഭിപ്രായങ്ങൾ ചർച്ച ചെയ്തു.

5. 20/10/2024 ഉള്ളനാട് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ യോഗം റവ. ഫാ. മാത്യൂ മതിലകത്ത് ഉദ്ഘാടനം ചെയ്തു. ഇടവക പ്രസിഡന്റ് ദേവസ്യാച്ചൻ തെക്കേക്കരോട്ട് അധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ സെമിനാർ നയിച്ചു.

6. 26/10/2024 കുടക്കച്ചിറ ഇടവകയിലെ കുടുബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം വികാരി റവ. ഫാ. തോമസ് മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് സെമിനാർ നയിച്ചു.

7. 27/10/2024 കുറഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ 13 വാർഡുകളിലും കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമംഗങ്ങൾ ക്ലാസ്സുകൾ എടുത്തു. വികാരി റവ.ഫാ. ജോസഫ് കളപ്പുരയ്ക്കലിന്റെ പ്രാർത്ഥനാശീർവദത്തോടെയാണ് ക്ലാസ്സുകൾ ആരംഭിച്ചത്.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ഒക്ടോബർ 11-13, 29-31** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 278 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**നവംബർ 08-10, 18-20, ഡിസംബർ 09-11, 19-21** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഒക്ടോബർ മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, റവ. ഫാ. തോമസ് മണ്ണൂർ എന്നിവർ ക്ലാസ്സെടുത്തു. 402 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. യാത്രയയപ്പ്**

ആറു മാസക്കാലം റീജന്റായി സേവനം ചെയ്ത ബ്രദർ ഷോജി കുഴികണ്ണിക്കലിന് ഒക്ടോബർ 7-ാം തീയതി വൈകുന്നേരം 4.15 ന് ഫാമിലി അപ്പോസ്തലേറ്റ് കുടുംബാംഗങ്ങൾ ഹൃദ്യമായ യാത്രയയപ്പു നൽകി.

**5. സ്വാഗതം**

ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിലേക്ക് അടുത്ത ആറുമാസത്തെ സേവനത്തിനായി എത്തിയ റീജന്റ് ബ്രദർ ഡെന്നീസ് അരീക്കലിനെ ഒക്ടോബർ 9 രാവിലെ 9.30 നുചേർന്ന യോഗത്തിൽ സ്വാഗതം ചെയ്തു.

**6. ആലോചനായോഗം**

ഒക്ടോബർ 8-ാം തീയതി പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി ഫാമിലി അപ്പോസ്തലേറ്റ് മെഡിസിറ്റിയുമായി ചേർന്നു നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പുകളെക്കുറിച്ചുള്ള ഒരു ആലോചനായോഗം മാർ സ്ലീവ മെഡിസിറ്റിയിൽവച്ചു നടത്തപ്പെട്ടു. ഫാമിലി അപ്പോസ്തലേറ്റിൽ ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിലും മാതൃവേദി-പിതൃവേദി പ്രസിഡന്റുമാരും യോഗത്തിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. ആലോചനായോഗം**

ഒക്ടോബർ 1-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് രാമപുരത്തുവച്ചു നടക്കുന്ന കുഞ്ഞച്ചൻ തീർത്ഥാടനവുമായി ബന്ധപ്പെട്ട ആലോചനായോഗത്തിൽ സംബന്ധിച്ചു സംസാരിച്ചു.

**2. പുതിയ യൂണിറ്റ്**

ഒക്ടോബർ 6-ാം തീയതി രാവിലെ 7.30 ന് പാദുവ ഇടവകയിൽ പുതുതായി ആരംഭിച്ച പിതൃവേദി യൂണിറ്റിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പാരിഷ്ഹാളിൽ വച്ചു നടന്ന മീറ്റിംഗിൽ പുതിയ യൂണിറ്റിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**3. കുഞ്ഞച്ചൻതീർത്ഥാടനം**

രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ചു പാലാ രൂപതയിലെ പിതാക്കന്മാരുടെ സംഘടനയായ പിതൃവേദിയുടെയും മാതാക്കളുടെ സംഘടനയായ മാതൃവേദിയുടെയും നേതൃത്വത്തിൽ കുഞ്ഞച്ചൻ തീർത്ഥാടനം നടത്തപ്പെട്ടു. 171 ഇടവകകളിൽനിന്നുള്ള 2000 പ്രവർത്തകർ തീർത്ഥാടനത്തിൽ പങ്കെടുത്തു. 10 മണിക്ക് രാമപുരം സെന്റ് അഗസ്റ്റിൻ ഫൊറോന പള്ളി വികാരി വെരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം ഏവരെയും സ്വാഗതം ചെയ്തു സംസാരിക്കുകയും ദീപം തെളിച്ചു നൽകുകയും മാതൃ-പിതൃവേദി പ്രസിഡന്റുമാരായ ശ്രീ ജോസ് തോമസ് മുത്തനാട്ട്, സിജി ലൂക്ക്സൺ പടന്നമാ

ക്കൽ എന്നിവർ ദീപം ഏറ്റുവാങ്ങുകയും ചെയ്തു. തുടർന്ന്, ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. 11.15 ന് ആഘോഷമായ ജപമാല പ്രദക്ഷിണം വലിയപള്ളിയിൽനിന്ന് ആരംഭിച്ച് ടൗൺ കപ്പേള ചുറ്റി, കുഞ്ഞച്ചന്റെ പള്ളിയിൽ എത്തിച്ചേർന്നപ്പോൾ വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ ആശീർവാദം നൽകി. 12.30 ന് സമാപനാശീർവാദത്തിനുശേഷം നേർച്ചഭക്ഷണം വിതരണം ചെയ്തു. ചടങ്ങുകൾക്ക് കുഞ്ഞച്ചൻ തീർത്ഥാടനകേന്ദ്രം, അസിസ്റ്റന്റ് വികാരിമാരായ റവ. ഫാ. ജോവാനി കുറുവാച്ചിറ, റവ. ഫാ. അബ്രാഹം കാക്കാനിയിൽ, റവ. ഫാ. ജോൺ മണാങ്കൽ, മാതൃ-പിതൃവേദി രൂപത ഭാരവാഹികളായ ശ്രീ ജോസ് തോമസ് മുത്തനാട്ട്, ശ്രീ ടോമി തുരുത്തിക്കര, സിജി ലൂക്ക്സൺ പടന്നമാക്കൽ, ഷേർളി ചെറിയാൻ, ബിനു മാണിമംഗലം, മേരിക്കുട്ടി വടക്കേക്കര, തങ്കച്ചൻ പുളിയാർമറ്റം എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**4. രൂപതാസമിതി**

ഒക്ടോബർ 20-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പിതൃവേദി രൂപതാസമിതി നടത്തപ്പെട്ടു.

**5. എക്സിക്യൂട്ടീവ് മീറ്റിങ്**

ഒക്ടോബർ 22-ാം തീയതി നിലയ്ക്കൽ വച്ച് നടക്കുന്ന എക്യൂമിനിക്കൽ സമ്മേളനത്തിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ മാതൃ-പിതൃവേദി അംഗങ്ങളും പങ്കെടുത്തു.

## C. മാതൃവേദി

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ഒക്ടോബർ 9-ാം തീയതി റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ് കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചകൾ നടത്തി.

**2. രൂപതാസമിതി**

ഒക്ടോബർ 15-ാം തീയതി 8.30 pm ഓൺലൈനായി മാതൃവേദി രൂപതസമിതി നടത്തപ്പെട്ടു.

## D. പ്രോലൈഫ്

**1. മീറ്റിങ്**

ഒക്ടോബർ 27-ാം തീയതി പ്രോലൈഫിന്റെ സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ

സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

ഒക്ടോംബർ 15-ാം തീയതി കോതമംഗലത്തു വച്ചു നടന്ന സീറോ മലബാർ മാട്രിമണിയുടെ യോഗത്തിൽ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**F. ഹോംമിഷൻ**

കഴിഞ്ഞ 2 മാസക്കാലമായി നടന്നുവന്നിരുന്ന ഹോംമിഷൻ പ്രോഗ്രാമിന്റെ സമാപനത്തിന്റെ ഭാഗമായി ഒക്ടോബർ 8-ാം തീയതി കത്തീഡ്രൽ പള്ളിയിൽ യോഗത്തിൽ പങ്കെടുത്തു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – **7306293048.**

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ഒക്ടോബർ മാസത്തിൽ **നീലൂർ** ഇടവകയിലെ പെൺകുട്ടിക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**ഏകദിന പഠനക്യാമ്പ്**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികൾക്കായി ഏകദിന പഠനക്യാമ്പ് ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിലുമായി നടത്തി. രാവിലെ 8 മണിക്ക് രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ വിശുദ്ധ കുർബാന അർപ്പിച്ചു

സന്ദേശം നൽകി. തുടർന്ന് പ്രഭാതഭക്ഷണവും 9.30 ന് ശ്രീ റ്റി.സി. തങ്കച്ചൻ സാർ സമുദായം നേരിടുന്ന പ്രശ്നങ്ങളും പ്രതിനിധികളും എന്ന വിഷയത്തെ അധികരിച്ച് ക്ലാസ് നയിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചകളും പൊതുചർച്ചകളും നടത്തി. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, രാജീവ് കൊച്ചുപറമ്പിൽ, ആൻസമ്മ സാബു തുടങ്ങിയവർ സംസാരിച്ചു. അഞ്ഞൂറോളം പ്രതിനിധികൾ പങ്കെടുത്തു.

**ഗ്ലോബൽ സമിതി സന്ദർശനം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പാലാ രൂപതയിൽ സന്ദർശനം നടത്തി. ഗ്ലോബൽ ഭാരവാഹികളായ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ഡയറക്ടർ റവ.ഡോ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ഒഴുകയിൽ, ട്രഷറർ അഡ്വ. ടോണി പുഞ്ചകുന്നേൽ, വൈസ് പ്രസിഡന്റുമാരായ രാജേഷ് ജോൺ, ശ്രീമതി ട്രീസ ലിസ് സെബാസ്റ്റ്യൻ, ബെന്നി ആന്റണി, ജോമി ഡൊമിനിക്, സെക്രട്ടറിമാരായ മനു വാരപ്പള്ളി, ആൻസമ്മ സാബു എന്നിവർ നേതൃത്വം നൽകി. രൂപതാഭാരവാഹികൾ എമ്മാനുവൽ നീധിരിയുടെ നേതൃത്വത്തിൽ ഗ്ലോബൽ ഭാരവാഹികളെ സ്വീകരിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, പയസ് കവളംമാക്കൽ, സി.എം. ജോർജ്, ജോൺസൺ ചെറുവള്ളി തുടങ്ങിയവർ സംസാരിച്ചു.

**യൂത്ത് കൗൺസിൽ ഉദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസ് സംഘടനയെ കൂടുതൽ ചലനാത്മകമാക്കാൻ എസ്.എം.വൈ.എം. കഴിഞ്ഞുവരുന്ന യുവജനങ്ങളെ സംഘടനയിലേക്കു കൊണ്ടുവരുന്നതിന് യൂത്ത് കൗൺസിൽ രൂപീകരിച്ചു ഭാരവാഹികളെ നിയമിച്ചു.

ജന. കോ. ഓർഡിനേറ്റർ - അജിത് അരിമറ്റം, മണിയാക്കുളം

കോ-ഓർഡിനേറ്റേഴ്സ് - ഡോ. ജോബിൻ ജോസ്, തീക്കോയി, ജോൺ ജെ. ആര്യപ്പള്ളി, കുറവിലങ്ങാട്, ക്ലിന്റു ആര്യപ്ലാക്കൽ, പൂഞ്ഞാർ, ജിനു നന്തുകാട്ടുപടവിൽ, മരങ്ങാട്ടുപള്ളി.

**എക്സിക്യൂട്ടീവ് കമ്മിറ്റി**

അരുൺ പോൾ മണ്ഡപത്തിൽ, ഭരണങ്ങാനം

ബേബിച്ചൻ എടാട്ട്, പാലാ കത്തീഡ്രൽ

ജിനു മുട്ടപ്പള്ളി, രത്നഗിരി

സെബാസ്റ്റ്യൻ തോട്ടം, മുളക്കുളം

ജോർജ് മൈലാടൂർ, മുണ്ടാങ്കൽ

ഫൊറോന, യൂണിറ്റ്, ഭാരവാഹികളുമായി ചേർന്നു പ്രവർത്തിക്കുന്നതിനു ചുമതലപ്പെടുത്തി. രൂപത സെക്രട്ടറി എഡ്വിൻ പാമ്പാറയെ യൂത്ത് കൗൺസിൽ ഇൻചാർജായും നിയമിച്ചു.

**വർക്കിങ് കമ്മിറ്റി**

ഗ്ലോബൽസമിതിയുടെ വർക്കിങ് കമ്മിറ്റി ഒക്ടോബർ 12-ാം തീയതി എറണാകുളം പി.ഒ.സിയിൽ ചേർന്നു. രൂപതയിൽനിന്നുള്ള അംഗങ്ങൾ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതയിൽനിന്നുള്ള വർക്കിങ് കമ്മിറ്റി അംഗം അഡ്വ. ജോൺസൺ മാത്യു വീട്ടിയാങ്കലിനെ ഗ്ലോബൽ ലീഗൽ സെൽ കോർഡിനേറ്ററായി തിരഞ്ഞെടുത്തു. രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ നേരുന്നു.

**ഫൊറോന മീറ്റിങ്**

**ഇലഞ്ഞി**

കത്തോലിക്കാ കോൺഗ്രസ് ഇലഞ്ഞി ഫൊറോന തിരഞ്ഞെടുപ്പുയോഗം രൂപത പ്രസിഡന്റ് എമ്മാനുവൽ നിധിരിയുടെ അധ്യക്ഷതയിൽ നടത്തി. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് എടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ജോസഫ് ആലാനിക്കൽ, ശ്രീ ജോസ് വട്ടുകുളം എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി. ബെന്നി പാലയ്ക്കത്തടം, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

ഫൊറോന ഭാരവാഹികൾ

പ്രസിഡന്റ് - ബേബി ആലുങ്കൽ, കൂത്താട്ടുകുളം

സെക്രട്ടറി - റോയി ചുമ്മാർ, ജോസ്ഗിരി

ട്രഷറർ - ബേബിച്ചൻ മൂലയിൽ, മുത്തോലപുരം

വൈസ് പ്രസിഡന്റ് - ജോസ് തോമസ്, ഇലഞ്ഞി

ജോയിന്റ് സെക്രട്ടറി - ബെന്നി കൊഴുപ്പൻകുറ്റി, മരങ്ങോലി

**യൂണിറ്റ് ഭാരവാഹികൾ**

**ജയ്ഗിരി**

യൂണിറ്റ് സമ്മേളനം രൂപതാഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സജിത് സിറിയക് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. മാത്യു വാഴയ്ക്കപ്പാറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. എമ്മാനുവൽ നിധിരി, ജോസ് വട്ടുകുളം, നോബി കാഞ്ഞിരത്തിങ്കൽ എന്നിവർ സംസാരിച്ചു.

**കാഞ്ഞിരമറ്റം**

കാഞ്ഞിരമറ്റം യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം യൂണിറ്റ് പ്രസിഡന്റ് ശ്രീ മാത്തുകുട്ടി ഞായറുകുളത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. റവ.ഫാ. ജോസഫ് മണ്ണനാൽ അബ്രാഹം പ്രഭാഷണം നടത്തി. എമ്മാനുവൽ നിധീരി, റ്റോമി കണ്ണീറ്റുമ്യാലിൽ, ഫാ. ജോസഫ് മഠത്തിപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**തുടങ്ങനാട്**

തുടങ്ങനാട് യൂണിറ്റ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പ്രസിഡന്റ് അഡ്വ. റ്റി.എ. സന്തോഷിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഡയറക്ടർ റവ.ഫാ. ജോൺസൺ പുള്ളീറ്റ് നിർവഹിച്ചു. എഡ്വിൻ പാമ്പാറ, ജിസ്മോൻ, സിറിയക് തോമസ് തുടങ്ങിയവർ സംസാരിച്ചു.

**കൂട്ടിക്കൽ**

കത്തോലിക്കാ കോൺഗ്രസ് കൂട്ടിക്കൽ യൂണിറ്റ് പാലാ മാർസ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. റ്റോമി പുളിക്കൽ, പ്രമോദ് ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കാർഷികമേളയും ഫലവൃക്ഷത്തൈവിതരണവും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ അഗ്രിമ സെൻട്രൽ നഴ്സറി(മുണ്ടുപാലം, പാലാ)യുടെയും അഗ്രിമ നഴ്സറി (പാലാ സെന്റ് തോമസ് പ്രസിനു സമീപം)യുടെയും സഹകരണത്തോടെ തീക്കോയി സെന്റ് മേരീസ് ഫൊറോനാപള്ളിയിൽ സ്വദേശവിദേശ ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, ശീതകാല പച്ചക്കറിത്തൈകൾ, ചെടിച്ചട്ടികൾ തുടങ്ങിയവയുടെ പ്രദർശനവും വിപണനമേളയും സംഘടിപ്പിച്ചു. ഫൊറോനാവികാരി റവ.ഡോ. തോമസ് മേനാച്ചേരി മേള ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. റീജണൽ കോർഡിനേറ്റർ, സോണൽ കോർഡിനേറ്റർ, സ്വാശ്രയസംഘം കർഷകദള ഫെഡറേഷൻ അംഗങ്ങൾ, സ്വയംസഹായസംഘങ്ങൾ, കർഷകദളം അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

2024 ഒക്ടോബർ 20 ന് കരൂർ തിരുഹൃദയപള്ളി അങ്കണത്തിൽ സ്വദേശവിദേശ ഫലവൃക്ഷത്തൈകൾ, ചെടിച്ചട്ടികൾ, ശീതകാല പച്ചക്കറിത്തൈകൾ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും നടന്നു.

കൂടല്ലൂർ സെന്റ് മേരീസ് പള്ളി അങ്കണത്തിൽ വച്ചു കൂടല്ലൂർ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ പച്ചക്കറിഫലവൃക്ഷത്തൈവിപണനമേള നടത്തി. സ്വാശ്രയസംഘം രക്ഷാധികാരി ഫാ. സിറിയക് വടക്കേൽ മേളയുടെ ഉദ്ഘാടനം നിർവഹിച്ചു.

**ശുചിത്വവാരാചരണം**

ഗാന്ധിജയന്തിയോടനുബന്ധിച്ച് വിവിധ സ്വാശ്രയസംഘം/കർഷകദള ഫെഡറേഷനുകളുടെ നേതൃത്വത്തിൽ ഇടവകകളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തി.

കുറിച്ചിത്താനം, പറത്താനം ഇടവകകളിൽ സ്വാശ്രയസംഘം / കർഷകദള ഫെഡറേഷനുകളുടെ നേതൃത്വത്തിൽ പൊതുസ്ഥലങ്ങൾ, സ്ഥാപനപരിസരങ്ങൾ തുടങ്ങിയവ വൃത്തിയാക്കി. മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. കുറിച്ചിത്താനം പള്ളിയിൽ ശ്രീധരീയം ജംഗ്ഷൻ വരെ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ ഫെഡറേഷൻ ഡയറക്ടർ റവ.ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബെൽജി ഇമ്മാനുവൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു.

പറത്താനം ഇടവകയിൽ വിവിധ സ്വയംസഹായസംഘങ്ങളുടെ നേതൃത്വത്തിൽ ജലനിധി കിണറും ടാങ്കും പരിസരങ്ങളും വൃത്തിയാക്കി.

**ദത്തുകുടുംബസംഗമങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി 'സേവ് എ ഫാമിലി' പദ്ധതിയുമായി സഹകരിച്ചു സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നൽക്കുന്ന 335 കുടുംബങ്ങളെ പരിപോഷിപ്പിക്കുന്ന കുടുംബോദ്ധാരണ പരിപാടിയുടെ ഭാഗമായി വിവിധ ഫൊറോനകളിൽ ഗുണഭോക്തൃസംഗമം നടത്തി. പ്രോഗ്രാം കോർഡിനേറ്റർ കുമാരി അലീന ജോസഫ്, സോണൽ കോർഡിനേറ്റർമാർ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**സ്വാശ്രയസംഘം / കർഷകദള ഫെഡറേഷൻ മീറ്റിങ്ങുകൾ**

സ്വാശ്രയസംഘങ്ങളുടെയും കർഷകദളഫെഡറേഷനുകളുടെയും ഇടവക/ഫൊറോനാതല പ്രതിമാസ അവലോകനമീറ്റിംഗുകൾ 17 ഫൊറോനകളിലും നടത്തി. പ്രതിമാസ അവലോകനത്തോടൊപ്പം വിവിധ വിഷയങ്ങളിലുള്ള ക്ലാസുകളും ശുചീകരണപ്രവർത്തനങ്ങളും കാരുണ്യപ്രവർത്തനങ്ങളും വിവിധ ദിനാചരണങ്ങളും ആഘോഷങ്ങളും നടത്തി.

**കോഴിക്കുഞ്ഞുവിതരണം**

വരുമാനദായക പ്രവർത്തനങ്ങളുടെ ഭാഗമായി ആയിരത്തിലധികം കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വീട്ടമ്മമാർക്കു വിതരണം ചെയ്തു. സബ്സിഡി നിരക്കിൽ കോഴിക്കൂടുകളും പാലാ അഗ്രിമയിൽ ലഭ്യമാണ്.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**എംപ്ലോയീസ് ഫോറം മീറ്റിംഗ്**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയും DCMS സപ്തതി വർഷാഘോഷത്തോടുനുബന്ധിച്ച് നവംബർ 17 നു രാമപുരത്തുവച്ച് നടത്തുന്ന ദേശീയസിമ്പോസിയം, മഹാസമ്മേളനം എന്നിവയെക്കുറിച്ച് ആലോചിക്കുന്നതിനായി ഒക്ടോബർ 14 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതയിലെ DCMS സംഘടനയിൽപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് കൂടുകയുണ്ടായി. മീറ്റിങ്ങിന് രൂപത വികാരി ജനറൽ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് അദ്ധ്യക്ഷത വഹിച്ചു. DCMS രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം അർപ്പിച്ചു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജോർജ്ജ് പുല്ലുകാലയിൽ ആമുഖ പ്രസംഗം നടത്തി. DCMS രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ ആശംസ അർപ്പിച്ചു. ഉദ്യോഗസ്ഥപ്രതിനിധി ശ്രീ ദിനേശ് സെബാസ്റ്റ്യൻ കൃതജ്ഞത അർപ്പിച്ചു. മീറ്റിംഗിൽ ഉദ്യോഗസ്ഥപ്രതിനിധികൾ പങ്കെടുത്തു.

**പ്രോഗ്രാം കമ്മിറ്റി മീറ്റിംഗ്**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടും DCMS ന്റെ സപ്തതി വാർഷിഘോഷത്തോടുമനുബന്ധിച്ച് നവംബർ 17 നു രാമപുരത്തു വെച്ച് നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയെക്കുറിച്ച് ആലോചിക്കുന്നതിനായി ഒക്ടോബർ 14 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ

സെന്ററിൽ വെച്ച് പ്രോഗ്രാം കമ്മിറ്റിയുടെ മീറ്റിംഗ് കൂടുകയുണ്ടായി. രൂപത വികാരി ജനറൽ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ റവ. ഫാ. തോമസ് കിഴക്കയിൽ യോഗത്തിനു സ്വാഗതം ആശംസിച്ചു. സിമ്പോസിയം മഹാസമ്മേളനം എന്നിവയുടെ കാര്യപരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുകയും വിവിധങ്ങളായ കാര്യങ്ങൾ സ്റ്റീയറിംഗ് കമ്മിറ്റിക്ക് നല്കാനായി തീരുമാനിക്കുകയും ചെയ്തു. DCMS ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ്, രൂപതാ പ്രസിഡന്റ് ബിനോയ് ജോൺ, ഫാ. ജെയിംസ് ചോവ്വേലിക്കുടി, ഫാ. ജോൺ മണാങ്കൽ, സെക്രട്ടറി ബിന്ദു ആന്റണി തുടങ്ങി പ്രോഗ്രാം കമ്മിറ്റി അംഗങ്ങൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**ദീപശിഖ തീർത്ഥടനാപദയാത്ര**

പാലാ രൂപത ദളിത് കത്തോലിക്കാമഹാജനസഭയുടെ ആഭിമുഖ്യത്തിൽ, സപ്തതിവർഷത്തോടനുബന്ധിച്ചു ദീപശിഖാപദയാത്ര 2024 ഒക്ടോബർ 16 ബുധനാഴ്ച, രാവിലെ 10 മണിക്ക്, വിവിധ സ്ഥലങ്ങളായ വെള്ളിലാപ്പിള്ളി ജംഗ്ഷൻ, മഞ്ചാടിമറ്റം സ്കൂൾ ജംഗ്ഷൻ, S. H. കോൺവെന്റ് വടക്കേമഠം ജംഗ്ഷൻ, R.V.M. സ്കൂൾ ജംഗ്ഷൻ എന്നിവിടങ്ങളിൽനിന്ന് സോണൽ ചെയർമാന്മാരായ ഫാ. ഐസക് പെരിങ്ങാമലയിൽ, ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്, ഫാ. ജോർജ്ജ് ചാത്തൻകുന്നേൽ, DCMS രൂപതാഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ് എന്നിവർ ദീപശിഖ കൊളുത്തി പ്രാർത്ഥനയോടെ ആരംഭിച്ചു. മുത്തുക്കുടകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ ദീപശിഖയും വഹിച്ചുകൊണ്ട്, പദയാത്രയായി രാമപുരം കുരിശുപള്ളിക്ക് മുമ്പിൽ സംഗമിച്ചു.

രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു തിരുസ്വരൂപവും വഹിച്ചുകൊണ്ട് നീങ്ങിയ തീർത്ഥാടനപദയാത്രയെ രാമപുരം സെന്റ് അഗസ്തീനോസ് ഫൊറോനപള്ളി വികാരി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുസ്വരൂപം മാലയിട്ടു സ്വീകരിച്ചു. പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആശീർവാദപ്രാർത്ഥന നടത്തി. ദീപശിഖ പദയാത്രയിൽ രൂപത വികാരി ജനറൽ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി, വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, ഖജാൻജി മേരി എം.പി. ഓർഗനൈസർ ബേബി ആന്റണി, കമ്മിറ്റി അംഗങ്ങളായ ബിജി സാലസ്, സണ്ണി പി.എം., ജോയ് മാത്യു, ജസ്റ്റിൻ മാത്യു, ഫ്രാൻസിസ് ജോസഫ്, സോണൽ ഭാരവാഹികൾ, മേഖല യുണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

**പ്രോഗ്രാം & സ്റ്റേജ് കമ്മിറ്റി മീറ്റിംഗ്**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയും DCMS സപ്തതിവർഷാഘോഷത്തോടനുബന്ധിച്ച് നവംബർ 17 നു രാമപുരത്തുവച്ച് നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവ നടത്തുന്ന വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന രാമപുരം സെന്റ് ആഗസ്തീനോസ് ഫൊറോന പള്ളി അങ്കണം പ്രോഗ്രാം & സ്റ്റേജ് കമ്മിറ്റി അംഗങ്ങൾ സന്ദർശിക്കുകയും

നടത്തേണ്ട ക്രമീകരണങ്ങളെക്കുറിച്ചു ചർച്ച നടത്തുകയും നടത്തുകയും ചെയ്തു.

പ്രോഗ്രാം ഇൻ ചാർജ്ജ് റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, രാമപുരം സെന്റ് ആഗസ്തീനോസ് ഫൊറോനാപള്ളി വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, ഫാ. തോമസ് കിഴക്കയിൽ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ക്രിസ്റ്റി പന്തലാനി, ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ, ഫാ. ജോൺ മണാങ്കൽ, രാമപുരം സെന്റ് ആഗസ്തീനോസ് ഫൊറോനപള്ളി കൈക്കാരന്മാർ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, പ്രോഗ്രാം കമ്മിറ്റിയംഗങ്ങളായ ബിന്ദു സെബാസ്റ്റ്യൻ, ഷീബാ സി.ഒ. എന്നിവർ പങ്കെടുത്തു.

**അടിയന്തരമീറ്റിംഗ്**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയും DCMS സപ്തതി വർഷാഘോഷത്തോടനുബന്ധിച്ചു നവംബർ 17 നു രാമപുരത്തുവച്ച് നടത്തുന്ന ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയോടനുബന്ധിച്ചുള്ള ആലോചനയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ കൂടുകയുണ്ടായി. സിമ്പോസിയം, ഇൻവിറ്റേഷൻ, ഇടവകസന്ദർശനം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും ഉടൻ നടപ്പിൽ വരുത്തേണ്ട കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തു. മീറ്റിംഗിൽ പ്രോഗ്രാം ഇൻ ചാർജ്ജ് റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, റവ. ഫാ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ, രൂപതാ പ്രസിഡന്റ് ബിനോയ് ജോൺ, വൈസ് പ്രസിഡന്റ് ഫെമിനാ സിബിച്ചൻ, സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

**കുടുംബസംഗമങ്ങൾ**

DCMS സപ്തതിവാർഷികാഘോഷത്തോടനുബന്ധിച്ചു കുടുംബസംഗമങ്ങൾ വിവിധ യൂണിറ്റുകളിൽ നടന്നുവരുന്നു. വലവൂർ, രാമപുരം, തീക്കോയി, കുറവിലങ്ങാട് എന്നിവിടങ്ങളിൽ കുടുംബസംഗമങ്ങൾ നടന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിംഗുകൾ**

1) സ്പെഷൽ സ്കൂൾ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

2) ഓൾഡ് ഏജ് ഹോം വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈൻ ആയി നടന്നു.

3 സൈക്കോ സോഷ്യൽ വിഭാഗം ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**2. വയോജനദിനാചരണം**

സെന്റ് വിൻസെന്റ് പ്രൊവിഡൻസ് ഹൗസ് ഓൾഡ് ഏജ് ഹോമിൽ വയോജനദിനാചരണവും റൂബി ജൂബിലി വർഷാരംഭവും ആചരിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഡോ. സി. ദീപ്തി ജോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ

മീറ്റിംഗിൽ സിസ്റ്റർ അമല അറയ്ക്കൽ സ്വാഗതം ആശംസിച്ചു. വയോജനദിനാചരണ ഉദ്ഘാടനം പാലാ നഗരസഭ ചെയർമാൻ ശ്രീ ഷാജു വി. തുരുത്തൻ നിർവഹിച്ചു. മഖ്യപ്രഭാഷണം റവ. ഫാ. ജെയിംസ് നരിതൂക്കിൽ (പ്രിയോർ, സെന്റ് വിൻസെന്റ് മൊണാസ്ട്രി, പാലാ) നടത്തി. അനുഗ്രഹപ്രഭാഷണം റവ. ഫാ. തോമസ് പുന്നത്താനത്ത് (വികാരി, സെന്റ് ജോസഫ് ചർച്ച്, കിഴതടിയൂർ) നടത്തി.

**4. റൂബി ജൂബിലി വർഷാരംഭം**

സെന്റ് വിൻസെന്റ് പ്രൊവിഡൻസ് ഹൗസ് ഓൾഡ് ഏജ് ഹോമിൽ റൂബി ജൂബിലി വർഷാരംഭം ആചരിച്ചു. റൂബി ജൂബിലി ആഘോഷ ഉദ്ഘാടനം റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ, കെയർ ഹോംസ് പാലാ രൂപത) നിർവഹിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിംഗ്**

1. രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി

**3. വിവിധ ക്ഷേമനിധികളിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

**3.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (AA)**

ഒക്ടോബർ 6, 13, 20, 27 തീയതികളിൽ AA സമ്മേളനങ്ങൾ നടത്തപ്പെട്ടു. ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ലഹരിവിമുക്തജീവിതത്തിന്റെ വിവിധ വർഷങ്ങൾ പിന്നിടുന്നവരെ ആദരിക്കുകയും ചെയ്തു.

**ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സുകൾ**

വിവിധ ഇടവകകൾ കേന്ദ്രീകരിച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും ലഹരിവിരുദ്ധ ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. ഒക്ടോബർ മാസം 6,

13, 20, 27 തീയതികളിൽ അമ്പാറനിരപ്പേൽ, അയ്യമ്പാറ, ഭരണങ്ങാനം, ചക്കാമ്പുഴ എന്നീ സ്ഥലങ്ങളിലെ ഇടവകദൈവാലയങ്ങൾ കേന്ദ്രീകരിച്ച് ഡയറക്ടർ ബോധവത്കരണ ക്ലാസ്സുകൾ നടത്തി.

**ആത്മവിശുദ്ധീകരണധ്യാനം**

ഒക്ടോബർ 12, 13 തീയതികളിൽ അഡാർട്ടിൽ ആത്മവിശുദ്ധീകരണധ്യാനം നടത്തി. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, ജോർജ്ജുകുട്ടി ആഗസ്തി, ഔതച്ചൻ പനച്ചിക്കൽകരോട്ട്, ജോസ് കാവാലി, രവി തോമസ് തുടങ്ങിയവർ വചനപ്രഘോഷണം നടത്തി.

**അഡാർട്ട് ക്ലബ് ഉദ്ഘാടനം**

1994 മുതൽ സ്കൂൾ തലത്തിൽ നടക്കുന്ന അഡാർട്ട് ക്ലബുകളുടെ പ്രവർത്തനം കോളേജുകളിലേക്കു വ്യാപിപ്പിച്ചുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഒക്ടോബർ 4-ാം തീയതി കുറവിലങ്ങാട് ദേവമാതാ കോളേജിൽ നടത്തി. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സുനിൽ സി. മാത്യു അധ്യക്ഷത വഹിച്ചു. ബർസാർ ഫാ. ജോസഫ് മണിയഞ്ചിറ അഡാർട്ട് ക്ലബ് പ്രവർത്തനങ്ങളുടെ കോഡിനേറ്റർ ജോയ് കെ. മാത്യു, ഗാന്ധിദർശൻ പ്രോഗ്രാം ഇൻചാർജ് കെ.ജെ. അബ്രാഹം, കോളേജ് അഡാർട്ട് ക്ലബ് കോഡിനേറ്റർ ഡോ. സ്മിതാ സെബാസ്റ്റ്യൻ, വിവേക് വി. നായർ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് ഒക്ടോബർ 8-ാം തീയതി ഗാന്ധിദർശൻ സെമിനാർ നടത്തി. ഗാന്ധിജി സ്ഥാപിച്ച മുംബൈയിലുള്ള വാർദ്ധാ സേവാഗ്രാം ആശ്രമത്തിലെ റിസർച്ച് സെന്റർ ഡയറക്ടർ ഡോ. സിബി കെ. ജോസഫ് ക്ലാസ് നയിച്ചു.

**ഗാന്ധിജയന്തി ആചരണം**

ഒക്ടോബർ 2-ാം തീയതി അഡാർട്ടിൽ വെച്ച് ഗാന്ധിജയന്തിദിനം ആചരിച്ചു. യോഗത്തിൽ അഡാർട്ട് ഡയറക്ടർ അദ്ധ്യക്ഷത വഹിച്ചു. കെ.ജെ. അബ്രാഹം മുഖ്യപ്രഭാഷണം നടത്തിയ യോഗത്തിൽ എൻ.എം. സെബാസ്റ്റ്യൻ സന്ദേശം നൽകി. യോഗാനന്തരം ഗാന്ധിജിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

**ലോകമാനസിക ആരോഗ്യദിനാചരണം**

ലോകമാനസിക ആരോഗ്യദിനാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 16 ന് കോട്ടയം സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷൻസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അഡാർട്ടിൽ വച്ച് ബോധവത്കരണക്ലാസ്, പ്രദർശനം, കലാപരിപാടികൾ തുടങ്ങിയവ നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ ഫലം പ്രസിദ്ധീകരിച്ചു. വെബ്സൈറ്റിൽ ലഭ്യമാണ്.

| | 1 | 2 | 3 |
|---|---|---|---|
| A | സെറാ ടെസ് മാത്യു | അർനോൾഡ് ജയിംസ് | ക്രിസ്റ്റാ ജോർജ് |
| | നെല്ലാപ്പാറ | മൂലമറ്റം | പയസ്മൗണ്ട് |
| B | കരോൾ ജോസഫ് | മരിയ അഴാത്ത് | ഡിയോണ ജോസഫ് |
| | പാദുവ | അരുവിത്തുറ | മരങ്ങാട്ടുപിള്ളി |
| C | മരിയ പൈക്കാട് | സി.സൗമ്യ ജോസ് CSS | അജു ജോൺ |
| | അരുവിത്തുറ | ഫാത്തിമാപുരം | കുടക്കച്ചിറ |
| D | ടെസ്സി മാത്യു | സിബി ക്രിസ്തുരാജ് | അനിറ്റ ബിജു |
| | സിബിഗിരി | കാഞ്ഞിരത്താനം | ഏന്തയാർ |
| E | ബിജി ഡാർലി | ബാബു പോൾ | ബിന്ദി സ്കറിയ |
| | മാന്നാർ | ഭരണങ്ങാനം | കാഞ്ഞിരമറ്റം |
| F | ഫിലോമിന പോൾ | ഏലിയാമ്മ ജോസഫ് | ഫിലോമിന മാത്യു |
| | മരങ്ങോലി | ഫാത്തിമാപുരം | നമ്പ്യാകുളം |

വിജയികൾക്ക് അഭിനന്ദനങ്ങൾ

ലോഗോസ് ക്വിസ് മത്സരം ഭംഗിയാക്കി നടത്താൻ സഹായിച്ച എല്ലാവർക്കും നന്ദി. സമ്മാനങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്. സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതാണ്.

**ലോഗോസ് ഫാമിലി ക്വിസ്**

ലോഗോസ് ഫാമിലി ക്വിസ് മത്സരം 2024 നവംബർ 3 ന് ഉച്ചകഴിഞ്ഞ് 1 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കും.

**ബൈബിൾ കോഴ്സ്**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് അല്മായർക്കായി നടത്തുന്ന ബൈബിൾ കോഴ്സിന്റെ അടുത്ത ക്ലാസ് നവംബർ 9 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും. ഫാ. തോമസ് മണ്ണൂർ ക്ലാസ് നയിക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** തിങ്കൾ ചൊവ്വാ ബുധൻ, വ്യാഴംദിവസങ്ങളിൽ ഷാലോം പാസ്റ്റൽ സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

**2.** ഒക്ടോബർ 1, 12, 30 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**3.** ഒക്ടോബർ 8 ന് ഹോസ്പിറ്റൽ മിനിസ്ട്രി അംഗങ്ങൾ മരിയൻ മെഡിക്കൽ സെന്റർ സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാത്ഥിച്ചു.

4. സ്ട്രീറ്റ് മിനിസ്ട്രി അംഗങ്ങൾ ഒക്ടോബർ 1 ന് തൊടുപുഴ പ്ലാന്റേഷനിലും 8 ന് കോലാനിയിലും 26 ന് ഇടുക്കിയിലും വചനപ്രഘോഷണം നടത്തി.

**5. ബൈബിൾ കൺവൻഷൻ**

42-ാമത് രൂപതാ ബൈബിൾ കൺവൻഷനുവേണ്ടിയുള്ള ആലോചനയോഗം 21.10.2024 ന് അരമനയിൽ നടന്നു. മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചു. അണക്കര ടീം ധ്യാനം നയിക്കും.

6. കൺവൻഷൻ പോസ്റ്റർ പ്രകാശനകർമ്മം അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് 23-10-24 ന് ബിഷപ്സ് ഹൗസിൽ നിർവഹിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

1. പാലാ കത്തിഡ്രലിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷ കൾ നടത്തപ്പെട്ടു. ഒക്ടോബർ മാസത്തിൽ ബ്രദർ പ്രിൻസ് സെബാസ്റ്റ്യൻ അണക്കര, റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ, ബ്രദർ ശ്യാം എഫ്രായിം കൊല്ലം, ബ്രദർ മോനിച്ചൻ തോളത്ത് (IMS ധ്യാനകേന്ദ്രം) എന്നിവർ ഓരോ ആഴ്ചയിലും വചനപ്രേഘോഷണം നടത്തുകയുണ്ടായി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഒക്ടോബർ 7 ന് പെരിങ്ങുളം തിരുഹൃദയദൈവാലയത്തിൽവച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. ജോർജ് മടുക്കാവിൽ (പെരിങ്ങുളം വികാരി) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. റവ. ഫാ. മൈക്കിൾ നടുവിലേക്കൂറ്റ് (പൂഞ്ഞാർ സബ് സോൺ ആനിമേറ്റർ) വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും ശ്രീ വി.വി. അഗസ്റ്റ്യൻ KCSC (ഇടുക്കി തങ്കച്ചായൻ) വചനസന്ദേശം നൽകുകയും ചെയ്തു.

റവ. ഫാ ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോൺ, പൂഞ്ഞാർ സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി

3. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**4.** വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5. രാത്രി ആരാധന**

വി. അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് ഒക്ടോബർ 26 ശനി രാത്രി ആരാധന നടത്തപ്പെട്ടു. റവ. ഫാ. ബിനോയി മാരിപ്പാട്ട് CMI വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**6.** ഒക്ടോബർ 19 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ മറ്റു വചനപ്രഘോഷകർ, കൗൺസലിംഗ് ശുശ്രൂഷ ചെയ്യുന്നവർ ഒന്നിച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**7.** ഒക്ടോബർ 12 ശനി ഭരണങ്ങാനം മാതൃഭവനിൽ വച്ച് പാലാ സോൺ YU4C യുടെ നേതൃത്വത്തിൽ 4 മുതൽ 8 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കും യുവജനങ്ങൾക്കുമായി 2 സെഷനായി ഏകദിനധ്യാനം നടത്തുകയുണ്ടായി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ അഭിഷേക-കൈവയ്പ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - ഒക്ടോബർ 12 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

2. 2024 ഒക്ടോബർ 20 മുതൽ 26 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യനുഭവധ്യാനം നടന്നു.

3. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 നവംബർ 9 - ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2024 നവംബർ 10 മുതൽ 16 വരെ പഞ്ചദിന ദൈവരാജ്യനുഭവധ്യാനം.

ബുക്കിംഗിന്: www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ രൂപത, റീജിയൻ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനും സജീവമല്ലാത്ത യൂണിറ്റുകൾ പുനസംഘടിപ്പിച്ച പ്രവർത്തനം ഊർജിതമാക്കുന്നതിനും ശ്രമിച്ചുവരുന്നു.

SFO അരുവിത്തുറ റീജിയൻ സമിതിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 21-ാം തീയതി ശനിയാഴ്ച കളത്തൂക്കടവ് സെന്റ് ജോൺ വിയാനി പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് അരുവിത്തുറ റീജിയൻ സമ്മേളനം നടത്തപ്പെട്ടു. റീജിയൻ മിനിസ്റ്റർ - ഇൻ - ചാർജ് ബ്രദർ തോമസ് മാത്യു മടിക്കാങ്കിലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം കളത്തൂക്കടവ് പള്ളി വികാരി റവ. ഫാ. തോമസ് ബ്രാഹ്മണവേലിൽ ഉദ്ഘാടനം ചെയ്തു.

SFO ചെങ്ങനാശ്ശേരി അതിരൂപത ഫോർമേറ്റർ ബ്രദർ രാജു ജോസഫ് പാലത്തിങ്കൽ മുഖ്യപ്രഭാഷണം നടത്തി. SFO രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ ആന്റണി വെച്ചൂർ OFM Cap:, സോജൻ മാത്യു, ഗീതമ്മ ജോസഫ് നീണ്ടൂർ, ബിനോയി മാത്യു ഒഴാക്കൽ, ജോർജുകുട്ടി വടക്കെത്തകടിയേൽ എന്നിവർ പ്രസംഗിച്ചു. റീജിയൻ സമ്മേളനത്തിൽ വച്ച് അനുഷ്ഠാനകർമ്മങ്ങളും, പ്രാഥമിക നിത്യവ്രതപ്രതിജ്ഞാപനകർമ്മങ്ങളും നടത്തപ്പെട്ടു.

SFO പാലാ രൂപതാസമിതി, വിവിധ റീജിയൻ യൂണിറ്റ് സമിതികൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2024 ഒക്ടോബർ 17-ാം തീയതി വ്യാഴാഴ്ച ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും രൂപതാവാർഷികവും നടത്തപ്പെട്ടു. SFO രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ അധ്യക്ഷത വഹിച്ച രൂപതാവാർഷിക സമ്മേളനത്തിൽ SFO ചങ്ങനാശ്ശേരി അതിരൂപത കൗൺസിൽ അംഗം ബ്രദർ പ്രമോദ് പി. ജോസഫ് മുഖ്യപ്രഭാഷണം നടത്തി. രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായ റവ. ഫാ. ആന്റണി വെച്ചൂർ OFM. Cap., റവ. ഫാ ആദർശ് വടക്കേത്ത് OFM. Cap: എന്നിവർ അനുഗ്രഹപ്രഭാഷണവും SFO രൂപത സെക്രട്ടറി റ്റിസി രാജു കടലംകാട്ട് റിപ്പോർട്ട് അവതരണവും നടത്തി. ബ്രദർ ജോസഫ് സി.വി. ചെങ്ങഴശ്ശേരിൽ സ്വാഗതവും ബ്രദർ ജോയ് ജോൺ കളപ്പറമ്പത്ത് കൃതജ്ഞതയും പ്രകാശിപ്പിച്ചു. തുടർന്ന് വിശുദ്ധ കുർബാന, സ്നേഹവിരുന്ന് എന്നിവ നടത്തപ്പെട്ടു. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും സമുചിതമായി ആഘോഷിച്ചു. ആഘോഷമായ വിശുദ്ധ കുർബാന, ലദീഞ്ഞ്, നേർച്ചവിതരണം, ജീവകാരുണ്യപ്രവൃത്തികൾ എന്നിവ യൂണിറ്റ് തലത്തിൽ തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ടു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1 മീറ്റിംഗ്**

1) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**2. ഫൊറോന കൺവൻഷൻ**

**1) ഭരണങ്ങാനം**

ഭരണങ്ങാനം ഫൊറോന കൺവൻഷൻ നവംബർ 24 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് ഭരണങ്ങാനം മിനി പാരീഷ്ഹാളിൽ നടത്തുന്നതിന് ഒക്ടോബർ 6-ന് കൂടിയ ഡിഎഫ്സി ഭരണങ്ങാനം ഫൊറോന സമിതി തീരുമാനിച്ചു. കൺവെൻഷന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

രക്ഷാധികാരി : വെരി റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട്,

ചെയർമാൻ : റവ. ഫാ. ടോം വാഴയിൽ

ജനറൽ കൺവീനർ : ശ്രീ ചാക്കോച്ചൻ കളപ്പുര

ജോയിന്റ് കൺവീനർ : ശ്രീ ജോണി സി.വി. വെച്ചൂർചെരുവിൽ

സപ്ലിമെന്റ് കമ്മിറ്റി : തോമാച്ചൻ പാലക്കുടി, രാജു കൊക്കപ്പുഴ, ജോസുകുട്ടി അമ്പലത്തുങ്കൽ, ജോണി വെച്ചൂർചെരുവിൽ.

പ്രോഗ്രാം കമ്മിറ്റി: ശ്രീ അലക്സ് ജെ. ഡയസ്, മോളി ജോൺ കുന്നുംപുറത്ത്, ഷൈനി പൊറ്റോടത്തിൽ

റിഫ്രഷ്മെന്റ്: ഡെയ്സമ്മ ചൊവ്വാറ്റുകുന്നേൽ, മോനിക്കാമ്മ വേകത്താനം.

ട്രഷറർ: ശ്രീ അലക്സ്

**2) ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഫൊറോനാ കൺവെൻഷൻ സ്വാഗതസംഘം രൂപീകരിച്ചു.

**3. ഡ്രീം ലൈൻ പ്രോജക്ട്**

കാഞ്ഞിരത്താനം ഇടവകയിൽ ഡ്രീം ലൈൻ പ്രോജക്ടിന്റെ ഭാഗമായി ദീപികപത്രപ്രചരണം നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)



PALA COMMUNICATIONS
A FUN FAMILY THRILLER RIDE
FR.CHRISTY PANTHALANI
MUHAD VEMBAYAM SURESH DIVAKARAN






## ഫാ. അഗസ്റ്റിൻ കടുകുമാക്കൽ

രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ ജോസഫിന്റെയും അന്നമ്മയുടെയും 9 മക്കളിൽ ഒരാളായി 1932 സെപ്റ്റംബർ നാലാം തീയതി അഗസ്റ്റിൻ കടുകുമാക്കൽ ജനിച്ചു. പ്രാഥമികപഠനത്തിനുശേഷം പാലായിലെ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച്, 1960 മാർച്ച് പത്താം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ അറക്കുളം പഴയ പള്ളിയിൽ അസ്തേന്തി അച്ചനായും ചക്കിക്കാവ്, എടാട് പള്ളികളുടെ ഇൻചാർജ് ആയും പ്രവർത്തിച്ചു. തുടർന്ന് കയ്യൂർ, വലിയകുമാരമംഗലം സ്കൂൾ മാനേജർ, ചക്കാമ്പുഴ ഹോസ്പിറ്റൽ ഡയറക്ടർ, വിളക്കുമാടം, പ്ലാശനാൽ, മലപ്പുറം, കുടക്കച്ചിറ, മാനത്തൂർ, മറ്റക്കര, നീറന്താനം എന്നീ പള്ളികളിൽ വികാരിയായും, HCMS സംഘടനയുടെ ഡയറക്ടറായും പ്രവർത്തിച്ചു. 2008 ജനുവരി 25-ാം തീയതി റിട്ടയർ ആയതിനുശേഷം ഇടുക്കി രൂപതയിലെ മണിയാരംകുടി, നാരകക്കാനം എന്നിവിടങ്ങളിൽ വികാരിയായും തുടർന്നു. പിന്നീട് ക്ലാരനഗർ എഫ്സി കോൺവെന്റ് ചാപ്ലിനായും പ്രവർത്തിച്ചശേഷം 2015 ഫെബ്രുവരി ഏഴാം തീയതി പാലായിലെ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചു വരിയായിരുന്നു. 2024 ഒക്ടോബർ ഒമ്പതാം തീയതി നിത്യകിരീടം നേടാൻ ദൈവ പിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട അഗസ്റ്റിൻ കടുകുമാക്കൽ അച്ചന്റെ ഭൗതികശരീരം 2024 ഒക്ടോബർ പതിനൊന്നാം തീയതി രാവിലെ 9:30 ന് ഐങ്കൊമ്പ് പള്ളി പാരിഷ് ഹാളിൽ പൊതുദർശനത്തിനുശേഷം 10 മണിക്ക് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ

കുർബാനയ്ക്കും തുടർന്നും മൃതസംസ്കാരശുശ്രൂഷാപ്രാർത്ഥനകൾക്കും ശേഷം ഐങ്കൊമ്പ് പള്ളിയിൽ സെമിത്തേരിയിൽ സംസ്കരിച്ചു.

മരിച്ചവരെ നിത്യതയിൽ ഉയർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട അഗസ്റ്റിൻ കടുകുമാക്കലച്ചനെ ജീവന്റെ കിരീടം അണിയിക്കട്ടെ.



## സി. മോസസ്സ് മൂങ്ങാതോട്ടത്തിൽ FCC

പാലാ രൂപതയിലെ കാഞ്ഞിരമറ്റം ഇടവകയിൽ മൂങ്ങാതോട്ടത്തിൽ മാണിയുടെയും അന്നമ്മയുടെയും 13 മക്കളിൽ ഏഴാമത്തെ സന്താനമായി 26.02.1930 ൽ ബഹു. മോസസ്സമ്മ ഭൂജാതയായി. 07.03.1930 ൽ കാഞ്ഞിരമറ്റം മാർ സ്ലീവാ പള്ളിയിൽ വച്ച് ജ്ഞാനസ്നാനം നൽകി. മമ്മോദീസയിൽ ക്ലാര എന്ന പേര് നല്കപ്പെട്ടു. ക്ലാരക്കുട്ടി എന്ന ഓമനപ്പേരിലാണ് അറിയപ്പട്ടിരുന്നത്. 1951 ൽ അതിരമ്പുഴ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് SSLC പാസായി. 1952 മുതൽ വാകക്കാട് സ്കൂളിൽ അധ്യാപികയായി സേവനം ആരംഭിച്ചു. അതേവർഷംതന്നെ വാകക്കാട് മഠത്തിൽ സന്ന്യാസാർത്ഥിനിയായി ചേർന്നു. 25.05.1953 ൽ സഭാവസ്ത്രം സ്വീകരിച്ചു. 28.05.1954 ൽ വ്രതവാഗ്ദാനം നടത്തി. സി. എഡ്വേർഡ് മോസസ്സ് എന്ന പേര് സ്വീകരിച്ചു. 28.05.1957 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2004 ൽ സുവർണജൂബിലിയും ആഘോഷിച്ചു.

നീണ്ട എഴുപത് വർഷത്തെ സന്ന്യാസജീവിതത്തിൽ 33 വർഷവും അധ്യാപികയായി സേവനം ചെയ്തു. രണ്ടുവർഷം പ്രഥമാധ്യാപികയായിരുന്നു. കുട്ടികൾക്കെന്നും പ്രിയപ്പെട്ട ടീച്ചർ ആയിരുന്നു. മോസ്സസമ്മ ഒരമ്മയുടെ കരുതലും മൃദുലതയും നൽകിയ ടീച്ചർ. കുട്ടികളുടെ ആത്മീയ, ബൗദ്ധികവളർച്ചയിൽ ശ്രദ്ധിച്ച്, കലാപരവും കായികവുമായ കഴിവുകളും, ശേഷിയും വളർത്തി ഒരു നല്ല തലമുറയെ വാർത്തെടുത്ത മോസസമ്മ നാടിന്റെയും നാട്ടുകാരുടേയും പ്രിയങ്കരിയായിരുന്നു. അമ്മയുടെ ശിഷ്യഗണം ഈ അടുത്ത നാളുകളിലും അമ്മയുടെ അടുക്കൽ എത്തുമായിരുന്നു. ഇടവകദൈവാലയവും ജൈവജനവും എന്നും അമ്മയുടെ പ്രാർത്ഥനയുടെ വിഷയമായിരുന്നു. അനേകം കലാപ്രതിഭകളെ പ്രോത്സാഹിപ്പിച്ച് വളർത്തി, തലമുറ കൈമാറിവന്ന വിശ്വാസപൈതൃകം അതിന്റെ ചൂടും ചൂരും വിടാതെ അവരിലേക്ക് പകർന്നു. താൻ ആയിരിക്കുന്ന ഔദ്യോഗികജീവിതത്തിൽനിന്നു വിരമിച്ചതിനുശേഷം ഇടവകയിലെ വീടുകളിലെ കണ്ണുനീരും ചുടുനിശ്വാസവും അമ്മയ്ക്കറിയാമായിരുന്നു. ജനത്തിന് തങ്ങളുടെ ഭാരവും ദുഃഖവും ഇറക്കിവയ്ക്കാനുള്ള ചുമലായിരുന്നു മോസസ്സമ്മ. 'സംഗീതം' അമ്മയ്ക്കൊരു തപസ്യയായിരുന്നു. സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോഴും അധ്യാപികയായിരുന്നപ്പോഴും അതിനുശേഷവും ദൈവം നൽകിയ ആ ദൈവമഹത്ത്വത്തിനും ദൈവജനത്തിന്റെ വളർച്ചയ്ക്കും വിനിയോഗിച്ചു. 'നാഥാ നിനക്കായ് പാടി പാടിയെൻ നാവു തളർന്നാൽ തളർന്നിടട്ടെ' വാർദ്ധക്യ

ത്തിൽപോലും സംഗീതകല അടുത്ത തലമുറയിലേക്കു പകരാൻ അമ്മയുടെ പ്രേരകശക്തി ഇതായിരുന്നു. വാകക്കാട് മണലുങ്കൽ, കുറിഞ്ഞി സ്കൂളുകളിലെല്ലാം അമ്മ തന്റെ ശുശ്രൂഷ നിർവഹിച്ചു. അധ്യാപനത്തിൽനിന്ന് വിരമിച്ചതിനുശേഷം ജൂണിയർ മിസ്ട്രെസ്, ഫാം സൂപ്പർവൈസർ, അസിസ്റ്റന്റ് സൂപ്പീരിയർ, സൂപ്പീരിയർ എന്നീ നിലകളിലെല്ലാം സ്തുത്യർഹമായ ശുശ്രൂഷകൾ ചെയ്തു. വാകക്കാട് കല്ലൂർക്കാട്, കുറിഞ്ഞി, ആലുവ ജനറലേറ്റ്, വിമലഗിരി നോവിഷ്യേറ്റ് ഹൗസ് ചെമ്മലമറ്റം, കിഴപറയാർ, പച്ചിക്കൽ, കൂട്ടിക്കൽ അമ്പാറ നിരപ്പേൽ, തിടനാട് ക്ലാരനഗർ ഇവിടെയെല്ലാം സമൂഹാംഗങ്ങളും ദേശവാസികളും ജാതിമതഭേദമെന്യേ അമ്മയുടെ സ്നേഹവാത്സല്യം അനുഭവിച്ചവരാണ്. ഈശോയെപ്പോലെ മറ്റുള്ളവർക്ക് നന്മ ചെയ്തു ജീവിക്കുക ഇതായിരുന്നു അമ്മയുടെ Moto. അമ്മയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട വചനമായിരുന്നു (Jn 12/24) "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നില്ലെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും.'

2024 ജൂൺ മാസംമുതൽ ഏതാണ്ട് നാലുമാസമായി വാർദ്ധക്യസഹജമായ രോഗങ്ങൾ അമ്മയെ അലട്ടുകയും ശയ്യാവലംബയാവുകയും ചെയ്തു. 13.06.2024 ൽ അമ്മയ്ക്ക് രോഗീലേപനവും നൽകി. തുടർന്ന് ക്ഷീണം കുറയുകയും മുറിയിലിരുന്ന് വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തിരുന്നു. 01.10.2024 തിങ്കൾ വൈകുന്നേരത്തോടെ അമ്മ കൂടുതൽ ക്ഷീണിതയായി കാണപ്പെട്ടു. 02.10.2024 ചൊവ്വ രാവിലെ 7 മണിയോടെ ശ്വാസതടസ്സം ഉണ്ടാവുകയും ക്ലാരാനഗർ ചാപ്ലെൻ ബഹു. ഫാ. ജോർജ് മുളങ്ങാട്ടിൽ അമ്മയുടെ രോഗശയ്യക്കരികിൽ വന്നു പ്രാർത്ഥിച്ചു. അച്ചനും സമൂഹാംഗങ്ങളെല്ലാവരും പ്രാർത്ഥനനിരതരായി നിൽക്കവേ അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗീയ ഗേഹത്തിലേക്ക് പറന്നുയരുകയും ചെയ്തു. ഏകദേശം 8 മണിയോടെ മൃതദേഹം ഭരണങ്ങാനം IHM ഹോസ്പിറ്റലിൽ മോർച്ചറിയിൽ സൂക്ഷിക്കുകയും ചെയ്തു.

പിറ്റേന്ന് 03.10. 2024 വ്യാഴാഴ്ച രാവിലെ 8 ന് മൃതദേഹം തിടനാട് ക്ലാരനഗർ മഠം ചാപ്പലിൽ കൊണ്ടുവന്നു. ബഹു. വൈദികർ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. 12.45. p.m ന് ബഹു. ചാപ്ലൈൻ ജോർജ് മുളങ്ങാട്ടിലച്ചനും ബഹു. ബെന്നി കിഴക്കേൽ CST അച്ചനും ചേർന്ന് ദിവ്യബലി അർപ്പിച്ചു. കുർബാനമദ്ധ്യേ ബഹു. ബെന്നി അച്ചൻ അനുസ്മരണസന്ദേശം നൽകി. ദിവ്യബലിയെത്തുടർന്ന് തിടനാട് പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, അസി. വികാരി റവ. ഫാ. ജോസഫ് പന്തമാക്കൽ എന്നിവരും ചേർന്ന് മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം മൃതദേഹം തിടനാട് സെന്റ് ജോസഫ് ദൈവാലയത്തിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് ജോസഫ് തടത്തിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും അനുസ്മരണസന്ദേശം നല്കുകയും ചെയ്തു. അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും ശിഷ്യഗണങ്ങളുടെയും സാന്നിധ്യത്തിൽ 2.30 pm ന് മോസസ്സമ്മയുടെ ഭൗതികശരീരം

തിടനാട് സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്ത മണവാട്ടിയെ നിത്യകിരീടമണിയിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.



## റവ. സി. സീത്താ മരിയ എഫ്.സി.സി

പാലാ രൂപതയിൽ പ്ലാശനാൽ ഇടവകയിൽ വാഴയിൽ കുടുംബത്തിൽ അന്തോണിയുടെയും മറിയാമ്മയുടെയും 11 മക്കളിൽ അഞ്ചാമത്തെ സന്താനമായി 1940 ഒക്ടോബർ 30-ാം തീയതി മറിയമ്മ എന്നു വിളിക്കപ്പെട്ട ബഹു. സീത്താമ്മ ജനിച്ചു. പ്ലാശനാൽ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് മറിയം എന്ന പേരിൽ 8.11.1940 ൽ മാമോദിസ സ്വീകരിച്ചു. 1961 ൽ സെന്റ് ആന്റണീസ് എച്ച്.എസ്. പ്ലാശനാലിൽനിന്ന് പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം 1962 ജൂൺ 14 ന് രാമപുരം വിമലഗിരി നൊവിഷ്യേറ്റു ഭവനത്തിൽ അർത്ഥിനിയായി ചേർന്നു. 6.4.1964 ൽ പ്രഥമവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. സിസ്റ്റർ സീത്താ മരിയ എന്ന നാമം സ്വീകരിച്ചു. 22.5.1969 ൽ നിത്യവ്രതവാഗ്ദാനം നടത്തി നാഥന്റെ സ്വന്തമായിത്തീർന്നു. 2014 വ്രതസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു.

നീണ്ട 60 വർഷത്തെ സമർപ്പണജീവിതത്തിന്റെ ഭൂരിഭാഗവും അമ്മ പാവങ്ങളോടൊപ്പം ആയിരുന്നു. 1981-85 വരെയും 1986 മുതൽ 1998 വരെയും ഭരണങ്ങാനം പ്രോവിൻസിന്റെ ആദ്യത്തെ ബാലികാഭവനമായ അരുവിത്തുറ ആനന്ദഭവനത്തിൽ ആരംഭകാലംമുതൽ ബഹു. സീത്താമ്മ ശുശ്രൂഷ ചെയ്തു. 1985-86 വർഷത്തിൽ പാലാ പ്രൊവിഡൻസ് ക്ലിനിക്കുമായി ചേർന്ന് മാനസിക രോഗികളെ ശുശ്രൂഷിച്ചു. 1998 മുതൽ 2003 വരെ ഭരണങ്ങാനം അസ്സീസി സ്നേഹ ഭവനത്തിലെ നിവാസികളോടൊപ്പം അമ്മ തന്റെ ജീവിതം ചെലവഴിച്ചു.

വഴിയോരങ്ങളിൽനിന്നു കിട്ടുന്ന നവജാതശിശുക്കളെ ജാതിമതഭേദമെന്യേ ആ കാലഘട്ടത്തിൽ ബാലികാഭവനത്തിൽ സ്വീകരിച്ച് പരിപാലിച്ചുപോന്നിരുന്നു. ശിശുപ്രായത്തിൽ കിട്ടിയ കുഞ്ഞുങ്ങളുടെ സ്വഭാവരൂപവത്കരണം, ആത്മീയജീവിതം, വിദ്യാഭ്യാസം, കലാപരവും കായികവുമായ കഴിവുകൾ വികസിപ്പിക്കുക എന്നീ കാര്യങ്ങളിലെല്ലാം അമ്മ ബദ്ധശ്രദ്ധയായിരുന്നു. ഒരിക്കലും ഒരു വേദനയും ആ ഇളംമനസ്സുകൾക്ക് വരാതിരിക്കാൻ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തീക്കോയി, മണിയംകുന്ന്, പച്ചിക്കൽ, കല്ലൂർക്കുളം, കൂട്ടിക്കൽ, അറക്കുളം, അമ്പാറനിരപ്പേൽ എന്നീ മഠങ്ങളിൽ അമ്മ തന്റെ സ്നേഹസേവനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. കഠിനാധ്വാനം, അധികാരികളോടുള്ള വിധേയത്വം, വൈദികരോടുള്ള ബഹുമാനം, ദിവ്യകാരുണ്യഭക്തി, പാവങ്ങളോടുള്ള സ്നേഹം എന്നിവ അമ്മയിൽ വിളങ്ങിയിരുന്ന സുകൃതങ്ങളാണ്. "Love and serve the poor" ഇതായിരുന്നു അമ്മയുടെ മോട്ടോ. കർത്താവായ ഈശോയെ എല്ലാവരും അറിയുക, സ്നേഹിക്കുക ഇതാണ് അമ്മയുടെ ജീവിതത്തെ നയിച്ചിരുന്ന ആദർശം. “മൂല്യച്യുതി വന്ന ലോകത്തിൽ ക്രിസ്തീയമൂല്യങ്ങൾ മക്കൾക്കു നൽകാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.”

ഇതാണ് അമ്മയ്ക്ക് ലോകത്തോടുപറയാനുണ്ടായിരുന്ന സന്ദേശം. എന്റെ സന്ന്യാസ ജീവിതത്തിൽ ഞാൻ തികച്ചും സംതൃപ്തയാണ്. സമാധാനത്തോടും സന്തോഷത്തോടും കൂടെ ഞാൻ ജീവിക്കുന്നു. യേശുക്രിസ്തുവിനെ ഏക രക്ഷകനും ഏകനാഥനുമായി സ്വീകരിച്ചുകൊണ്ട് മറ്റുള്ളവർക്കു നൽകുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. അമ്മയുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നതും എത്തുന്നവരോട് അമ്മ പറഞ്ഞിരുന്നതും ഇതാണ്.

2013 മുതൽ ബഹു. സീത്താമ്മ തിടനാട് ക്ലാരാനഗർ ഭവനത്തിൽ പ്രാർത്ഥനാജീവിതം നയിക്കുകയായിരുന്നു. പ്രായവും രോഗവും എല്ലാം ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിച്ചുകൊണ്ട് സീത്താമ്മ സംതൃപ്തിയോടെ ജീവിച്ചു വരികയായിരുന്നു. 13.9.2024 വെള്ളിയാഴ്ച പതിവുപോലെ ദിവ്യബലിയിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്തു. പ്രഭാതഭക്ഷണം കഴിച്ചു ഏകദേശം പത്തുമണിയോടെ അമ്മക്ക് നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്ന് തിടനാട് ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ എത്തി അമ്മയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. സിസ്റ്റേഴ്സ് എല്ലാവരും അമ്മയ്ക്ക് ചുറ്റും പ്രാർത്ഥനാനിരതരായി നോക്കിനിൽക്കേ അമ്മയുടെ പാവനാത്മാവ് നിത്യതയിലേക്കു യാത്രയായി. ബന്ധുക്കളും ശിഷ്യൻമാരായ അനേകം വൈദികരും എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14.09.2024 ശനിയാഴ്ച 9 മണിക്ക് തിടനാട് ക്ലാരാനഗർ മഠം ചാപ്പലിൽ വി. കുർബാനയോടെ സംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. റവ.ഫാ. ആന്റണി വാഴയിൽ, റവ.ഫാ. ടോം വാഴയിൽ, റവ.ഫാ. വർഗീസ് വാഴയിൽ OFM Cap, ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി എന്നിവർ ദിവ്യബലിക്ക് കാർമികത്വം വഹിച്ചു. തുടർന്ന് മൃതദേഹം തിടനാട് സെന്റ് ജോസഫ് പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോ സിഞ്ചല്ലൂസ് മോൺ. ജോസഫ് തടത്തിൽ കാർമികത്വം വഹിച്ച് അനുസ്മരണസന്ദേശം നൽകി. തുടർന്ന് മൃതദേഹം തിടനാട് സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തനിക്കായി നിശ്ചയിക്കപ്പെട്ട സ്വർഗ്ഗീയസമ്മാനം വാങ്ങാൻ ബഹു. സീത്താമ്മ ദിവ്യനാഥന്റെ സന്നിധിയിലേക്ക് യാത്രയായി. ബഹു. അമ്മയെ ദിവ്യനാഥൻ നിത്യകിരീടമണിയിക്കട്ടെ. അമ്മയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2024

| | | |
|---|---|---|
| 1 | 2.30 pm | മേലുകാവുമറ്റം എസ്.എച്ച് സിസ്റ്റേഴ്സ് നേതൃത്വത്തിലുള്ള Ashraya Social Physio Rehabilitation Centre ന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു |
| 2 | 4.00 pm | മേരി ലാൻഡിൽ പാലാ ഹോം പ്രൊജക്ടിന്റെ വീട് വെഞ്ചരിച്ചു. |
| | 6.00 pm | അരുവിത്തുറ ഇടവകയിൽ ചെറുവണ്ണിൽ ത്രേസ്യാമ്മ ജോസഫിന്റെ മൃതശരീരത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 4 | 9.00 am | സെന്റ് തോമസ് കോളേജിൽ പബ്ലിക്കേഷൻ ഡിവിഷന്റെ ഉദ്ഘാടനവും ആദ്യപുസ്തകത്തിന്റെ പ്രകാശനകർമ്മവും നിർവഹിച്ചു. |
| | 2.00 pm | ബഹുമാനപ്പെട്ട ജോർജ് പറമ്പിത്തടത്തിൽ അച്ചന്റെ പിതാവ് ശ്രീ മാത്യു മത്തായിയുടെ മൃതസംസ്കാരശുശ്രൂഷയിലെ ഭവനത്തിലെ കർമ്മത്തിനു കാർമികത്വം വഹിച്ചു. |
| | 3.00 pm | ബഹുമാനപ്പെട്ട മാത്യു കാവനാടിമലയിൽ അച്ചന്റെ പ്രിയപിതാവ് ശ്രീ കെ.എം. കുര്യന്റെ മൃതസംസ്കാരശുശ്രൂഷയിലെ പള്ളിയിലെ കർമ്മത്തിനു കാർമികത്വം വഹിച്ചു. |
| 5 | 11.00 am | മൂലമറ്റം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 5.30 pm | ആയാംകുടി മലപ്പുറം പള്ളിയിൽ ഇടവകയായതിന്റെ ശതാബ്ദിവർഷോദ്ഘാടനവും വിശുദ്ധ അമ്മത്രേസ്യയുടെ തിരുശേഷിപ്പ് പ്രതിഷ്ഠയും നടത്തി. |
| | 6.15 pm | അൽഫോൻസാപുരം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |

| | | |
|---|---|---|
| 6 | | അൽഫോൻസാപുരം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 2.00 pm | എ.കെ.സി.സി. സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ രൂപതാപഠനശിബിരത്തിൽ പങ്കെടുത്ത് സന്ദേശം നൽകി |
| 7 | 11.00 am | ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പുഴക്കര അച്ചന്റെ പ്രിയപിതാവ് ശ്രീ പി.എ. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. |
| 8 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6.00 pm | അരമനയിൽ മാസധ്യാനത്തിൽ പങ്കെടുത്തു. |
| 9 | 9.00 am | പാലാ അൽഫോൻസാ കോളേജിന്റെ ജൂബിലി വർഷ സമാപനച്ചടങ്ങിൽ പങ്കെടുത്തു. |
| | 12.00 | മാർ സ്ലീവാ മെഡിസിറ്റിയിൽ 60 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയതിനോടനുബന്ധിച്ചുനടത്തിയ ശസ്ത്രക്രിയയ്ക്കു വിധേയരായവരുടെ സംഗമത്തിൽ അധ്യക്ഷത വഹിച്ചു. |
| 10 | 10.00 am | എസ്.സി. പാലാ പ്രൊവിൻസിന്റെ ഫസ്റ്റ് പ്രൊഫഷൻ വെസ്റ്റിഷൻ കാർമികത്വം വഹിച്ചു. |
| | 3.00 pm | ബഹുമാനപ്പെട്ട തോമസ് പുതുപ്പറമ്പിൽ അച്ചന്റെ പ്രിയപിതാവ് ശ്രീ പി.വി. ജോർജിന്റെ സംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മത്തിനു കാർമികത്വം വഹിച്ചു. |
| 11 | 10.00 am | ഐങ്കൊമ്പ് ഇടവകയിൽ ബഹുമാനപ്പെട്ട ആഗസ്റ്റിൻ കടുകുമാക്കൽ അച്ചന്റെ സംസ്കാരശുശ്രൂഷകൾക്കു നേതൃത്വം നൽകി. |
| 12 | 10.30 am | രാമപുരത്ത് ബഹുമാനപ്പെട്ട കച്ചിറമറ്റം അഗസ്റ്റിനച്ചന്റെ മാതാപിതാക്കളുടെ ഓർമ്മദിനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. |
| | 2.30 pm | രൂപതയിലെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന അക്കൗണ്ടന്റുമാരുടെയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെയും മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| 13 | 3.00 pm | ചേർപ്പുങ്കൽ ഇടവകയിൽ കോലാടി കുഞ്ഞമ്മ ഫിലിപ്പിന്റെ സംസ്കാരശുശ്രൂഷയിൽ പള്ളിയിലെ കർമ്മത്തിനു നേതൃത്വം നൽകി. |
| 14 | 3.00 pm | വെള്ളിയാമറ്റം ഇടവകയിൽ പുതുതായി പണിത ഷോപ്പിംഗ് സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 15 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 16 | 10.00 am | രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറടത്തിൽ കുർബാനയർപ്പിച്ചു പുതുതായി നിർമ്മിക്കുന്ന പള്ളിമുറിയുടെ കല്ലിടീൽ കർമ്മം നടത്തി. |
| 17 | 9.00 pm | സിവിൽ സർവീസ് ജനറൽ ബോഡിയുടെ ഓൺ ലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 18 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 19 | 05.30 pm | കത്തീഡ്രൽ ഇടവകയിൽ മനസമ്മതം ആശീർവദിച്ചു. |
| | 06.45 pm | ഇലഞ്ഞി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 20 | 07.45 am | ഇലഞ്ഞി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 21 | 11.15 am | ചേർപ്പുങ്കൽ ഇടവകയിൽ കീരക്കാലിൽ മറിയക്കുട്ടി മാത്യുവിന്റെ സംസ്കാരശുശ്രൂഷയിലെ പള്ളിയിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി. |
| | 3.00 pm | അന്തിനാട് ഇടവകയിൽ പാലാ ഹോം പ്രോജക്റ്റിലെ വീട് വെഞ്ചരിച്ചു. |
| | 4.15 pm | രാമപുരം ഇടവകയിൽ എസ്.എ.ബി.എസ് സിസ്റ്റർമാർ പണിതുകൊടുത്ത 10 വീടുകളുടെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 22 | 10.00 am | നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയിൽ മാർത്തോമാ നസ്രാണിസമുദായപ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 23 | 03.30 pm | മുട്ടുചിറയിൽ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലും മെഡിസിറ്റിയും ചേർന്ന് ആരംഭിച്ച എമർജൻസി വാർഡിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |

| | | |
|---|---|---|
| 24 | 04.30 pm | പി.എസ്.ഡബ്ല്യു.എസിന്റെ പുതിയ സംരംഭമായ കേരളഗ്രോ ഷോപ്പിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ ഹിച്ചു. |
| | 08.30 pm | ഓൺലൈനിൽ പെർമനന്റ് സിനഡ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| 25 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3:30 pm | നിയുക്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ടിനെ മെത്രാപ്പോലീത്തയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| 29 | | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | | മുനമ്പം സന്ദർശിച്ച് സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. |
| 31 | 09.00 am | അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്തു. |
| | 04.30 pm | തിടനാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |

**പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെയും നേതൃത്വത്തിൽ നാല്പത്തിയഞ്ചംഗ പ്രതിനിധിസംഘം മുനമ്പം സന്ദർശിച്ച് സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.**












**നിലയ്ക്കൽ എക്യുമെനിക്കൽ പള്ളി & എക്യുമെനിക്കൽ ട്രസ്റ്റ്**
**മാർ തോമ്മാ നസ്രാണിസമുദായ പ്രതിനിധിസമ്മേളനം**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**



പാലാ അൽഫോൻസാ കോളജിൽ നവീകരിച്ച ലൈബ്രറിയുടെ
ആശീർവാദകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.





പാലാ സോഷ്യൽ വെൽഫെയർ
സൊസൈറ്റിയുടെ പുതിയ സംരംഭമായ കേരളഗ്രോ
പദ്ധതിയുടെ ആശീർവാദവും ഉദ്ഘാടനവും അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച്
ളാലം പുതിയ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന ഇടവകപ്പള്ളികളിലെ
അക്കൗണ്ടന്റുമാരുടെയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെയും മീറ്റിങ്ങിൽ പങ്കെടുത്തവർ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം




മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പുതുതായി ആരംഭിച്ച അത്യാഹിതവിഭാഗത്തിന്റെ ഉദ്ഘാടനം ശ്രീ ഫ്രാൻസിസ് ജോർജ് എം പി നിർവഹിക്കുന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു.



മാർ സ്ലീവാ മെഡിസിറ്റിയിൽ 60 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയതോടനുബന്ധിച്ചു നടത്തിയ, ശസ്ത്രക്രിയയ്ക്കു വിധേയരായവരുടെ സംഗമം കേന്ദ്ര ടൂറിസം വകുപ്പു സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യുന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു.



സീറോ മലബാർ സിനഡൽ കമ്മീഷൻ
ഫോർ എക്യുമെനിസത്തിന്റെ
സെക്രട്ടറിയായി നിയമിതനായ
ഫാ. തോമസ് (സിറിൽ ) തയ്യിലിനും
സീറോ മലബാർ സിനഡൽ കമ്മിറ്റി ഫോർ
എജ്യുക്കേഷൻ സെക്രട്ടറിയായി
നിയമിതനായ
പ്രൊഫ. ഡോ. റ്റി.സി. തങ്കച്ചനും
ആശംസകൾ!



# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# ഇലഞ്ഞി ഫൊറോന പള്ളി













# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# അൽഫോൻസാപുരം പള്ളി









2024
NOVEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

പ്ലാറ്റിനം ജൂബിലി നിറവിൽ

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

പാലാ രൂപത

Printed at St.Thomas Press, Palai and Published by Fr. Mani Kozhuppankutty